
# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ




ആഗസ്റ്റ് 2024

**സ്വർഗ്ഗാരോപണത്തിരുന്നാളിന്റെയും**
**സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ**

# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLVIII No.8 ആഗസ്റ്റ് 2024


സർക്കുലർ - യുവജനദിനം - 2
തടവറ ശുശ്രൂഷാ ഞായർ - 7
ജസ്റ്റീസ് സൺഡേ - 15
കച്ചേരിക്കാര്യം - 22
അനുസ്മരണം - 34
പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ - 36
അജപാലനോത്തേജനവിഭാഗം - 37
റെയിൻബോ - 2021 - 41
വിശ്വാസജീവിതപരിശീലനരംഗം - 42
ചെറുപുഷ്പ മിഷൻലീഗ് - 48
സീറോ മലബാർ യൂത്ത് മൂവ്മെന്റ് - 50
കുടുംബപ്രേഷിതത്വം - 53
പിതൃവേദി - 56
മാതൃവേദി - 58
മാർത്തോമാശ്ലീഹാ ദയാറ നല്ലതണ്ണി - 61
മേരി മാതാ മൈനർ സെമിനാരി - 62
കാത്തലിക്ക് കരിസ്മാറ്റിക് നവീകരണം - 63
മരിയൻ റിട്രീറ്റ് സെന്റർ - 67
സന്യസ്തർ - 70
കത്തോലിക്കാ കോൺഗ്രസ് - 78
തേനി മിഷൻ വാർത്തകൾ - 82
മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ - 84
ഡി.സി.എം.എസ്. - 88
ലീജിയൻ ഓഫ് മേരി - 89
ഫ്രാൻസിസ്ക്കൻ അല്മായസഭ - 90
വിൻസെൻഷ്യൻ വേദി - 91
ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി - 94
വിമല പബ്ലിക്കേഷൻസ് - 95
Special Care Homes & Charitable institution - 97
മലനാട് ഡവലപ്മെന്റ് സൊസൈറ്റി - 99
ഇൻഫാം - 100
പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി - 102
രൂപതാവാർത്തകൾ - 108
Bishop's Engagements - 116



# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

**Vol. XLVIII** **No. 8** **ആഗസ്റ്റ് 2024**

Prot. No. 0715/2024

# സർക്കുലർ

## അഞ്ചാമതു മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ സഭയുടെ അഞ്ചാമതു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയെക്കുറിച്ച് അറിയിക്കുന്നതിനാണ് ഇപ്പോൾ നിങ്ങൾക്ക് എഴുതുന്നത്. മേജർ ആർച്ചുബിഷപ്പ് അധ്യക്ഷനായുള്ള സഭ മുഴുവന്റെയും ആലോചനായോഗമാണു മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി അഥവാ സഭായോഗം. സഭയിലെ മെത്രാൻമാരുടെയും, പുരോഹിത, സമർപ്പിത, അല്മായ പ്രതിനിധികളുടെയും സംയുക്തയോഗമാണിത്.

മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭ ഒരു വലിയ കൂട്ടായ്മയാണ് എന്ന യാഥാർഥ്യമാണു സഭായോഗത്തിന്റെ അടിസ്ഥാനം. അസംബ്ലിയുടെ ദൗത്യത്തെപ്പറ്റി പൗരസ്ത്യസഭകൾക്കായുള്ള കാനൻനിയമം കൃത്യമായി പ്രതിപാദിക്കുന്നുണ്ട്. സഭയിൽ പ്രധാനപ്പെട്ട കാര്യങ്ങൾ തീരുമാനിക്കേണ്ടിവരുമ്പോൾ മേജർ ആർച്ചുബിഷപ്പിനെയും മെത്രാൻസിനഡിനെയും സഹായിക്കാൻവേണ്ടിയുള്ള ആലോചനായോഗമാണിത്. കാലോചിതമായ വിഷയങ്ങൾ ചർ

ച്ചചെയ്യുകയും സഭയുടെയും സമൂഹത്തിന്റെയും പൊതുനന്മ കണക്കിലെടുത്തു കർമപരിപാടികൾ രൂപീകരിക്കുന്നതിനു മെത്രാൻസിനഡിനെ സഹായിക്കുക്കയും ചെയ്യുക എന്നതാണ് അസംബ്ലിയുടെ ദൗത്യം.

അഞ്ചുവർഷത്തിൽ ഒരിക്കൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി വിളിച്ചുചേർക്കണമെന്നതാണു സഭാനിയമം. നമ്മുടെ സഭ 1992ൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതിനുശേഷം ആദ്യത്തെ അസംബ്ലി നടക്കുന്നത് 1998 ലാണ്. പിന്നീടു, 2004, 2010, 2016 എന്നീ വർഷങ്ങളിലും ഈ സഭായോഗം കൂടുകയുണ്ടായി. 2016നുശേഷം എട്ടു വർഷങ്ങൾ പിന്നിടുമ്പോഴാണ് 2024 ൽ അഞ്ചാമത്തെ അസംബ്ലി നടക്കുന്നത്. കോവിഡു മഹാമാരിയുടെ പശ്ചാത്തലത്തിൽ നിലനിന്നിരുന്ന അനിശ്ചിതത്വമാണ് 2021ൽ നടക്കേണ്ടിയിരുന്ന അസംബ്ലി ഇത്രയും വൈകാൻ കാരണമായത്.

പാലാ രൂപതയാണ് ഇത്തവണത്തെ അസംബ്ലിയുടെ ആതിഥേയർ. പാലായിലെ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ 2024 ആഗസ്റ്റ് 22 വ്യാഴാഴ്ച വൈകുന്നേരം ആരംഭിച്ചു 25 ഞായറാഴ്ച ഉച്ചയോടെ സമാപിക്കുന്ന രീതിയിലാണ് അസംബ്ലി ക്രമീകരിച്ചിരിക്കുന്നത്. അസംബ്ലിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ട ക്രമീകരണങ്ങൾ അസംബ്ലി കമ്മിറ്റി കൺവീനർ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെയും പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിന്റെയും നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ ചെയ്തുകൊണ്ടിരിക്കുന്നു.

മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയിൽ ആരൊക്കെയാണു പങ്കെടുക്കേണ്ടത് എന്നതു സഭാനിയമം നിശ്ചയിച്ചി

ട്ടുണ്ട്. രൂപതകളിൽനിന്നും സമർപ്പിതസമൂഹങ്ങളിൽനിന്നുമുള്ള പ്രതിനിധികളാണ് അസംബ്ലി അംഗങ്ങൾ. രൂപതകളുടെയും സമർപ്പിതസമൂഹങ്ങളുടെയും എണ്ണം വർധിച്ചുവന്നപ്പോൾ അസംബ്ലിയിൽ പങ്കെടുക്കുന്നവരുടെ എണ്ണവും ആനുപാതികമായി ഉയർന്നു. 2016 ൽ 488 പേരാണ് പങ്കെടുത്തത്. അതിന് പുറമേയായിരുന്നു കമ്മിറ്റി അംഗങ്ങളും മറ്റു ശുശ്രൂഷകരും. അസംബ്ലിയുടെ നടത്തിപ്പിന്റെ പ്രായോഗികതലങ്ങൾ പരിഗണിച്ചും എല്ലാവരുടെയും ആശയങ്ങൾ ഫലപ്രദമായി അവതരിപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി പങ്കെടുക്കേണ്ടവരുടെ എണ്ണംകുറയ്ക്കാൻ മെത്രാൻസിനഡു തീരുമാനിച്ചു. അതിൻപ്രകാരം, പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തോടെ അസംബ്ലിയിൽ പങ്കെടുക്കുന്നവരെക്കുറിച്ചുള്ള ഭേദഗതി വരുത്തിയ സഭയുടെ പ്രത്യേകനിയമം ഒരു കല്പനവഴി 2024 മാർച്ച് 25നു പ്രാബല്യത്തിൽ വരുത്തിയിരുന്നു. ഈ പുതിയ നിയമമനുസരിച്ച് 80 വയസിൽ താഴെയുള്ള മെത്രാന്മാരും വൈദിക സമർപ്പിത അല്മായ പ്രതിനിധികളുമടങ്ങിയ 360 അംഗങ്ങളാണ് ഇത്തവണ പങ്കെടുക്കുന്നത്.

അഞ്ചാമത്തെ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ പ്രമേയം, 'കാലാനുസൃതമായ സഭാജീവിതവും ദൗത്യവും സീറോമലബാർസഭയിൽ' എന്നുള്ളതാണ്. ഇതിനെ അടിസ്ഥാനപ്പെടുത്തി, വിശ്വാസരൂപീകരണത്തിന്റെ നവീകരണം, സുവിശേഷ പ്രഘോഷണത്തിലെ അല്മായപങ്കാളിത്തം, സീറോമലബാർസമുദായ ശക്തീകരണം എന്നീ മൂന്നു വിഷയങ്ങൾ അസംബ്ലിയുടെ പ്രത്യേക വിചിന്തനത്തിനു വിഷയമാകും.

പ്രിയപ്പെട്ടവരേ, പ്രാർഥനയുടെയും വിചിന്തനത്തിന്റെയും

ആത്മാവിൽ ഐക്യപ്പെട്ടു കൊണ്ടും ദൈവം സഭയ്ക്കും സഭയിലൂടെയും ചെയ്ത മഹത്തായ കാര്യങ്ങൾ പ്രഘോഷിക്കുകയും ആഘോഷിക്കുകയും ചെയ്തുകൊണ്ടും സീറോമലബാർസഭയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ വഴികാട്ടിയായി നില്ക്കേണ്ട കാഴ്ചപ്പാടുകളും ആദർശങ്ങളും രൂപീകരിക്കാനാണ് അസംബ്ലി ശ്രമിക്കുന്നത്. ഇതിൽ പങ്കെടുക്കുന്ന എല്ലാവരും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാനും പൊതുനന്മ ലക്ഷ്യമാക്കി ആശയങ്ങൾ പങ്കുവയ്ക്കാനും ദൈവമഹത്വത്തിനും സഭയുടെ വളർച്ചയ്ക്കും ഉപകരിക്കുന്ന ആശയരൂപീകരണം സാധ്യമാകുന്നതിനുംവേണ്ടി സഭ മുഴുവനും ഒരു മനസ്സോടെ പ്രാർഥിക്കണമെന്നു ഞാൻ സ്നേഹത്തോടെ അഭ്യർഥിക്കുന്നു. ഇതോടൊപ്പം നല്കുന്ന കാറോസൂസ ആഗസ്റ്റ് 4 മുതൽ എല്ലാ വിശുദ്ധ കുർബാനയിലും ചൊല്ലേണ്ടതാണ്.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കാര്യാലയത്തിൽനിന്നു 2024-ാം ആണ്ടു ജൂലൈ മാസം 24-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്**

---

1. ഈ സർക്കുലർ 2024 ആഗസ്റ്റ് 4-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

2. **ആഗസ്റ്റ് 4 മുതൽ എല്ലാ വിശുദ്ധ കുർബാനയിലും ചൊല്ലേണ്ട കാറോസൂസ:**

**ശുശ്രൂ: അഞ്ചാമതു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ളിക്കായി ഒരുങ്ങുന്ന സീറോമലബാർസഭയെയും പ്രത്യേകമായി അസംബ്ളിയിൽ പങ്കെടുക്കുന്ന എല്ലാവരെയും സമർപ്പിക്കുന്നു. 'കാലാനുസൃതമായ സഭാജീവിതവും ദൗത്യവും' എന്ന വിഷയം വിചിന്തനം ചെയ്ത്, കാലത്തിന്റെ അടയാളങ്ങൾ വിവേചിച്ചറിഞ്ഞ്, സ്നേഹത്തിൽ ഒന്നായി മുന്നോട്ടുപോകുന്ന സഭാസമൂഹമാകാൻ സഹായിക്കുന്ന കാഴ്ചപ്പാടുകൾ രൂപീകരിക്കാൻ പരിശുദ്ധാത്മാവിന്റെ പ്രത്യേക സാന്നിധ്യം നല്കി അസംബ്ലിയെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.**

**സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

No:4033/K-5/KCBC/OL/DS

# തടവറ ശുശ്രൂഷാ ഞായർ
# 11 ആഗസ്റ്റ് 2024

## തടവുകാർ നമ്മുടെ സ്നേഹിതർ

കർത്താവായ മിശിഹായിൽ പ്രിയ സഹോദരിസഹോദരന്മാരേ,

ആഗസ്റ്റ് മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് തടവറ ശുശ്രൂഷാഞായറായി ആചരിക്കപ്പെടുന്നത്. വിശുദ്ധ മാക്സ്മില്യൻ കോൾബേയുടെ (1894-1941) തിരുനാൾ ആഗസ്റ്റ് പതിനാലാം തീയതി ആഘോഷിക്കപ്പെടുന്നതിന്റെ പശ്ചാത്തലത്തിലാണിത്. വി. മാക്സ്മില്യൻ കോൾബേ തടവറയിൽ ആയിരിക്കുന്നവരുടെയും തടവറ പ്രേഷിതത്വത്തിന്റെയും മധ്യസ്ഥനാണ്. "ഇനി ഞാൻ നിങ്ങളെ ദാസന്മാർ എന്നു വിളിക്കുകയില്ല. കാരണം, യജമാനൻ ചെയ്യുന്നതെന്തെന്ന് ദാസൻ അറിയുന്നില്ല. എന്നാൽ, ഞാൻ നിങ്ങളെ സ്നേഹിതന്മാർ എന്നു വിളിച്ചു. എന്തെന്നാൽ, എന്റെ പിതാവിൽനിന്നു കേട്ടതെല്ലാം നിങ്ങളെ ഞാൻ അറിയിച്ചു" (യോഹ 15:15). തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ ഈശോ തന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ സ്നേഹിതന്മാർ എന്നാണ് വിളിച്ചത്. ആരായിരുന്നു ഈ തെരഞ്ഞെടുക്കപ്പെട്ടവർ? അവർ തികച്ചും സാധാരണക്കാരും ബലഹീനരും പ്രലോഭനങ്ങളിൽ ഇടറിവീണവരുമായിരുന്നു! പിന്നീട് തന്നെ നിഷേധിച്ചുപറയും എന്നു താൻ അറിഞ്ഞിരുന്ന പത്രോസിനെയും ഒറ്റുകാരനായിരുന്ന യൂദാസിനെയും ചുങ്കക്കാരനായ മത്തായിയെയും യേശു സ്നേഹിതൻ എന്ന് വിളിച്ചു. കുറവുകളുള്ള ആ മനുഷ്യരെയെല്ലാം ക്രിസ്തു സ്നേഹിതരെന്നു വിളിച്ചെങ്കിൽ തടവുപുള്ളികളെയും അവിടന്ന് അപ്രകാരം വിളിക്കില്ലേ? യേശുവിനെ അനുഗമിക്കുന്നവരായ നമുക്കും തടവറയുടെ മക്കൾ സ്നേഹിതരാകേണ്ടവരാണ്.

## തടവറ ശുശ്രൂഷാഞായർ

തടവറ പ്രേഷിതഞായർ ആചരിക്കുന്ന ഈ വേളയിൽ തടവുകാരെ നമുക്ക് നമ്മുടെ സ്നേഹിതരായി കണക്കാക്കുകയും അവരുടെ സമഗ്ര മാനുഷിക വളർച്ചയ്ക്കായി പ്രവർത്തിക്കുകയും ചെയ്യാം. *ഭാരതത്തിലെ തടവറപ്രേഷിത ശുശ്രൂഷ* (Prison Ministry India) ഒരു ആധ്യാത്മിക പ്രസ്ഥാനമാണ്. അത് തടവുപുള്ളികളുടെയും അവരുടെ ഇരകളുടെയും മോചനത്തിനും നവീകരണത്തിനും പുനരധിവാസത്തിനും വേണ്ടി പ്രവർത്തിച്ചുവരുന്നു. ജീസ്സസ് ഫ്രട്ടേണിറ്റി (യേശു സാഹോദര്യം) എന്നാണ് ഇത് കേരളത്തിൽ അറിയപ്പെടുന്നത്. തൊഴിൽ പദ്ധതികൾ, തടവറയിൽ ആയിരിക്കുന്നവർക്കും അവരുടെ മക്കൾക്കുംവേണ്ടിയുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തടവറയിൽ ആയിരിക്കുന്നവരുടെ മോചനത്തിനുള്ള നിയമസഹായങ്ങൾ, വിവാഹത്തിനും കുടുംബങ്ങളുടെ ദൈനംദിനകാര്യങ്ങൾക്കും വേണ്ട സഹായങ്ങൾ, ഭവനനിർമാണപദ്ധതി എന്നിവ ജീസ്സസ് ഫ്രട്ടേണിറ്റി നടത്തിവരുന്നു. ജയിൽ മോചിതരായ പുരുഷന്മാർക്കുവേണ്ടി തൃശൂർ ജില്ലയിൽ വെട്ടുകാട് എന്ന സ്ഥലത്തും സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, മൺവിളയിലും പുനരധിവാസകേന്ദ്രങ്ങൾ സ്നേഹാശ്രമം എന്ന പേരിൽ ജീസ്സസ് ഫ്രട്ടേണിറ്റി നടത്തുന്നുണ്ട്. തടവറയിൽ ആയിരിക്കുന്നവരുടെ മക്കൾക്കുവേണ്ടിയും ജീസ്സസ് ഫ്രട്ടേണിറ്റിയുടെ ഭവനങ്ങളുണ്ട്. അതീവ സുരക്ഷാസംവിധാനങ്ങളുള്ള ജയിലറകളിലെ അതിക്രൂരരായ ജയിൽപുള്ളികൾ പ്രത്യാശയുടെ സന്ദേശവാഹകരായി മാറിയ സംഭവങ്ങളുണ്ട്. യേശു സാഹോദര്യത്തിന്റെ പ്രവർത്തനം വഴിയായി, കർത്താവ് നല്ല കള്ളനു നല്കിയതുപോലെ, ഇന്നും അനേകർക്ക് വിമോചനം ലഭിക്കുന്നു. നമുക്കും ഈ മഹത്തായ ശുശ്രൂഷയിൽ ആത്മാർഥമായി പങ്കുകാരാകാം.

ദൈവം പാപിയെ സ്നേഹിക്കുന്നു; എന്നാൽ പാപത്തെ വെറുക്കുന്നു. ദൈവപുത്രൻ ഈ ലോകത്തിലേക്ക് വന്നത് എല്ലാവരെയും രക്ഷിക്കാനാണ്. ചുങ്കക്കാരനായ മത്തായിയെ യേശു വിളിച്ചു; കാരണം, ഈ പാപിക്ക് ഒരു ഭാവിദൗത്യമുണ്ടെന്ന് യേശുവിന് അറിയാമായിരുന്നു. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീക്ക് ഈശോ മാപ്പു നല്കുകയും അവളെ ആശിർവദിക്കുകയും ചെയ്തു. കാരണം, അവൾക്കും നന്മനിറഞ്ഞ ഒരു ഭാവി ഉണ്ടെന്ന് അവിടുന്ന് അറിഞ്ഞിരുന്നു. എല്ലാ വിശുദ്ധർക്കും ഒരു ഭൂതകാലവും എല്ലാ പാപികൾക്കും ഒരു ഭാവികാലവും ഉണ്ട്. ഫ്രാൻസീസ് മാർപാപ്പാ എഴുതുന്നു: "നമ്മോടു ക്ഷമിക്കുന്നതിൽ ദൈവം ഒരിക്കലും ക്ഷീണിതനാകുന്നില്ല. അവിടുത്തെ കാരുണ്യം തേടുന്നതിൽ ക്ഷീണിതരാകുന്നത് നമ്മളാണ്" (EG. 3). ദൈവം നമ്മോടു ക്ഷമിക്കുകയും നമ്മെ നവീകരിക്കുകയും പുനഃപ്രതിഷ്ഠിക്കുകയും ചെയ്യുന്നു. ജയിലറകൾ വലിയ കുറ്റവാളികളും കൊലപാതകികളും തസ്കരന്മാരും വസിക്കുന്ന ഇടമാണെങ്കിലും അവിടേയ്ക്കും ദൈവകൃപയുടെ പ്രവാഹമുണ്ട്. പാപം വർധിച്ചിടത്ത് കൃപ അതിലേറെ വർധിച്ചു' (റോമാ 5:20) എന്ന തിരുവചനചിന്ത പ്രത്യാശാഭരിതമാണ്.

### തടവറകളിലെ സ്ഥിതിവിവരകണക്ക്

2022 ഡിസംബർ 31-ാം തീയതി National Crime Record Bureau പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ കണക്കനുസരിച്ച് ഇന്ത്യയിലെ 1330 ജയിലുകളിലായി 5,73,220 തടവുകാർ ഉണ്ട്. അവയിൽ 4,34,302 പേർ വിചാരണത്തടവുകാരാണ്; അവർ ഇനിയും വിധികൂടാതെ തടവറകളിൽ പാർപ്പിക്കപ്പെട്ടവരാണ്. ഇതിൽ 23,772 പേർ സ്ത്രീകളാണ്; 1537 പേർ കുട്ടികൾകൂടെയുള്ള അമ്മമാരാണ്. 544 പേർ വധശിക്ഷ പ്രതീക്ഷിച്ച് കഴിയുന്നവരാണ്;

6283 പേർ വിദേശിയരുമാണ്. തടവുകാരിൽ ഏതാണ്ട് 10% എങ്കിലും കുറ്റം ചെയ്യാത്തവരെന്നു കരുതപ്പെടുന്നു. ആഗോള തലത്തിൽ 1.3 കോടി തടവുകാരുണ്ട്. തടവറയിലുള്ള നമ്മുടെ സഹോദരരെ സന്ദർശിച്ച് അവർക്ക് ആത്മീയവും ഭൗതികവുമായ സഹായം ചെയ്തുകൊടുക്കുക എന്നത് ക്രിസ്തീയ ആദ്ധ്യാത്മിക തയുടെ ഭാഗമാണ്. എന്തെന്നാൽ ഈശോ പറഞ്ഞു, "ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്റെയടുത്തുവന്നു" (മത്താ 25:36).

**തടവറയ്ക്കുള്ളിലെ ഈശോയുടെ സ്നേഹിതർ**

അഴികൾക്കുള്ളിൽ കഴിയുന്ന നമ്മുടെ എല്ലാ സഹോദര ങ്ങളും വലിയ ഭീതിയിലും ആശങ്കയിലുമാണ് ജീവിക്കുന്നത്. നാളെ എന്ത് സംഭവിക്കും എന്ന ചിന്ത അവരുടെ ഉള്ളിലെ ശക്തി മുഴുവനും ചോർത്തിക്കളയുന്നു. നമ്മൾ അവരെ സന്ദർശിക്കു മ്പോഴെല്ലാം അവർ അഭ്യർഥിക്കുന്നത്, തങ്ങൾക്കും തങ്ങളുടെ കുടുംബങ്ങൾക്കുംവേണ്ടി പ്രാർഥിക്കണമേയെന്നാണ്. "നാളെ എന്റെ കേസിന്റെ വിചാരണയാണ്", "ജാമ്യാപേക്ഷ പരിഗണി ക്കാനിരിക്കുകയാണ്", "എന്റെ മകളുടെ വിവാഹമാണ്" എന്നി ങ്ങനെ പോകുന്നു അവരുടെ നിയോഗങ്ങൾ. വേദനയുടെയും കണ്ണീരിന്റെയും ആത്മസംഘർഷത്തിന്റെയും സഹനത്തിന്റെയും ഇടമാണ് തടവറ. ഒരു ദിവസം അവരുടെ കണ്ണുനീർ കൃപയുടെ നീർച്ചാലായിമാറാൻ സാധ്യതയുണ്ട്. ഫരിസേയന്റെ ഭവനത്തി ലേക്ക് കടന്നുവന്ന സ്ത്രീ മറ്റു മനുഷ്യരുടെ കണ്ണുകളിൽ ഒരു പാപിനിയായിരുന്നു; എന്നാൽ ദൈവപുത്രിയായി പരിണമിച്ചു കൊണ്ടിരുന്നവളെയാണ് യേശു അവളിൽ കണ്ടത്. അവൾ യേശുവിന്റെ സ്നേഹിതയായി മാറുകയായിരുന്നു. അതുപോലെ തന്നെയാണ് തടവറയിലുള്ള നമ്മുടെ സഹോദരരും.

**പ്രേഷിത മാർഗങ്ങൾ**

പ്രിയപ്പെട്ടവരേ, തടവറയിൽ കഴിയുന്നവരെ നമുക്ക് മൂന്ന് രീതിയിൽ സഹായിക്കാനാകും. 1. പ്രാർത്ഥനയിലൂടെ: ജയിലിലായിരിക്കുന്നവരുടെ നവീകരണത്തിനും പുനരധിവാസത്തിനുംവേണ്ടി നമുക്ക് ത്യാഗമനുഷ്ഠിച്ച് പ്രാർഥിക്കാം. 2. സന്നദ്ധസേവനത്തിലൂടെ: മുറിവേറ്റവരും തിരസ്കരിക്കപ്പെട്ടവരും നഷ്ടപ്പെട്ടവരുമായവരെ ജീസസ്സ് ഫ്രട്ടേണിറ്റിയോട് ചേർന്നു ശുശ്രൂഷിക്കാനുള്ള നിങ്ങളുടെ താത്പര്യം വിളിക്കുള്ളിലെ ഒരു വിളിയാണ് (a call within a call). ഒരു സാധാരണക്കാരനുപോലും അഴികൾക്കു പിന്നിലുള്ള സഹോദരങ്ങൾക്കുവേണ്ടി ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോടെ ചെയ്യാനാകും. 3. സാമ്പത്തിക സഹായത്തിലൂടെ: തടവറയിലായിരിക്കുന്നവരുടെ നവീകരണത്തിനും പുനരധിവാസത്തിനും വേണ്ടിയുള്ള സാമ്പത്തിക സഹായം ഏറെ പ്രശംസാർഹമാണ്. തടവറ ശുശ്രൂഷയുടെ ഒരടിസ്ഥാനതത്ത്വം അപരനുവേണ്ടിയുള്ള യാചനയാണ്. ഇത് ഒരനുഗ്രഹമായാണ് നമ്മൾ കരുതുന്നത്. കാരണം, നാം യാചിക്കുന്നത് മറ്റുള്ളവർക്കുവേണ്ടിയാണ്; നിസ്സഹായരായ തടവറമക്കൾക്ക് മെച്ചപ്പെട്ട ഭാവി ഉണ്ടാവുക എന്ന ലക്ഷ്യത്തോടെയാണ് നാം സുമനസ്സുകളുടെ സഹായം തേടുന്നത്. അവരുടെ ജീവിതത്തിന് മാഹാത്മ്യം ലഭിക്കാനുതകുന്ന ഈ വിനീതശ്രമങ്ങൾ ഏറെ ശ്ലാഘനീയമാണ്.

ഉദാരമായ സംഭാവനകൾ നൽകി സഹായിക്കുന്ന എല്ലാ രൂപതകളോടും സന്യാസസമൂഹങ്ങളോടും വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഗുണകാംക്ഷികളോടും ഞങ്ങൾ ഹൃദയപൂർവം നന്ദി പറയുന്നു. നഷ്ടപ്പെട്ടവരെ തേടിവന്ന മിശിഹാ നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കും. ജീസസ്സ് ഫ്രട്ടേണിറ്റി

യിലെ സന്നദ്ധസേവകരുടെ അകമഴിഞ്ഞ അധ്വാനത്തെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു. നമ്മുടെ മാതാവായ കന്യകമറിയവും പ്രത്യേക മധ്യസ്ഥനായ വിശുദ്ധ മാക്സ്മില്യൻ കോൾബേയും നമുക്കായി പ്രാർത്ഥിക്കുകയും നമ്മുടെ ശുശ്രൂഷകൾക്ക് ശക്തി പകരുകയും ചെയ്യട്ടെ.

കർത്താവായ ക്രിസ്തുവിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജോസ് പുളിക്കൽ**
(ചെയർപേഴ്സൺ, പ്രിസൺ മിനിസ്ട്രി, ഇന്ത്യ
ചെയർമാൻ, കെസിബിസി ജസ്റ്റിസ്,
പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്,
പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് ജെ. നെറ്റോ**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്,
പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

പി.ഒ.സി.
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
കൊച്ചി: 682 025

---

N:B: 2024 ആഗസ്റ്റ് 11-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

# വിശ്വാസികളുടെ പ്രാർഥന

**കാർമികൻ**: പ്രിയ സഹോദരീസഹോദരന്മാരേ, ഈശോ പാപികളോടും ദരിദ്രരോടും വലിയ അനുകമ്പയാണ് കാണിച്ചത്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് മറ്റുള്ളവരോട് അനുകമ്പ കാണിക്കാൻ നമ്മെ പ്രാപ്തരാക്കണമെന്ന് നമുക്കിപ്പോൾ കർത്താവിനോട് പ്രാർത്ഥിക്കാം.

**പ്രത്യുത്തരം: കർത്താവേ ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.**

ആഗോളസഭയ്ക്കുവേണ്ടി നമുക്ക് പ്രാർഥിക്കാം. തടവറകളിൽ കഴിയുന്നവരിൽ കർത്താവിന്റെ ഛായയും സാദൃശ്യവും വീണ്ടെടുക്കാൻ തക്കവണ്ണം അവിടത്തെ സ്നേഹത്തിന്റെ ഉപകരണങ്ങളാക്കി മാർപാപ്പായെയും മെത്രാന്മാരെയും വൈദികരെയും സന്യസ്തരെയും മാറ്റണമെന്ന് നമുക്ക് കർത്താവിനോട് പ്രാർഥിക്കാം.

കർത്താവേ, നിഷ്കളങ്കനായ തടുവകാരൻ എന്ന നിലയിൽ അങ്ങ് തടവുകാരുടെ അവസ്ഥ അനുഭവിച്ചുവല്ലോ. തടവറയിൽ ആയിരിക്കുന്ന, മാനസികവും ശാരീരികവുമായ അസ്വസ്ഥതകൾ അനുഭവിക്കുന്ന സഹോദരീസഹോദരന്മാരെ അങ്ങയുടെ മുമ്പിൽ ഞങ്ങൾ കൊണ്ടുവരുന്നു. അവരുടെമേലും അവരുടെ കുടുംബങ്ങളുടെമേലും അങ്ങയുടെ കൃപാകടാക്ഷം ചൊരിയണമേ. ജയിൽ അധികൃതർ ദയയോടും ശാന്തതയോടും സ്നേഹത്തോടുംകൂടി അന്തേവാസികളോടു പെരുമാറാൻ അവരെ അനുഗ്രഹിക്കണമേ.

തങ്ങളുടെ സമയവും കഴിവുകളും എളിയവരും നഷ്ടപ്പെട്ടവരുമായവർക്കുവേണ്ടി ചെലവഴിക്കുന്ന *ഭാരത തടവറ ശുശ്രൂഷ*യുടെ സന്നദ്ധസേവകരുടെമേൽ അങ്ങയുടെ അനുഗ്രഹങ്ങൾ ചൊരിയണമേ. നല്ല ഇടയനായ യേശുവേ

അങ്ങയുടെ നിയന്ത്രണവും സംരക്ഷണവും എപ്പോഴും അവരോടുകൂടെ ഉണ്ടാകണമേ.

തെറ്റായി കുറ്റമാരോപിക്കപ്പെടുകയും അങ്ങനെ തടവറയിൽ വസിക്കുകയും ചെയ്യുന്ന സഹോദരർക്കുവേണ്ടി ഞങ്ങൾ പ്രാർഥിക്കുന്നു. അവർ തീവ്ര ദുഃഖത്തിലും കൈയ്പ്പുനിറഞ്ഞ അനുഭവത്തിലും ആണെന്ന് അങ്ങ് അറിയുന്നല്ലോ. കരുണാവാരിധിയായ ദൈവമേ, അവരുടെ സഹനങ്ങൾ ദൈവകൃപയിൽ ആശ്രയിച്ച് സ്വീകരിക്കാനും എത്രയും വേഗം അവർ മോചിതരാകുവാനുമുള്ള വഴി തുറന്നുകിട്ടുവാൻ ഇടയാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**കാർമികൻ:** സ്നേഹപിതാവേ, അങ്ങയുടെപക്കൽ അങ്ങയുടെ മക്കൾ അണയുമ്പോൾ അങ്ങ് അതീവ സന്തുഷ്ടനാണല്ലോ. അങ്ങയുടെ മുറിവുണക്കുന്ന കരംനീട്ടി തടവറകൾക്കുള്ളിലെ സഹോദരരെ സ്പർശിച്ച് അവർ ഒരു നവജീവിതം നയിക്കാൻ ഇടവരുത്തണമേ. കർത്താവായ ക്രിസ്തുവഴി ഈ പ്രാർഥന കേട്ടരുളേണമേ. ആമേൻ.

No: 4034/K-5/KCBC/OL/DS

# ജസ്റ്റിസ് സൺഡേ (നീതിഞായർ)
# 2024 ആഗസ്റ്റ് 18

# കെ.സി.ബി.സി. എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ ഏറ്റവും പ്രിയ ബഹു. വൈദികരേ,
പ്രിയ സിസ്റ്റേഴ്സ്, സഹോദരീ സഹോദരന്മാരേ,

ഭാരതം സ്വതന്ത്രയായിട്ട് 77 വർഷം തികയുകയാണ്. മതേതര ജനാധിപത്യ രാജ്യം ആയ നമ്മുടെ ഭാരതത്തിൽ ജാതിയുടെയും മതത്തിന്റെയും പേരിൽ വിവേചനം അനുഭവിക്കുന്ന ക്രിസ്തുമത വിശ്വാസികളായ ദളിത് ക്രൈസ്തവരുടെ അവസ്ഥ മുൻകാലങ്ങളേക്കാൾ വളരെ ദയനീയമാണ്.

ജാതിയുടെയോ മതത്തിന്റെയോ പേരിൽ ഒരു പൗരന്റെയും അവകാശങ്ങൾ നിഷേധിക്കാൻ പാടില്ല എന്ന് ഭരണഘടന ആർട്ടിക്കിൾ 25 വ്യക്തമാക്കുമ്പോൾ കഴിഞ്ഞ 76 വർഷമായി സ്വന്തം രാജ്യത്ത് ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെട്ട് കഴിയുന്നവരാണ് നമ്മുടെ സഹോദരന്മാരായ ദളിത് ക്രൈസ്തവർ. ക്രിസ്തുമതം സ്വീകരിച്ചു എന്ന ഒറ്റ കാരണത്താലാണ് പട്ടികജാതി സംവരണം നിഷേധിക്കപ്പെട്ടത്.

1950 ആഗസ്റ്റ് 10 ന് ഇന്ത്യൻ പ്രസിഡണ്ട് ഇറക്കിയ പ്രത്യേക ഉത്തരവിന്റെ മൂന്നാം ഖണ്ഡികയിലാണ് ഈ അവകാശനിഷേധം. ഹിന്ദുമത വിശ്വാസികളായ ദളിതർക്കു മാത്രമായി പട്ടികജാതി സംവരണം പരിമിതപ്പെടുത്തി. എന്നാൽ 1956ൽ സിക്ക് വിശ്വാസികളെയും 1990ൽ ബുദ്ധമത വിശ്വാസികളായ ദളിതരെയും

ഈ പട്ടികയിൽ ഉൾപ്പെടുത്തി. കേന്ദ്ര സംസ്ഥാന സർക്കാരുകൾ പിന്നാക്ക വിഭാഗങ്ങളെ കുറിച്ച് പഠിക്കുവാൻ നിയോഗിച്ച കമ്മീഷനുകൾ എല്ലാം പട്ടികജാതിക്കാരെ പോലെ ക്രിസ്തുമതം സ്വീകരിച്ച ദളിതരും പിന്നാക്കമാണ് എന്നും അവരെയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയായി ഈ ആവശ്യം അംഗീകരിച്ചു തന്നിട്ടില്ല. ഇതിലൂടെ ഭരണ പങ്കാളിത്തവും ഉദ്യോഗ, വിദ്യാഭ്യാസ പ്രവേശനവും വിദ്യാഭ്യാസ ആനുകൂല്യവും, നിയമനങ്ങളും ലഭിക്കുന്നില്ല.

ഈ അനീതിക്കെതിരെയാണ് 1986ൽ ഗോവയിൽ കൂടിയ ഭാരത കത്തോലിക്കാ മെത്രാൻ സമിതി [CBCI] ആഗസ്റ്റ് 15 കഴിഞ്ഞ് വരുന്ന ഞായറാഴ്ച നീതി ഞായർ ആയി (ജസ്റ്റിസ് സൺഡേ) ആചരിക്കുവാൻ ആഹ്വാനം ചെയ്തത്.

ഭാരതത്തിലെ കത്തോലിക്ക സഭയിൽ രണ്ട് കോടി ജനങ്ങളിൽ ഒന്നരക്കോടി ജനങ്ങളും ദളിത് വിഭാഗത്തിൽ നിന്നും കത്തോലിക്ക വിശ്വാസം സ്വീകരിച്ചവരാണ്.

ഇവർ അനുഭവിക്കുന്ന ഈ നീതി നിഷേധം ക്രൈസ്തവ വിശ്വാസം സ്വീകരിച്ചതുകൊണ്ടു മാത്രമാണ്. അവരുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുവാൻ അവരോടൊപ്പം പങ്കുചേരുവാനും ഐക്യദാർഢ്യം പ്രകടിപ്പിക്കുവാനും നീതി നിഷേധത്തിനെതിരെ അവർക്കൊപ്പം നിൽക്കുവാനുമാണ് നീതി ഞായർ ആചരിക്കുന്ന തിന്റെ ലക്ഷ്യം. നമ്മളോടൊപ്പം ആയിരിക്കുന്ന ഈ സഹോദരന്മാരെ കൈപിടിച്ചുയർത്തേണ്ടതും വളർത്തേണ്ടതും നമ്മുടെ കടമയും കർത്തവ്യവുമാണ്. സ്വന്തമായി കിടപ്പാടം ഇല്ലാത്തവരും വാടക വീടുകളിൽ കഴിയുന്നവരും സ്വന്തമായി ഭവനം ഇല്ലാത്ത അംഗങ്ങളും ഈ സമൂഹത്തിൽ നിരവധിയാണ്. ഒരു ഭവനത്തിൽ തന്നെ കൂട്ടുകു

ടുംബമായി കഴിയുന്നവരുമുണ്ട്. അതുപോലെതന്നെ സ്ഥിരമായ തൊഴിലുകൾ ഇല്ലാത്ത അവസ്ഥ ഈ സമൂഹത്തെ കൂടുതൽ ദുരിതത്തിന് കാരണമായിട്ടുണ്ട്.

കേന്ദ്രസർക്കാർ പട്ടികജാതി സംവരണം നിഷേധിക്കുമ്പോൾ സംസ്ഥാന സർക്കാരുകളും വിവിധ ഉത്തരവുകളിലൂടെ ദളിത് ക്രൈസ്തവരെ പീഡിപ്പിച്ചു കൊണ്ടിരിക്കുന്നു. 1959 മുതൽ ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഒന്നൊന്നായി നിഷേധിച്ചു കൊണ്ടിരിക്കുന്നു. കമ്മ്യൂണിറ്റി ക്വോട്ടയിലെ പ്രവേശനം ലഭിക്കുകയില്ല എന്നുമാത്രമല്ല ഫീസ് കൊടുത്തു പഠിക്കുകയും ചെയ്യേണ്ട സാഹചര്യം ആണ്. സംസ്ഥാന സർക്കാരിൽ നിന്നും 1% സംവരണം ആണ് ദളിത് ക്രൈസ്തവർക്ക് ലഭിക്കുക. അതിൽ തന്നെ എസ്.ഐ.യു.സി (സൗത്ത് ഇന്ത്യൻ യുണൈറ്റഡ് ക്രിസ്ത്യൻ) വിഭാഗത്തെ കൂടെ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിനും ഇത് തന്നെയാണ് അവസ്ഥ.

കേരള പബ്ലിക് സർവീസ് കമ്മീഷൻ (PSC) മുഖേന നടത്തുന്ന തൊഴിലവസരങ്ങളിൽ ക്ലാസ് Iൽ ഒരു ശതമാനവും (റൊട്ടേഷൻ ലിസ്റ്റിൽ 48) ക്ലാസ് IVൽ രണ്ട് ശതമാനവും (റൊട്ടേഷൻ ലിസ്റ്റിൽ 48 ഉം 62 ഉം) ആണ് ലഭിക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന നാമമാത്രമായ തൊഴിലവസരങ്ങൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ക്ലാസ് IVൽ 2290 ഒഴിവുകളും ക്ലാസ്സ് Iൽ 872 ഒഴിവുകളും നികത്തപ്പെടുവാനുണ്ട് എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്.

സഭാ നവീകരണത്തിന്റെ ഭാഗമായി ഈ സമൂഹത്തെ ഉയർത്തുവാനും സ്ഥലമില്ലാത്തവർക്ക് സ്ഥലവും കിടപ്പാടം ഇല്ലാത്തവർക്ക് കിടപ്പാടവും കൂട്ടുകുടുംബവുമായി താമസിക്കുന്ന ഭവനങ്ങളിലെ അംഗങ്ങൾക്ക് ഭവനവും, തൊഴിൽ ഒഴിവുകളും

വരുമ്പോൾ അവർക്ക് പ്രത്യേകമായ പരിഗണനയും നൽകി അവരെ ഉയർത്തിക്കൊണ്ടുവരുവാൻ കേരള കത്തോലിക്കാസഭ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുമാണ്.

മതം മാറിയതുകൊണ്ടു മാത്രം ഒരു വ്യക്തിയുടെയോ സമുദായത്തിന്റെയോ സാമൂഹികാവസ്ഥ മാറുന്നില്ല. ക്രിസ്തുമതം സ്വീകരിച്ച ദലിത് സഹോദരങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന സാമൂഹിക സാഹചര്യങ്ങൾ ഇതര പട്ടികജാതിക്കാരുടേതിൽനിന്നു വിഭിന്നമല്ല. ഭാരതമൊട്ടുക്ക് ദലിത് പീഡനങ്ങളും വിവേചനപരമായ നടപടികളും തുടർക്കഥയായിരിക്കുമ്പോൾ ദലിത് ക്രൈസ്തവർക്ക് ഇരട്ട പ്രഹരമാണ് ഏൽക്കേണ്ടിവരുന്നത്. ഭരണഘടനയനുസരിച്ചുള്ള സംവരണമില്ല. നിയമ സംവിധാനങ്ങളുടെ പരിരക്ഷയുമില്ല. കേരളത്തിൽ പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴി ലഭിക്കുന്ന സഹായങ്ങൾ പോലും നിഷേധിക്കപ്പെടുന്നു. ഈ സാഹചര്യങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുകയും കൂട്ടായ പരിശ്രമം ആവശ്യവുമാണ്.

ദളിത് സഹോദരങ്ങൾക്ക് സഭയ്ക്കുള്ളിൽ അവസരസമത്വവും പ്രത്യേക പരിഗണനയും ആവശ്യമാണ്. 2020 ജൂലൈ 20ന് റോമിൽ നിന്ന് കോൺഗ്രിഗേഷൻ ഫോർ ക്ലർജി പുറപ്പെടുവിച്ച രേഖ (നമ്പർ 32) നിഷ്കർഷിക്കുന്നത് 'ദരിദ്രരും ഒഴിവാക്കപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരും ആയവർക്ക് സഭയുടെ ഹൃദയത്തിൽ സവിശേഷമായ ഒരു സ്ഥാനം ഉണ്ടായിരിക്കണം' എന്നാണ്. ഭാരതത്തിലെ സഭാ സംവിധാനങ്ങളിലുള്ള സ്ഥാനങ്ങൾ, നിയമനങ്ങളിലുള്ള പരിഗണന, സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലുള്ള പങ്കാളിത്തം തുടങ്ങി എല്ലാ മേഖലകളിലും സഭ ദലിത് ക്രൈസ്തവരെ പ്രത്യേകം പരിഗണിച്ച് അവരെ സഹായിക്കുന്നതിന് ഓരോ ഇടവകയും ശ്രദ്ധിക്കണം.

ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് (OEC) പ്ലസ്സ് വൺ മുതലുള്ള ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിന് യാതൊരു സംവരണവും ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല. കമ്മ്യൂണിറ്റി ക്വോട്ടയിലും മാനേജ്മെന്റ് ക്വോട്ടയിലും അഡ്മിഷൻ കിട്ടി എയ്ഡഡ് സ്ഥാപനങ്ങളിലും സ്വാശ്രയ സ്ഥാപനങ്ങളിലും പഠിക്കുന്ന ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സ്റ്റൈഫന്റും ലംപ്സം ഗ്രാന്റും കൊടുക്കാൻ പാടില്ല എന്ന ഉത്തരവ് 2023 മാർച്ച് 23ന് കേരള സർക്കാർ ഇറക്കിയിരുന്നു. കേന്ദ്ര ഗവൺമെന്റ് ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന പ്രീമെട്രിക്, പോസ്റ്റുമെട്രിക് സ്കോളർ ഷിപ്പുകൾ 2011ലെ ഓർഡർ പ്രകാരം ലത്തീൻ കത്തോലിക്കർക്കും പരിവർത്തിത ക്രൈസ്തവർക്കും കൊടുക്കുവാനുള്ള നിർദ്ദേശം ഉണ്ടെങ്കിലും കഴിഞ്ഞ പത്തുവർഷമായി ഒഇസി വിഭാഗത്തിൽപ്പെട്ട ദലിത് ക്രൈസ്തവ കുട്ടികൾക്ക് (പരിവർത്തിത ക്രൈസ്തവ), സർക്കാരിൽ നിന്നും സ്റ്റൈഫന്റ്, ലംപ്സം ഗ്രാന്റ് ലഭിക്കുന്നു എന്ന കാരണത്താൽ ന്യൂനപക്ഷ സ്കോളർഷിപ്പ് ഇതുവരെയും ലഭിച്ചിട്ടില്ല. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാര പങ്കാളിത്തത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന മറ്റൊരു ജനവിഭാഗം ഭാരതത്തിലില്ല. നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവുമുള്ള ഒരു രാജ്യത്തിനായി ആശിക്കാം. അതാകട്ടെ നമ്മുടെ ലക്ഷ്യം.

ദളിത് ക്രൈസ്തവരോടുള്ള ഗവൺമെന്റിന്റെ അനീതിപരമായ നടപടികൾക്കെതിരേ ശക്തമായി പ്രതികരിക്കാൻ ക്രൈസ്തവസഭാ സമൂഹം മുഴുവനും മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസ ത്തിനും തൊഴിലിനും രാഷ്ട്രീയ അധികാര പങ്കാളിത്തത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന

തിനെതിരേ പ്രതികരിക്കുവാൻ ദളിത് ക്രൈസ്തവരെ ഇന്ത്യൻ പ്രസിഡന്റിന്റെ പ്രത്യേക ഉത്തരവിലൂടെ പട്ടിക ജാതി ലിസ്റ്റിൽ നിന്നും പുറത്താക്കിയ 'ആഗസ്റ്റ് 10 വഞ്ചനാദിന'മായും CBCIയുടെ ആഹ്വാന പ്രകാരം 'ആഗസ്റ്റ് 18 ജസ്റ്റീസ് സൺഡേ' (ഐക്യദാർഢ്യ ദിനമായും) ആചരിക്കാം.

കേരള കത്തോലിക്കാസഭയുടെ ദലിത് ശാക്തീകരണ പ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത് ദലിത് കത്തോലിക്കാ മഹാജനസഭ (DCMS) വഴിയാണ്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് ഏവരുടെയും സഹായ സഹകരണങ്ങൾ ആവശ്യമാണ്. കഴിഞ്ഞ അധ്യയനവർഷം (2022-2023) എസ്.എസ്.എൽ.സി., (80%), പ്ലസ് ടു (70%), ഡിഗ്രി/ പിജി (60%) തുടങ്ങിയ പരീക്ഷകളിൽ പ്രശസ്ത വിജയ കൈവരിച്ചവർക്കുള്ള കാഷ് അവാർഡ് നൽകി. കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷന്റെ നേതൃത്വത്തിൽ ദലിത് കത്തോലിക്കാ കുട്ടികൾക്കുവേണ്ടിയുള്ള ടാലന്റ് & സ്കിൽ ഡവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം (TSDTP), SSLC കഴിഞ്ഞവർക്കുള്ള എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ ആരംഭിച്ചു കഴിഞ്ഞു. കലാപരമായ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിനുള്ള പരിശീലനം, (സിംഫണി ആർട്സ്) എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി ക്ലാസ് കഴിഞ്ഞവർക്കുള്ള പി.എസ്.സി. കോച്ചിംഗ് ക്ലാസുകൾ എന്നിവ ഉടനെ ആരംഭിക്കുന്നതാണ്. ദലിത് കത്തോലിക്കാ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ജസ്റ്റിസ് സൺഡേയോടനുബന്ധിച്ച് ഇടവകദിനത്തിൽ നടത്താറുള്ള സ്തോത്ര കാഴ്ച ഇടവകകളിൽനിന്നും ശേഖരിച്ച് രൂപതാ കേന്ദ്രങ്ങൾ വഴി കെ.സി.ബി.സി, എസ്.സി./ എസ്.റ്റി./ബി.സി. കമ്മീഷന് അയച്ചു തരേണ്ടതാണ്. ജസ്റ്റിസ്

സൺഡേദിനത്തിൽ ഇടവകതലത്തിൽ വിവിധ സംഘടനാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചാക്ലാസുകളും സമ്മേളനവും നടത്തി ജസ്റ്റിസ് സൺഡേ ആചരണം അർത്ഥവത്താക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ്പ് ഗീവർഗീസ് മാർ അപ്രേം**
(ചെയർമാൻ, KCBC SC/ST/BC COMMISSION)

**റൈറ്റ് റവ. ഡോ. വിൻസന്റ് സാമുവൽ**
(വൈസ് ചെയർമാൻ, KCBC SC /ST /BC COMMISSION)

**മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**
(വൈസ് ചെയർമാൻ, KCBC SC/ ST/ BC COMMISSION)

പി.ഒ.സി.
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
കൊച്ചി: 682 025

---

N.B: 2024 ആഗസ്റ്റ് 18-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

# കച്ചേരിക്കാര്യം

**1. പതിനഞ്ചുനോമ്പും സ്വർഗ്ഗാരോപണത്തിരുനാളും**

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാളിന്റെ ഒരുക്കമായി 15 നോമ്പ് സവിശേഷമാംവിധം അനുഷ്ഠിക്കുവാൻ രൂപതാംഗങ്ങൾ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

**2. നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം - ആഗസ്റ്റ് 6**

നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണത്തിരുനാൾ ആഗസ്റ്റ് 6 ചൊവ്വാഴ്ച ആചരിക്കേണ്ടതാണ്.

**3. ജീസസ് ഫ്രട്ടേണിറ്റി ഞായർ - ആഗസ്റ്റ് 11**

കെ.സി.ബി.സി.യുടെ നിർദ്ദേശപ്രകാരം തടവറ പ്രേഷിത ഞായറായി ആഗസ്റ്റ് 11-ാം തീയതി ആചരിക്കേണ്ടതാണ്. അന്നത്തെ വി. കുർബാനമദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച തടവറപ്രേഷിത പ്രവർത്തനത്തിനുവേണ്ടി ആഗസ്റ്റ് 31-ാം തീയതിക്കകം രൂപതാ പ്രൊക്യുറേറ്ററെ ഏൽപ്പിക്കേണ്ടതാണ്.

**4. ജസ്റ്റീസ് സൺഡേ - ആഗസ്റ്റ് 18**

ആഗസ്റ്റ് 18 ജസ്റ്റീസ് സൺഡേ ആയി ആചരിക്കുന്നു. അന്നു വി. കുർബാനമദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച കെ.സി.ബി.സി., എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷന്റെ പേരിൽ അയച്ചുകൊടുക്കുന്നതിനായി ആഗസ്റ്റ് 31-ാം തീയതിക്കകം രൂപതാ പ്രൊക്യുറേറ്ററെ ഏൽപ്പിക്കേണ്ടതാണ്.

**5. മാസധ്യാനവും വൈദിക സമ്മേളനവും**

ലോറേഞ്ചിലെ വൈദികരുടെ മാസധ്യാനവും വൈദിക സമ്മേളനവും 2024 ആഗസ്റ്റ് മാസം 13-ാം തീയതി ചൊവ്വാഴ്ച രാവിലെ

10 മണിക്ക് കാഞ്ഞിരപ്പള്ളി കത്തീഡ്രൽ പള്ളിയിൽ വച്ചും ഹൈറേഞ്ചിലെ വൈദികരുടെ മാസധ്യാനവും വൈദിക സമ്മേളനവും 2024 ആഗസ്റ്റ് മാസം 13-ാം തീയതി വൈകിട്ട് 5 മണിക്ക് അണക്കര PAC യിൽ വച്ചും നടത്തുന്നതാണ്. എല്ലാ വൈദികരും മാസധ്യാനത്തിലും വൈദികസമ്മേളനത്തിലും പങ്കെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**6. വൈദികരുടെ വാർഷികധ്യാനം**

ബഹുമാനപ്പെട്ട വൈദികന്മാരുടെ വാർഷികധ്യാനം ഈ വർഷം രണ്ടു ബാച്ചുകളിലായിട്ടാണ് നടത്തുന്നത്. അച്ചന്മാരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നു. ലിസ്റ്റിൽ മാറ്റം ആവശ്യമുള്ളവർ കൂരിയാ ഓഫീസിൽ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

എന്തെങ്കിലും കാരണത്താൽ വാർഷികധ്യാനത്തിൽ പങ്കെടുക്കുവാൻ സാധിക്കാത്ത വൈദികന്മാർ രേഖാമൂലം കാരണം അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിനെ അറിയിക്കേണ്ടതും പിന്നീട് വാർഷികധ്യാനത്തിൽ പങ്കെടുത്തത് സംബന്ധിച്ച വിവരം രൂപതാക്കച്ചേരിക്കു നൽകേണ്ടതുമാണ്.

## List of Participants of the Annual Retreat
## 1st Batch - 2024 Sept. 22-27
## Mary Matha Minor Seminary, Podimattam
## Retreat Preacher: Fr. Jilson Kakkattuthadathil VC

1. Alappattukunnel Joseph
2. Alunkel George
3. Arackaparambil Joby (JK)
4. Arackaparampil Joseph (Jr.)
5. Arackaparampil Mathew
6. Ayalooparampil Dominic
7. Chathanattu Jacob (Jr.)
8. Chavarapuzha James
9. Cheeramkunnel Thomas
10. Chenappurackal Thomas
11. Cherusseril Sebastian
12. Chintharmaniyil Thomas
13. Edathinakam Jose
14. Eruppakkattu Joseph
15. Eruvelikunnel Martin CST
16. Kaippenplackal Jacob
17. Kakkallil Varghese

18. Kallumadickal Francis
19. Kandathil Thomas
20. Kanjirakattu Thomas
21. Kannalil Thomas
22. Kannamkulam Geo CMI
23. Kariplackal Sebastian
24. Kidangathazhe Sebastian
25. Kilirooparampil Thomas
26. Kizhakkayil Michael
27. Kochuveettil Abraham
28. Kochuveettil Joseph
29. Kollamkunnel Sebastian Jose
30. Kollamparampil James
31. Kollamparampil Joseph
32. Kondooparampil Mathews
33. Koottiyaniyil Zacharias MTSD
34. Kottoor Antony
35. Kumbukattu Sebastian
36. Kunnappally Mathew
37. Kunnathottel Joby O.Carm
38. Kunnathupurayidom Thomas
39. Madappallil Sebastian
40. Mailadiyil Joseph
41. Mandapathil George
42. Maniampra Varghese
43. Maniangattu Antony
44. Manimalakunnel Philip
45. Manjakuzhakunnel Varghese
46. Mankamthanam Emmanuel (Jr.)
47. Mannamplackal Sebastian
48. Mannampurathu Jacob MCBS
49. Mannarathu Stephen OSB
50. Manniparampil Dominic
51. Marangattu Varghese
52. Marutholil Joseph
53. Mattamundayil Thomas
54. Mattathil Scaria
55. Mestriparampil Peter
56. Moonjely Koriakose MCBS
57. Muthanattu James
58. Narithookkil Kurian
59. Nattunilathu Thomas MST
60. Nedumthakadiyil Jacob
61. Nirappel Mathew
62. Nirappel Thomas
63. Olickal Mathew
64. Paikkara Kuruvila
65. Palackal Mathew
66. Palackal Thomas
67. Pannalakunnel Joseph
68. Parapallil Jose Mathew
69. Parinthirickal Thomas
70. Parinthirickal Varghese
71. Pattrakalayil Thomas
72. Payattukandathil Jilu MSFS
73. Pazhayaparampil Abraham
74. Pazheparampil Augustine
75. Peedikayil Jacob

76. Pezhumkattil Andrews
77. Ponganthanathu Joseph
78. Poochalil Mathew
79. Pottukulam Varghese
80. Pulickakunnel Sebastian
81. Pulikunnel Cherian VC
82. Pullanthanal George
83. Pullolickal Stanislaus
84. Puthenpurackal Antony
85. Puthumana Mathew
86. Puthupparampil Varghese
87. Puttananickal Jacob
88. Thamarassery Kurian
89. Tharappel Jose
90. Thattamparampil Jose
91. Thayyil Thomas CMF
92. Thekkekuttu Antony
93. Thekkemuriyil Augustine
94. Thekkevayalil Joseph
95. Theruvankunnel George
96. Thockanattu Antony
97. Thottupuram Scaria
98. Vadakkedathu Kuriakose
99. Vadakkel Mathew
100. Valanmanal Thomas
101. Valiaparampil Thomas
102. Valliparampil Mathew
103. Valumannel Francis
104. Vaniyapurackal Mathew
105. Vaniyapurackal Mathew (Jr.)
106. Vathallookunnel Antony
107. Vattayathil Philip
108. Vayalumkal Reji Mathew
109. Vazhappanady Joseph
110. Vazhappanady Mathew
111. Vazhayil Kurian
112. Vechookkarottu Sebastian
113. Velliyamkulam Martin
114. Venmanthara James
115. Vettuvayalili John

## List of Participants of the Annual Retreat
## 2nd Batch - 2024 Sept. 29- Oct. 4
## Mary Matha Minor Seminary, Podimattam
## Retreat Preacher: Fr. Jilson Kakkattuthadathil VC

1. Alapattukunnel Joseph (Jr.)
2. Ananthakkattu George
3. Arackal Sebastian
4. Arackaparampil Joseph
5. Athimmoottil Augustine
6. Ayalloor James
7. Aykaraparampil Josukutty CMI
8. Chathanattu Jacob

9. Chavarapuzha Jose
10. Chellamtharayil Antony
11. Chennakkattukunnel Antony
12. Cheripuram Johny
13. Cherolil Mathew
14. Chirackal Varghese
15. Chittadiyil Jose
16. Chulayillaplackal Cherian
17. Elanjipuram James
18. Illickamuriyil Zacharias
19. Kadiyakuzhiyil Abraham
20. Kaiyaniyil Mathew
21. Kalathil Mathew CRM
22. Kallarackal Mathew
23. Kallooparambathu Joseph
24. Kandaplackal Thomas
25. Kaniyampadickal Jose
26. Kanjirathinal Dominic
27. Kannalil Joseph
28. Kappiyankal Thomas
29. Karickakunnel Sebastian
30. Karimattam Jose
31. Karingadu Chacko MCBS
32. Karuvallil Thomas
33. Keeranchira Karlos
34. Kilikothippara Varghese
35. Kilirooparampil Sebastian
36. Kizhakkel Peter
37. Kizhakkeparampil Abraham CRM
38. Kizhakkethakidiyil James
39. Kizhakkevelickakathu Devasia
40. Kochuparambil George
41. Kochupurackal Varghese
42. Kodimarathummoottil Jacob
43. Kulampallil Varghese
44. Kunnathupurayidom Joseph
45. Kurisummoottil Mathew
46. Kuzhikattu Joseph
47. Kuzhikkattu George
48. Kuzhippallil George
49. Madukkakuzhy Emmanuel
50. Manakkatt Varghese
51. Mangalathil Jose
52. Mannamparambil Joseph CMI
53. Mannookulam Jose
54. Mathenkunnel Cyriac
55. Mathiyathu John
56. Mattamundayil James
57. Mundattu Thomas
58. Mundiyanickal Thomas
59. Muthuplackal Sebastian
60. Nadackal Mathew
61. Nadackal Sijo OFM Conv.
62. Nalloor Kalayiparampil Thomas
63. Nariparayil Thomas

64. Narippara Mathew
65. Nellickal George
66. Nellipallil Paul
67. Njallimackal Varghese
68. Njalliyil Thomas
69. Padinjareparambil Thomas
70. Paikatt Mathew
71. Palakudy Martin
72. Palakudy Mathew
73. Pallivathukal Nicholas
74. Panachickal John
75. Panachickal Mathew
76. Pandanmanal Mathew
77. Pandiamparampil Jacob
78. Parackal Varghese
79. Perunilam Sebastian
80. Pezhumkattil Varghese
81. Platharavayalil Thomas
82. Plathottathil Jose VC
83. Poovathanikunnel Thomas
84. Pullemplayil Joseph
85. Pulthakidiyel Joseph
86. Punnolikunnel Abraham
87. Purathettu Amal CMI
88. Puthenparambil Mathew
89. Puthenveettil Manuraj Jude
90. Puthuparampil Augustine
91. Puttumannil Manuel
92. Souriamkuzhi Mathew
93. Thadathil Joseph
94. Thadathil Philip
95. Thazhathuveettil Sebastian
96. Thekkel Thomas
97. Thekkemadathiparampil Luca O.Carm
98. Thekkemury Thomas
99. Thekkumcherikunnel James
100. Thommikkattil Abraham
101. Thoompunkal Devasia
102. Thundathil Antony
103. Thuruthipallil Thomas
104. Thycheril Jacob
105. Ullattu Sebastian (Jr.)
106. Vadakemangalam Thomas
107. Valanmanal Dominic
108. Valiakunnathu Jose
109. Valliyamthadathil Joseph CMF
110. Vattathara Sebastian
111. Velickakathu Jose
112. Vellamattam Joseph
113. Vellappally Abraham
114. Wadakkekalam Philips

**7. ഇടയകൂടാരം**

വൈദിക തുടർപരിശീലനപരിപാടിയായ ഇടയകൂടാരം ഒക്ടോബർ 14, തിങ്കളാഴ്ച വൈകുന്നേരം 5 മണി മുതൽ ഒക്ടോബർ 16 ബുധൻ വൈകുന്നേരം 5 മണി വരെ വാഴൂർ അനുഗ്രഹ റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നു. ദ്വിദിന പരിശീലന പരിപാടിയിൽ അനുഗ്രഹ റിന്യൂവൽ സെന്ററിൽ താമസിച്ച് പൂർണ്ണമായും പങ്കെടുക്കേണ്ടതിനാൽ ആവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി നടത്തേണ്ടതാണ്.

1. റവ. ഫാ. ചുളയില്ലാപ്ലാക്കൽ ചെറിയാൻ
2. റവ. ഫാ. മറ്റമുണ്ടയിൽ ജയിംസ്
3. റവ. ഫാ. പട്രക്കാലായിൽ തോമസ്
4. റവ. ഫാ. നിരപ്പേൽ തോമസ്
5. റവ. ഫാ. പുല്ലന്തനാൽ ജോർജ്
6. റവ. ഫാ. കൊച്ചുപറമ്പിൽ വർഗീസ്
7. റവ. ഫാ. തൊമ്മിക്കാട്ടിൽ അബ്രാഹം
8. റവ. ഫാ. ചവറപ്പുഴ ജയിംസ്
9. റവ. ഫാ. കാക്കല്ലിൽ വർഗീസ്
10. റവ. ഫാ. ചീരംകുന്നേൽ തോമസ്
11. റവ. ഫാ. ഇടത്തിനകം ജോസ്
12. റവ. ഫാ. പാലക്കുടി മാത്യു
13. റവ. ഫാ. കന്നാലിൽ ജോസഫ്
14. റവ. ഫാ. ചെമ്മരപ്പള്ളിൽ ജോസഫ്
15. റവ. ഫാ. അറയ്ക്കപ്പറമ്പിൽ ജോസഫ് (Sr)

**പള്ളിയുടെ ആദായനികുതി റിട്ടേൺസ്**

നമ്മുടെ രൂപതയിലെ ഇടവകപ്പള്ളികളുടെ 2023 - 2024 സാമ്പത്തിക വർഷത്തെ Income Tax Returns തയ്യാറാക്കുന്നതിനു വേണ്ടിയുള്ള ഓഡിറ്റിംഗ് 2024 ഓഗസ്റ്റ് 5 മുതൽ 10 വരെയുള്ള തീയതികളിൽ നടത്തുന്നതാണ്. ഓരോ പള്ളിയിലെയും കൈക്കാരനും കണക്കനും എത്തേണ്ട സ്ഥലവും സമയക്രമവും താഴെ ചേർക്കുന്നു. അവ

രവരുടെ സമയക്രമം പാലിച്ച് കൃത്യസമയത്ത് ആവശ്യമുള്ള രേഖകൾ സഹിതം എത്തിച്ചേരണമെന്ന് താത്പര്യപ്പെടുന്നു.

**റാന്നി സിറ്റാഡൽ സ്കൂൾ**

**റാന്നി പത്തനംതിട്ട ഫൊറോനായിൽപ്പെട്ട പള്ളികൾ**

**05-08-2024 തിങ്കൾ 9.30 a.m.**

പത്തനംതിട്ട, സീതത്തോട്, കോഴഞ്ചേരി, കോന്നി, ചീങ്കൽത്തടം

**05-08-2024 തിങ്കൾ 10.30 a.m.**

മീൻകുഴി, പേഴുംപാറ, കൂത്താട്ടുകുളം (ചിറ്റാർ) , വകയാർ, പ്ലാച്ചേരി

**05-08-2024 തിങ്കൾ 11.30 a.m.**

ഇടമൺ, ചെമ്പനോലി, കണ്ണംപള്ളി, പെരുന്തേനരുവി, പെരുനാട്

ബെഥനിഹിൽസ്, റാന്നി.

**എരുമേലി അസംപ്ഷൻ ഫൊറോനാപള്ളി**

**എരുമേലി ഫൊറോനായിൽപ്പെട്ട പള്ളികൾ**

**06-08-2024 ചൊവ്വ 9.30 a.m.**

എരുത്വാപ്പുഴ, എലിവാലിക്കര, കണമല, കണ്ണിമല, കൊല്ലമുള

**06-08-2024 ചൊവ്വ 10.30 a.m.**

കുറുമ്പൻമൂഴി, മണിപ്പുഴ, മുക്കൂട്ടുതറ, നിരവ്, പാണപിലാവ്

**06-08-2024 ചൊവ്വ 11.30 a.m.**

ഏയ്ഞ്ചൽവാലി, പഴയകൊരട്ടി, നിലയ്ക്കൽ തുലാപ്പള്ളി, ഉമിക്കുപ്പ, വെച്ചൂച്ചിറ, അറയാഞ്ഞിലിമണ്ണ്, എരുമേലി

**മുണ്ടക്കയം ഫൊറോനാപള്ളി**

**മുണ്ടക്കയം, വെളിച്ചിയാനി, പെരുവന്താനം ഫൊറോനാകളിൽപെട്ട പള്ളികൾ**

**07-08-2024 ബുധൻ 9.30 a.m.**

അമലഗിരി, നല്ലതണ്ണി, കണയങ്കവയൽ, പുറക്കയം, ചെറുവള്ളിക്കുളം, മുറിഞ്ഞപുഴ

**07-08-2024 ബുധൻ 10.30 a.m.**

പീരുമേട്, കുട്ടിക്കാനം, ഏലപ്പാറ, മേലോരം, അഴങ്ങാട്, പെരുവന്താനം

**07-08-2024 ബുധൻ 11.30 a.m.**

വെളിച്ചിയാനി, ഇടക്കുന്നം, ഇഞ്ചിയാനി, കാരികുളം, പാലമ്പ്ര ഗത്സമേൻ, പൊടിമറ്റം

**07-08-2024 ബുധൻ 1.30 p.m.**

പൂമറ്റം, ജോൺ പോൾ II മുണ്ടക്കയം, മാങ്ങാപ്പേട്ട, പാലപ്ര വിമലമാതാ, കോരുത്തോട്, മടുക്ക, മാങ്ങാപ്പാറ

**07-08-2024 ബുധൻ 2.30 p.m.**

വണ്ടൻപതാൽ, മുളങ്കുന്ന്, നിർമ്മലഗിരി, പാലൂർക്കാവ്, പുഞ്ചവയൽ, വടക്കേമല

**07-08-2024 ബുധൻ 3.30 p.m.**

തെക്കേമല, മുക്കുളം, ഏന്തയാർ, മുണ്ടക്കയം OLD ഫൊറോന

## കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ

## കാഞ്ഞിരപ്പള്ളി, പൊൻകുന്നം ഫൊറോനാകളിൽപെട്ട പള്ളികൾ

**08-08-2024 വ്യാഴം 9.30 a.m.**

ആനിക്കാട്, ചാമംപതാൽ, ചെന്നാക്കുന്ന്, ചെങ്കൽ, ചെങ്ങളം, ഇളങ്ങുളം

**08-08-2024 വ്യാഴം 10.30 a.m.**

ഇളങ്ങോയി, എലിക്കുളം, നെയ്യാട്ടുശ്ശേരി, പടനിലം, വഞ്ചിമല, തച്ചപ്പുഴ

**08-08-2024 വ്യാഴം 11.30 a.m.**

പുല്ലാനിത്തകിടി, പൊൻകുന്നം, ആനക്കല്ല്, ഉളുപ്പൂണി, ചെറുവള്ളി, കപ്പാട്

**08-08-2024 വ്യാഴം 1.30 p.m.**

കരിക്കാട്ടൂർ, കൂവപ്പള്ളി, കുന്നുംഭാഗം, പുത്തൻകൊരട്ടി, പഴയിടം, തമ്പലക്കാട്

**08-08-2024 വ്യാഴം 2.30 p.m.**

താമരക്കുന്ന്, തരകനാട്ടുകുന്ന്, കാളകെട്ടി, മാന്തറ, അഞ്ചിലിപ്പ

## അണക്കര പി.എ.സി.

## അണക്കര, കുമളി ഫൊറോനാകളിൽപെട്ട പള്ളികൾ

**09-08-2024 വെള്ളി 9.30 a.m.**

കുമളി, അമരാവതി, ആനവിലാസം, കീരിക്കര, മ്ലാമല

**09-08-2024 വെള്ളി 10.30 a.m.**

നസ്രാണിപുരം, പെരിയാർ വള്ളക്കടവ്, ശാന്തിഗിരി, വെള്ളാരംകുന്ന്, വാളാർഡി

**09-08-2024 വെള്ളി 11.30 a.m.**

ചക്കുപള്ളം, ചെല്ലാർകോവിൽ, കമ്പംമെട്ട്, കരുണാപുരം, കൊച്ചറ

**09-08-2024 വെള്ളി 1.30 p.m.**

കുഴിത്തൊളു, നെറ്റിത്തൊഴു, പുറ്റടി, വണ്ടൻമേട്, ഗ്രീൻവാലി, അണക്കര

### കട്ടപ്പന സെന്റ് ജോർജ് ഫൊറോനാപള്ളി
### കട്ടപ്പന, മുണ്ടിയെരുമ, ഉപ്പുതറ ഫൊറോനാകളിൽപെട്ട പള്ളികൾ

**10-08-2024 ശനി 9.30 a.m.**

മുണ്ടിയെരുമ, അന്യാർതൊളു, ചേമ്പളം, നിർമ്മലാപുരം, പുളിയന്മല, രാമക്കൽമേട്

**10-08-2024 ശനി 10.30 a.m.**

തേർഡ് ക്യാമ്പ്, പാമ്പാടുംപാറ, സന്യാസിയോട, ചോറ്റുപാറ, ഉപ്പുതറ, ആലംപള്ളി

**10-08-2024 ശനി 11.30 a.m.**

ചെമ്മണ്ണ്, ചിന്നാർ, മരിയഗിരി, പുളിങ്കട്ട, പുള്ളിക്കാനം, രാജഗിരി

**10-08-2024 ശനി 1.30 p.m.**

കിഴക്കേമാട്ടുക്കട്ട, ഗ്രേസ്മൗണ്ട്, കൽത്തൊട്ടി, വലിയതോവാള, കൊച്ചുതോവാള, മേരികുളം

**10-08-2024 ശനി 2.30 p.m.**

നരിയംപാറ, സ്വരാജ്, കാഞ്ചിയാർ, വള്ളക്കടവ്, മേപ്പാറ, കട്ടപ്പന

**കൊണ്ടുവരേണ്ട രേഖകൾ**

1. 2022-23 ലെ Income & Expenditure ന്റെയും Balance Sheet ന്റെയും കോപ്പി
2. രൂപതാ ഫൈനാൻസ് ഓഫീസിൽ നിന്നു നല്കിയ ഫോറത്തിൽ പൂരിപ്പിച്ച 2023-24 ലെ Income & Expenditure ഉം Balance Sheet ഉം

അതിനോടുകൂടി തന്നിരിക്കുന്ന മറ്റു ഫോറങ്ങളും പൂരിപ്പിച്ചത് (ഫോറങ്ങൾ ലഭിച്ചിട്ടില്ലെങ്കിൽ അവ നേരത്തെതന്നെ രൂപതാ ഫൈനാൻസ് ഓഫീസിൽ നിന്നും വാങ്ങേണ്ടതാണ്).

3. Income Tax റിട്ടേൺ ഫയൽ ചെയ്യുമ്പോൾ അതിൽ ഒപ്പിടുന്ന വ്യക്തിയുടെ പാൻ കാർഡിന്റെയും ആധാറിന്റെയും കോപ്പി (വികാരി or കൈക്കാരൻ)
4. പള്ളിയുടെ പാൻ കാർഡിന്റെ കോപ്പി
5. ബാങ്ക് അക്കൗണ്ടുകളുടെ (Savings Bank, Current Account, F.D. Accounts, Loan A/C) 31.03.2024 ലെ Bank Balance Confirmation Certificate, ബാങ്കിൽ നിന്നും വാങ്ങിക്കൊണ്ടുവരേണ്ടതാണ്.
6. Bank Pass books, F.D. രസീതുകൾ (2024 മാർച്ച് 31 വരെയുള്ള ഇടപാടുകൾ ചേർത്തിരിക്കണം). അവ പള്ളിയുടെ കണക്കിലും ചേർത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തണം.
7. Fixed Deposit Balance ഉള്ളവർ 2023-24 വർഷത്തെ Interest Certificate ബാങ്കിൽ നിന്നും വാങ്ങിക്കൊണ്ടു വരേണ്ടതാണ്.
8. എല്ലാ കണക്കുകളുടെയും (പൊതുകണക്ക്, കൃഷിക്കണക്ക്, നിർമ്മാണക്കണക്ക്, മറ്റു ഫണ്ടുകൾ എന്നിവയുടെ നാൾവഴി, പേരേട്, വാർഷിക തിരട്ട് (annual statement).
9. എല്ലാ വാർഷികതിരട്ടുകളുടെ ഒരു ഫോട്ടോകോപ്പി (ബഹു. വികാരിയും കൈക്കാരന്മാരും ഒപ്പു വച്ചത്).
10. 2023-24 ൽ വസ്തു വാങ്ങുകയോ വിൽക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആധാരത്തിന്റെ/ കൈമാറ്റ രേഖയുടെ കോപ്പി.
11. TDS പിടിച്ച് സർക്കാരിൽ അടച്ചിട്ടുണ്ടെങ്കിൽ അതിന്റെ രസീതും TAN നമ്പരും.
12. നിലവിലുള്ള കൈക്കാരന്മാർ എല്ലാവരുടെയും പേരും മേൽവിലാസവും. പാൻകാർഡ് & ആധാർ കോപ്പി (If available) with mobile number.
13. ഇടവകയിൽ പ്രവർത്തിക്കുന്ന ഭക്തസംഘടനകൾക്ക് ബാങ്ക് അക്കൗണ്ടുകളുണ്ടെങ്കിൽ (മിഷൻലീഗ്, സൺഡേസ്കൂൾ, യുവദീപ്തി, മാതൃവേദി, പിതൃവേദി, മരണഫണ്ട്, വിവാഹസഹായ

ഫണ്ട്, ജീവകാരുണ്യനിധി, കുരിശുപള്ളികൾ etc.) അവകൂടി പള്ളിയുടെ Balance sheet ൽ ചേർത്ത് Income tax Returns file ചെയ്യേണ്ടത് ആവശ്യമാണ്. അപ്രകാരമുള്ള സംഘടനകളുടെ ഫണ്ടുകളുടെ 2023-24 വർഷത്തെ കണക്കുകൾ, Pass books/FD രസീതുകൾ (2024 മാർച്ച് 31 വരെയുള്ള ഇടപാടുകൾ ചേർത്തിരിക്കണം.) കൊണ്ടുവരേണ്ടതാണ്. ബാങ്ക് അക്കൗണ്ടുകളുടെ 31.03.2024 ലെ Bank balance confirmation certificate ഉം ആവശ്യമാണ്.

മേൽപറഞ്ഞ ഫണ്ടുകൾ ഏതെങ്കിലും ഇടവകയുടെ പൊതു കണക്കിൽ നിലവിൽ ചേർത്തിട്ടുണ്ടെങ്കിൽ ഈ നിർദ്ദേശം ബാധകമല്ല.

NB : Returns സമർപ്പിക്കുമ്പോൾ നൽകേണ്ടതായ എല്ലാ രേഖകളുടെയും ആവശ്യമുള്ള copy എടുത്തുകൊണ്ടുവരേണ്ടതാണ്. ഇവിടെ വന്ന് എടുക്കാൻ സൗകര്യമുണ്ടായിരിക്കുന്നതല്ല. പള്ളികളുടെ/ ബഹു. വികാരിയച്ചന്റെ E-mail Address/ Whatsapp നമ്പരുകൾ കൊണ്ടുവരേണ്ടതാണ്.

# അനുസ്മരണം



## റവ. ഫാ. ജോസഫ് നെടുംതകിടി (91)

കാഞ്ഞിരപ്പള്ളി രൂപത വൈദികനായ നെടുംതകിടി ബഹുമാനപ്പെട്ട ജോസഫച്ചൻ നിത്യതയിലേക്ക് യാത്രയായി. 1933 ജൂലൈ 2-ാം തീയതി നെടുംതകിടി അവിരാ-ഏലിയാമ്മ ദമ്പതികളുടെ മകനായി പുത്തൻകൊരട്ടി ഇടവകയിൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം പുത്തൻകൊരട്ടി സെന്റ് മേരീസ് സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം മുണ്ടോലി സെന്റ് ആന്റണീസ് സകൂളിലുമാണ് പൂർത്തിയാക്കിയത്. ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്നും ഇന്റർമീഡിയറ്റും തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളേജിൽ നിന്നും ബി.എ. ബിരുദവും നേടിയശേഷം അദ്ദേഹം ചങ്ങനാശ്ശേരി പാറേൽ മൈനർ സെമിനാരിയിൽ ചേർന്നു. മംഗലപ്പുഴ സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കി 1964 മാർച്ച് 12-ാം തീയതി തിരുപ്പട്ടം സ്വീകരിച്ചു.

കാഞ്ഞിരപ്പള്ളി പള്ളിയിൽ അസിസ്റ്റന്റ് വികാരിയായിട്ടാണ് ബഹുമാനപ്പെട്ട ജോസഫച്ചൻ ശുശ്രൂഷ ആരംഭിച്ചത്. തുടർന്ന് കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് കോളേജിൽ സുറിയാനി അദ്ധ്യാപകനായി നിയമിതനായി. 1973 മുതൽ ഇടവക ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടു. ഇരവുചിറ, പഴയകൊരട്ടി, നെയ്യാട്ടുശ്ശേരി, ഇടമൺ, കണ്ണിമല, പാണപിലാവ്, വണ്ടൻപതാൽ, ഇളങ്ങോയി, വഞ്ചിമല, കണ്ണമ്പള്ളി എന്നീ ഇടവകകളിൽ ശുശ്രൂഷ നിർവ്വഹിച്ചു. 2001 മുതൽ 2013 വരെ നല്ലതണ്ണിയിൽ ശുശ്രൂഷ നിർവ്വഹിച്ചതിനുശേഷം കാഞ്ഞിരപ്പള്ളി വിയാനി ഹോമിൽ വിശ്രമജീവിതത്തിനായെത്തി. ദീർഘനാളുകളായി മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ പരിചരണത്തിലായിരുന്നു. ബുദ്ധിസാമർത്ഥ്യവും ചിട്ടയായ ജീവിതക്രമവും കൈമുതലായുള്ള ബഹുമാനപ്പെട്ട ജോസഫച്ചൻ പ്രശ്നങ്ങളെയും പ്രതിസന്ധികളെയും സധൈര്യം നേരിടുന്ന വൈദികനായിരുന്നു. വിവിധ ഇടവകകളിൽ ശുശ്രൂഷ ചെയ്ത ബഹുമാനപ്പെട്ട നെടുംതകിടിയച്ചൻ എല്ലാവരെയും സഹായിക്കുവാൻ തയ്യാറായിരുന്നു.

2024 ജൂലൈ 19-ാം തീയതി നിത്യസമ്മാനത്തിനായി യാത്രയായ ബഹുമാനപ്പെട്ട അച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷകൾ 2024 ജൂലൈ 22 തിങ്കളാഴ്ച പുത്തൻകൊരട്ടി ഇടവകപ്പള്ളിയിൽ നടത്തപ്പെട്ടു. ഈ പുരോഹിതദാസന്റെ പൗരോഹിത്യം സ്വർഗ്ഗരാജ്യത്തിൽ മഹത്വപ്പെടുന്നതിനിടയാകട്ടെ.

PWA അംഗങ്ങൾ ബഹുമാനപ്പെട്ട നെടുംതകിടി ജോസഫ് അച്ചന്റെ ആത്മശാന്തിക്കായി ഒരു പരിശുദ്ധ കുർബാന അർപ്പിക്കേണ്ടതാണ്.



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

| | |
|---|---|
| റവ. ഫാ. വർഗീസ് മഞ്ഞക്കുഴകുന്നേൽ | 15,000/- |
| റവ. ഫാ. ബിജു മങ്കന്താനം | 16,000/- |
| റവ. ഫാ. സിബിച്ചൻ ചിന്താർമണിയിൽ | 12,500/- |
| റവ. ഫാ. കുര്യൻ നരിതൂക്കിൽ | 10,000/- |
| റവ. ഫാ. തോമസ് ചീരൻകുന്നേൽ | 10,000/- |
| റവ. ഫാ. എബ്രാഹം തൊമ്മിക്കാട്ടിൽ | 25,000/- |

**ഫാ. മാർട്ടിൻ വെള്ളിയാംകുളം**
**(പ്രസിഡന്റ്)**

---

## സ്നേഹസ്മരണയ്ക്ക്



റവ.ഫാ. പോൾ മൂങ്ങാത്തോട്ടം
(21-03-1957 - 04-08-2014)



റവ.ഫാ. അലക്സാണ്ടർ വയലുങ്കൽ
(25-02-1914 -10-08-2016)



റവ.ഫാ. ജേക്കബ് തെക്കേമുറി
(20-11-1957 -15-08-2019)

# അജപാലനോത്തേജന വിഭാഗം

**ജീവൻ ദശാംശം**

ജീവൻ ദശാംശശേഖരണം പൂർത്തിയായി. നേതൃത്വം നല്കിയ ബഹുമാനപ്പെട്ട വൈദികർ, കൈക്കാരന്മാർ, കുടുംബക്കൂട്ടായ്മ ലീഡേഴ്സ് എന്നിവരുൾപ്പെടുന്ന ടീമിനെ സ്നേഹപൂർവം സ്മരിക്കുന്നു.

ദശാംശവിഹിതം ഗുണഭോക്താക്കൾക്ക് നേരിട്ടാണ് നല്കുന്നത്. സർക്കാർ നിബന്ധനകൾക്കനുസരിച്ച് കൃത്യമായ ക്രമീകരണം നടത്തുന്നതിന് നമുക്കൊരുമിച്ച് സഹകരിക്കേണ്ടതുണ്ട്. ദശാംശവിഹിത വിതരണം, ഗുണഭോക്താവിന് സഹായമെത്തിക്കുന്നതിനായി ബഹുമാനപ്പെട്ട വികാരി അച്ചൻ നല്കുന്ന കത്തിലുൾക്കൊള്ളിക്കേണ്ട വിശദാംശങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ 2024 ജൂലൈ മാസം ബുള്ളറ്റിനിൽ (പേജ് 32, 33) ലഭ്യമാണ്.

**വെളിച്ചിയാനി ഫൊറോനാ സൗഹൃദസന്ദർശനം**

വെളിച്ചിയാനി ഫൊറോന ഇടവകകളിലെ ബഹുമാനപ്പെട്ട വികാരി അച്ചൻമാരെ ജൂലൈ 4, 5 തീയതികളിൽ സന്ദർശിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്തു.

**സന്യാസ വൈദിക സംഗമം**

കാഞ്ഞിരപ്പള്ളി രൂപതയിലെ ഇടവകകളിൽ ആദ്യമായെത്തി ശുശ്രൂഷ നിർവഹിക്കുന്ന സന്യാസ വൈദികരുടെ സംഗമം ജൂലൈ 11, വ്യാഴാഴ്ച പാസ്റ്ററൽ സെന്റർ കോൺഫറൻസ് ഹാളിൽ നടത്തപ്പെട്ടു. രാവിലെ 10 മണിക്ക് രൂപത പ്രോട്ടോസിഞ്ചെല്ലൂസ് വെള്ളമറ്റം

ഏറ്റവും ബഹുമാനപ്പെട്ട ജോസഫച്ചന്റെ ആമുഖസന്ദേശത്തോടെ ആരംഭിച്ച സംഗമത്തിൽ ഇടവക ശുശ്രൂഷയിൽ ശ്രദ്ധിക്കേണ്ട നൈയാമിക തലങ്ങൾ, രൂപതയിലെ പ്രസ്ഥാനങ്ങൾ – സ്ഥാപനങ്ങൾ, സാമ്പത്തിക വിനിയോഗം എന്നിവ സംബന്ധിച്ച് യഥാക്രമം ഏറ്റവും ബഹുമാനപ്പെട്ട വൈദികരായ താമരശ്ശേരി കുര്യനച്ചൻ, മണ്ണംപ്ലാക്കൽ ബോബി അലക്സച്ചൻ, തടത്തിൽ ഫിലിപ്പച്ചൻ എന്നിവർ സംസാരിച്ചു. സുവാറ, കുടുംബപ്രേഷിതത്വം, പാസ്റ്ററൽ ആനിമേഷൻ, ഡയറക്ടറുമാരായ ബഹുമാനപ്പെട്ട വട്ടയത്തിൽ ഫിലിപ്പച്ചൻ, ഓലിക്കൽ മാത്യു അച്ചൻ, പുള്ളോലിക്കൽ സ്റ്റാൻലി അച്ചൻ എന്നിവർ ഡിപ്പാർട്ട്മെന്റ് പ്രവർത്തനങ്ങൾ വിശദീകരിച്ചു. രൂപതാ വൈസ് ചാൻസലർ ശൗര്യാംകുഴി ഏറ്റവും ബഹുമാനപ്പെട്ട മാത്യു അച്ചൻ സന്നിഹിതനായിരുന്നു. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവുമായി സംവദിക്കുന്നതിനും പങ്കുവയ്ക്കലുകൾ നടത്തുന്നതിനും സമയം ക്രമീകരിച്ചിരുന്നു. നേതൃത്വം നല്കുകയും പങ്കെടുക്കുകയും ചെയ്ത എല്ലാവരെയും സ്നേഹപൂർവം സ്മരിക്കുന്നു.

**വെളിച്ചിയാനി ഫൊറോനാ ജൂബിലി ടീം**

വെളിച്ചിയാനി ഫൊറോനയിലെ ഇടവകകളിൽ സഹായകരമാകുന്ന വിധത്തിൽ റിസോഴ്സ് ടീം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഇടവകകളിലും കുടുംബക്കൂട്ടായ്മകളിലും വിവിധ വിഷയങ്ങളെ അധികരിച്ച് സംസാരിക്കുന്നതിനും വിവിധ കർമ്മപദ്ധതികളുടെ ഏകോപനത്തിലൂടെ ചലനാത്മകമാക്കുന്നതിന് സഹായിക്കുന്നതിനുമാണ് റിസോഴ്സ് ടീം ഉദ്ദേശിക്കുന്നത്.

രൂപതാ റിസോഴ്സ് ടീമിനോട് ചേർന്ന് പ്രവർത്തിക്കത്തക്കവിധത്തിലാണ് ഫൊറോന റിസോഴ്സ് ടീം പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നത്.

വെളിച്ചിയാനി ഫൊറോനയിലെ ഇടവകകളിൽ നിന്നുള്ള അത്മായ പ്രതിനിധികളെ ഉൾക്കൊള്ളിച്ചുള്ള ടീമിനായുള്ള പരിശീലനം ജൂലൈ 21, ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ വെളിച്ചിയാനി

സെന്റ് തോമസ് ഫൊറോനപള്ളി ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. പാസ്റ്ററൽ ആനിമേഷൻ ഡയറക്ടർ ബ. പുള്ളോലിക്കൽ സ്റ്റാൻലി അച്ചൻ ക്ലാസ്സ് നയിച്ച് ചർച്ചയ്ക്ക് നേതൃത്വം നല്കി. മുതിർന്നവരും യുവജനങ്ങളുമുൾപ്പെടെ 18 പ്രതിനിധികൾ പങ്കുചേർന്നു. വെളിച്ചിയാനി ഫൊറോന പള്ളിയിൽ ക്രമീകരണങ്ങളൊരുക്കിയ മടുക്കക്കുഴി ഏറ്റവും ബഹുമാനപ്പെട്ട ഇമ്മാനുവേലച്ചൻ, ഇരുപ്പക്കാട്ട് ബഹുമാനപ്പെട്ട ജോസഫ് അച്ചൻ, ശ്രീ. ഷാജി ഇടത്തിൽ എന്നിവരെ സ്നേഹപൂർവം സ്മരിക്കുന്നു.

റിസോഴ്സ് ടീമിനായുള്ള രണ്ടാംഘട്ട പരിശീലനം ജൂലൈ 27, ശനിയാഴ്ച വൈകുന്നേരം 8.30 മുതൽ ഓൺലൈനായി നടത്തപ്പെട്ടു. കാരികുളം ഇടവകാംഗമായ ശ്രീ. ജോയ്സ് കൊള്ളിക്കുളവിൽ നയിച്ച മാതൃക ക്ലാസിനെ തുടർന്ന് ടീമംഗങ്ങളുടെ പങ്കുവയ്ക്കലുകളുമുണ്ടായിരുന്നു.

രൂപതയിലെ എല്ലാ ഫൊറോനയിലും റിസോഴ്സ് ടീം രൂപീകരിക്കുന്നതിന്റെ പ്രാരംഭമെന്ന നിലയിലാണ് വെളിച്ചിയാനി ടീം രൂപീകരിക്കപ്പെട്ടത്.

**ഇടയകൂടാരം**

വൈദിക തുടർപരിശീലന പരിപാടിയായ 'ഇടയകൂടാരം' ജൂലൈ 22, തിങ്കളാഴ്ച വൈകുന്നേരം 5 മണി മുതൽ ജൂലൈ 24, ബുധനാഴ്ച വൈകുന്നേരം 4 മണിവരെ വാഴൂർ അനുഗ്രഹ റിന്യൂവൽ സെന്ററിൽ നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ആമുഖസന്ദേശം നല്കി. സഭ, മിശിഹായുടെ ശരീരമെന്ന വിഷയത്തെ അധികരിച്ച് ക്രിയാത്മക ചർച്ചകൾക്കുള്ള ആമുഖം ഏറ്റം ബഹുമാനപ്പെട്ട വെള്ളമറ്റം ജോസഫച്ചൻ നല്കി. ഇടവക ശുശ്രൂഷയിൽ ശ്രദ്ധിക്കേണ്ട നൈയാമിക വിഷയങ്ങൾ, സാമ്പത്തിക വിനിയോഗം, സാമൂഹ്യ സേവന ഡിപ്പാർട്ടുമെന്റുകൾ, വിവാഹ നിയമങ്ങൾ, Safe Environment എന്നിവ സംബന്ധിച്ച് ഏറ്റവും ബഹുമാനപ്പെട്ട വൈദികരായ താമരശ്ശേരി കുര്യനച്ചൻ, തടത്തിൽ ഫിലിപ്പച്ചൻ, മണ്ണം

പ്ലാക്കൽ ബോബി അലക്സച്ചൻ, ശൗര്യാംകുഴി മാത്യു അച്ചൻ എന്നിവർ യഥാക്രമം പങ്കുവയ്ക്കലുകൾ നടത്തി. ഗ്രൂപ്പ് ചർച്ചകളെ തുടർന്ന് അഭിവന്ദ്യ പിതാവ്, ഡിപ്പാർട്ട്മെന്റുകൾ (വി കെയർ, യുവദീപ്തി, കുടുംബപ്രേഷിതത്വം, കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫ് സ്കൂൾസ്) എന്ന ക്രമത്തിൽ പങ്കുവയ്ക്കലുകളുമുണ്ടായിരുന്നു. ബാച്ച് അടിസ്ഥാനത്തിൽ 19 വൈദികർ പങ്കെടുക്കുകയും അഭിവന്ദ്യ പിതാവുമായി വ്യക്തിപരമായി സംസാരിക്കുകയും ചെയ്തു.

അനുഗ്രഹ റിന്യൂവൽ സെന്ററിൽ ഹൃദ്യമായ ക്രമീകരണങ്ങളൊരുക്കിയ ഡയറക്ടർ നീണ്ടുശ്ശേരി ബഹുമാനപ്പെട്ട ജയിംസച്ചൻ സി.എം.ഐ., അഡ്മിനിസ്ട്രേറ്റർ കൊട്ടാരത്തിൽ അൻവിനച്ചൻ, റീജന്റ് ബ്രദർ ഗർവാസിസ്, വൈദികവിദ്യാർത്ഥികൾ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു.

**സുവർണ്ണജൂബിലി സന്യസ്ത പരിശീലനം**

സുവർണ്ണജൂബിലിക്കൊരുക്കമായ സന്യസ്ത പരിശീലനത്തിന്റെ ഭാഗമായി കട്ടപ്പന സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് ജനറലേറ്റിൽ ജൂലൈ 27, ശനിയാഴ്ച രൂപത വികാരി ജനറാളും ചാൻസലറുമായ താമരശ്ശേരി ഏറ്റവും ബഹുമാനപ്പെട്ട കുര്യനച്ചൻ ക്ലാസ് നയിക്കുകയും ബഹുമാനപ്പെട്ട പുള്ളോലിക്കൽ സ്റ്റാൻലി അച്ചൻ ചർച്ചകൾക്ക് നേതൃത്വം നല്കുകയും ചെയ്തു.

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**
**ഡയറക്ടർ**

# റെയിൻബോ 2021

റെയിൻബോ പദ്ധതിയിൽ ഇഞ്ചിയാനിയിൽ നിർമ്മിച്ച മൂന്നു ഭവനങ്ങൾ ജൂലൈ 6, ശനിയാഴ്ച അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ആശീർവദിച്ചു. കർമ്മലീത്ത സന്യാസിനി സമൂഹം, ഹോളി സ്പരിറ്റ് സന്യാസിനി സമൂഹം (ഇഞ്ചിയാനി സ്നേഹദീപം) എന്നിവരുടെ സാമ്പത്തിക പിന്തുണയിലാണ് ഇഞ്ചിയാനിയിലെ ഭവനങ്ങൾ റെയിൻബോ പദ്ധതിയിൽ നിർമ്മിച്ചത്.

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**
**ജനറൽ കോർഡിനേറ്റർ**

# വിശ്വാസജീവിത പരിശീലനം

**2024 ആഗസ്റ്റ് മാസത്തെ കർമ്മപരിപാടികൾ**

1 വ്യാഴം : പതിനഞ്ചു നോമ്പാരംഭം

3 ശനി : വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ (ആഗസ്റ്റ് 4)

: വൈദികദിനം – വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരെ ആശംസകൾ അറിയിക്കുകയും ചെയ്യുക.

4 ഞായർ : ഇടവകതല കലോത്സവം

6 ചൊവ്വ : നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണതിരുനാൾ

10 ശനി : സി.റ്റി.സി. ക്ലാസ് (പാസ്റ്ററൽ സെന്റർ, കാഞ്ഞിരപ്പള്ളി)

: വി. ക്ലാരയുടെ തിരുനാൾ (ആഗസ്റ്റ് 11)

15 വ്യാഴം : പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ, സ്വാതന്ത്ര്യദിനം, പൊതുസമ്മേളനം, കേന്ദ്ര ഓഫീസ് അവധി.

20 ചൊവ്വ : HDC ക്ലാസ് (പാസ്റ്ററൽ സെന്റർ, കാഞ്ഞിരപ്പള്ളി)

24 ശനി : BTC ക്യാമ്പ് 24,25,26 തീയതികളിൽ നിർമ്മല റിന്യുവൽ സെന്റർ, പൊടിമറ്റം. 24-ാം തീയതി 9.30 am മുതൽ 26-ാം തീയതി 4.00 pm വരെ.

: വി. ബർത്തലോമിയോ ശ്ലീഹായുടെ തിരുനാൾ

28 ബുധൻ : HDC ക്ലാസ് (പാസ്റ്ററൽ സെന്റർ, കാഞ്ഞിരപ്പള്ളി)

29 വ്യാഴം : വിശുദ്ധ എവുപ്രാസ്യായുടെ തിരുനാൾ

**കലോത്സവം**

ഇടവകതല കലോത്സവം ഓഗസ്റ്റ് 18-ാം തീയതിക്കുള്ളിൽ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ഇടവകതല മത്സരം നടത്തി സെപ്റ്റംബർ 1 ന് മുൻപ് വിജയികളുടെ ലിസ്റ്റ് ഫൊറോനാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്. ലിസ്റ്റ് തയ്യാറാക്കുമ്പോൾ ഇംഗ്ലീഷിൽ CAPITAL LETTER -ൽ എഴുതുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഫൊറോനാതല കലോത്സവം സെപ്റ്റംബർ 21-ാം തീയതി നടത്തപ്പെടുന്നതാണ്. ഫൊറോനാ വിശ്വാസജീവിത പരിശീലന സമിതിക്കായിരിക്കും എല്ലാ വിഭാഗത്തിന്റെയും മത്സരനടത്തിപ്പിന്റെ ഉത്തരവാദിത്വം. കലാമത്സരങ്ങൾ സംബന്ധിച്ചുള്ള വിശദവിവരങ്ങൾക്കായി Catechetical Directory 2024-2025 പേജുകൾ 35-41 കാണുക.

**ലൈഫ് ലൈൻ : ജീവിത ദർശന ക്യാമ്പ്**

8-ാം ക്ലാസിലെ കുട്ടികൾക്കുവേണ്ടി സംഘടിപ്പിച്ചിരിക്കുന്ന പ്രത്യേക പരിശീലന പരിപാടിയാണ് ലൈഫ്‌ലൈൻ. വിവിധ സെന്ററുകളിൽ വച്ച് രണ്ടു ദിവസങ്ങളിലായിട്ടാണ് ലൈഫ് ലൈൻ നടത്തപ്പെടുന്നത്. രണ്ടു ദിവസങ്ങളിലും രാവിലെ 9.30 ന് ആരംഭിച്ച് വൈകുന്നേരം 3.30 ന് അവസാനിക്കുന്ന വിധത്തിലാണ് ലൈഫ് ലൈൻ സംവിധാനം ചെയ്തിരിക്കുന്നത്. കുട്ടികൾ സെന്ററിൽ താമസിക്കുന്നില്ല; വീടുകളിൽ പോയി വരികയാണ് ചെയ്യേണ്ടത്. ഓരോ ഇടവകയിലെയും കുട്ടികളുടെ ലിസ്റ്റും രജിസ്ട്രേഷൻ ഫീസിന്റെ അഡ്വാൻസും (Rs. 100/-) പ്രോഗ്രാമിന്റെ തലേമാസം 15-ാം തീയതിക്കു മുമ്പായി കേന്ദ്ര ഓഫീസിൽ എത്തിക്കേണ്ടതാണ്. 8-ാം ക്ലാസിലെ അദ്ധ്യാപകൻ/അദ്ധ്യാപിക കുട്ടികളോടൊപ്പം മുഴുവൻ സമയവും പ്രോഗ്രാമിൽ ഉണ്ടായിരിക്കണം. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് 250 രൂപ. (കൂടുതൽ വിവരങ്ങൾ Catechetical Directory 2024-2025 പേജ് 41, 42).

**Basic Training Course (B.T.C)**

ഈ വർഷത്തെ നവാഗത വിശ്വാസജീവിത പരിശീലകർക്കായുള്ള ബേസിക് ട്രെയിനിംഗ് കോഴ്സ് (B.T.C) ആഗസ്റ്റ് 24,25,26 (ശനി - തിങ്കൾ) തീയതികളിൽ പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്റ

റിൽ വച്ച് നടക്കും. 24-ാം തീയതി രാവിലെ 9.30 ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച് 26-ാം തീയതി 4.00 മണിക്ക് സമാപിക്കും. വിശ്വാസപരിശീലനത്തിന്റെയും അധ്യാപനത്തിന്റെയും അടിസ്ഥാനപാഠങ്ങളെക്കുറിച്ചും വിശ്വാസപരിശീലന രംഗത്തെ കാലികമായ വിഷയങ്ങളെക്കുറിച്ചും വിദഗ്ദ്ധരായ ആളുകൾ ക്ലാസുകൾ നയിക്കും.

**സ്ഥിതിവിവരം**

വിശ്വാസപരിശീലകരുടെയും കുട്ടികളുടെയും സ്ഥിതിവിവരം വികാരിയച്ചൻ, ഹെഡ്മാസ്റ്റർ എന്നിവരുടെ ഒപ്പോടുകൂടെ പൂർത്തിയാക്കി കേന്ദ്ര ഓഫീസിൽ എത്തിക്കാത്തവർ എത്രയും വേഗം അത് സുവാറ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**ജൂലൈ ഡയറി**

**CTC കോഴ്സ് 39-ാം ബാച്ചിന്റെ ഉദ്ഘാടനവും 38-ാം ബാച്ചിന്റെ സർട്ടിഫിക്കറ്റ് വിതരണവും**

CTC കോഴ്സ് 39-ാം ബാച്ചിന്റെ ഉദ്ഘാടനം ജൂലൈ 13-ാം തീയതി രാവിലെ 10.00 മണിക്ക് കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് നിർവഹിച്ചു. രൂപതാ ഡയറക്ടർ ഫാ. ഫിലിപ്പ് വട്ടയത്തിൽ സ്വാഗതം ആശംസിച്ചു. കഴിഞ്ഞ ബാച്ചിൽ സി.റ്റി.സി. വിജയകരമായി പൂർത്തിയാക്കിയ 33 അധ്യാപകർക്ക് കാഞ്ഞിരപ്പള്ളി രൂപതാ വികാരി ജനറാൾ പെരിയ ബഹു. ജോസഫ് വെള്ളമറ്റത്തിലച്ചൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്ക് മെമന്റോ നൽകി. തുടർന്ന് റവ. ഡോ. സേവ്യർ കൊച്ചുപറമ്പിൽ 'വിശ്വാസപരിശീലനം' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു.

**CTC 2023 - 24 വർഷം പൂർത്തിയാക്കിയവർ**

1. ആശ ലാൽ പാലത്തിങ്കൽ, വലിയതോവാള
2. സാന്ദ്ര വിൽസൺ മാമല, വലിയതോവാള
3. ഷൈനി സിബി മണ്ണാംപറമ്പിൽ, വലിയതോവാള
4. റോസ്മി ജോർജ് പുതിയാപറമ്പിൽ, വെളിച്ചിയാനി
5. അലീഷ മണ്ഡപത്തിൽ, കട്ടപ്പന

6. അമൽ സെബാസ്റ്റ്യൻ മാളിയേക്കൽ, കട്ടപ്പന
7. ആൻസി റെജി തെക്കേൽ, പുളിങ്കട്ട
8. ഷോജി പുത്തൻപുരക്കൽ, പുളിങ്കട്ട
9. ഫിലോമിന എം.സി. ചെങ്ങനാനിക്കൽ, മണിപ്പുഴ
10. ബൈജു പി. മാത്യു പെരുനിലത്ത്, പുറ്റടി
11. ജോപ്പു ഫിലിപ്പ് വെള്ളൂർ, കണ്ണിമല
12. പി.ജെ. ജേക്കബ് പുതുപ്പള്ളിൽ, ഇളങ്ങുളം
13. ബിൻസി തോമസ് പുന്നോലിക്കുന്നേൽ, വലിയതോവാള
14. മിനി സെബാസ്റ്റ്യൻ കൊറ്റിനിക്കൽ, വലിയതോവാള
15. ടെസീന ജെ. ജെയ്സൺ വടക്കേമുറി, വെളിച്ചിയാനി
16. അന്നു സിബി കളപ്പുരയ്ക്കൽ, വെളിച്ചിയാനി
17. ജോസ് മാത്യു കണിയാംപടിക്കൽ, ആനക്കല്ല്
18. ബിബിൻ സേവ്യർ തെക്കേൽ, വെള്ളാരംകുന്ന്
19. ആൻസി റ്റി. ഫ്രാൻസിസ് തെക്കേൽ, വെള്ളാരംകുന്ന്
20. ജിജി വർഗീസ് പൂവത്തുങ്കൽ, മുണ്ടക്കയം
21. നയന സെബാസ്റ്റ്യൻ പുന്നോലിക്കുന്നേൽ, വെച്ചൂച്ചിറ
22. അന്നുമോൾ ജോജി മൂലേച്ചാലിൽ, പേഴുംപാറ
23. ലിഷ ജോഷി കൊല്ലിയിൽ, പുറ്റടി
24. ജിജി ജോസ് പാറയ്ക്കൽ, വണ്ടൻപതാൽ
25. തോമസ് ചാക്കോ വടക്കേപ്പറമ്പിൽ, വലിയതോവാള
26. റിന്റു ജോസ് മുള്ളൻകുഴിയിൽ, വലിയതോവാള
27. ആൽഫ്രഡ് ജോർജ് കാരക്കാട്ട്, കപ്പാട്
28. ബിജുമോൻ മാത്യു കറുവാക്കുന്നേൽ, ഉപ്പുതറ
29. ആൻ മരിയ തോമസ് പുത്തേട്ട്, വെച്ചൂച്ചിറ
30. ജാസ്മിൻ ജോർജ് മുതുകാട്ടിൽ, പുറ്റടി
31. നിതിൻ മാത്യു അരഞ്ഞനാൽ, പുല്ലാനിത്തകിടി
32. മേരി മനോജ് തെക്കേതിൽപുത്തൻപുരക്കൽ, ഇളങ്ങുളം
33. ആൻ മരിയ റ്റോം പാറയ്ക്കൽ, പെരുവന്താനം

Highest Mark

I^st^ : ജോസ് മാത്യു കണിയാംപടിക്കൽ, ആനക്കല്ല്

II^nd^ : ജിജി ജോസ് പാറയ്ക്കൽ, വണ്ടൻപതാൽ

III^rd^ : അന്നുമോൾ ജോജി മൂലേച്ചാലിൽ, പേഴുംപാറ

**HDC 2024-2025 ബാച്ചിന്റെ ഉദ്ഘാടനവും 2023-2024 -ാം ബാച്ചിന്റെ സർട്ടിഫിക്കറ്റ് വിതരണവും**

ഈ വർഷത്തെ HDC ക്ലാസിന്റെ ഉദ്ഘാടനം ജൂലൈ 16-ാം തീയതി കാഞ്ഞിരപ്പള്ളി ഇൻഫന്റ് ജീസസ് പബ്ലിക് സ്കൂളിൽ വച്ച് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് നിർവഹിച്ചു. രൂപതാ വിശ്വാസ പരിശീലന കേന്ദ്രത്തിന്റെ ഡയറക്ടർ ഫാ. ഫിലിപ്പ് വട്ടയത്തിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. കഴിഞ്ഞ ബാച്ചിൽ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ 26 അധ്യാപകർക്ക് ഇൻഫന്റ് ജീസസ് സ്കൂൾ പ്രിൻസിപ്പൽ സി. ഫിൽസി സി.എം.സി. സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. 2023-2024 ബാച്ചിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്ക് മെമന്റോ നൽകി ആദരിക്കുകയും ചെയ്തു. പുതിയ ബാച്ചിന്റെ ആദ്യക്ലാസ് റവ. ഡോ. വർഗീസ് കൊച്ചുപറമ്പിൽ നയിച്ചു.

**HDC 2023 - 24 ബാച്ചിൽ പഠനം പൂർത്തിയാക്കിയവർ**

1. അഞ്ജന ഫിലിപ്പ് പുരയിടത്തിൽ, ചെങ്ങളം
2. സി. ആനി മരിയ FCC,പൊടിമറ്റം
3. സി. ക്രിസ്റ്റീന നിരപ്പേൽ SABS, പടനിലം
4. സി. റിറ്റ മരിയ FCC, പെരുവന്താനം
5. പയസ് കുന്നേൽ, കട്ടപ്പന
6. ഡോമിനിക്ക് പടിഞ്ഞാറേക്കുറ്റ്, കട്ടപ്പന
7. അലീഷ മണ്ഡപത്തിൽ, കട്ടപ്പന
8. അമൽ (ജോസഫ്) മാളിയേക്കൽ, കട്ടപ്പന
9. സി. ലിസറ്റ് SD, ചെല്ലാർകോവിൽ

10. അന്നമ്മ വി.എസ്. തേക്കുംമൂട്ടിൽ, ചെല്ലാർകോവിൽ
11. സി. ലിൻസ് മരിയ SABS, പുളിങ്കട്ട
12. ടെസ്സ തുരുത്തിപ്പള്ളിൽ, മുറിഞ്ഞപുഴ
13. എൽസമ്മ ജോർജ് വാളിപ്ലാക്കൽ, ഇളങ്ങുളം
14. റോസമ്മ ജോസഫ് കാരക്കാട്ട്, നസ്രാണിപുരം
15. ബിൻസമ്മ കുര്യൻ കുന്നുംപുറത്ത്, നെറ്റിത്തൊഴു
16. ജോസുകുട്ടി മാത്യു അയിലൂമാലിൽ, സ്വരാജ്
17. റെജിമോൾ ജേക്കബ് അയിലൂമാലിൽ, സ്വരാജ്
18. സി. സോണിയ മരിയ CMC, കാഞ്ഞിരപ്പള്ളി
19. സി. അൽഫോൻസ മരിയ CMC, പുറ്റടി
20. സി. ലെയോമി CMC, ചാമംപതാൽ
21. സി. തെരേസ് കാർമ്മൽ CMC, ചാമംപതാൽ
22. സി. സോഫി മരിയ CMC, പത്തനംതിട്ട
23. സി. റാണി മരിയ CMC, ഇഞ്ചിയാനി
24. സി. ഗ്ലാഡിസ് CMC, പാലമ്പ്ര
25. സി. ഐവി എലിസബത്ത് CMC, ചിറക്കടവ്
26. സി. എലിസബത്ത് ലൂസി CMC, കുട്ടിക്കാനം

Highest Mark

I$^{st}$ : സി. റിറ്റ മരിയ FCC, പെരുവന്താനം

II$^{nd}$ : സി. ആനി മരിയ FCC, പൊടിമറ്റം

III$^{rd}$ : അലീഷ മണ്ഡപത്തിൽ, കട്ടപ്പന

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

**ആഗസ്റ്റ് മാസത്തെ കർമ്മപരിപാടികൾ**

11 ഞായർ - മിഷൻലീഗ് സ്ഥാപകനേതാവ് കുഞ്ഞേട്ടന്റെ (പി.സി. അബ്രാഹം പല്ലാട്ടുകുന്നേൽ) 15-ാം ചരമ വാർഷികം

13 ചൊവ്വ - അൾത്താരശുശ്രൂഷകരുടെ മദ്ധ്യസ്ഥനായ വി. ജോൺ ബർക്കുമാൻസിന്റെ തിരുനാൾ

15 വ്യാഴം - പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ ത്തിരുനാൾ, ഇൻഡ്യൻ സ്വാതന്ത്ര്യദിനം (പൊതു യോഗം)

17 ശനി - അൾത്താരശുശ്രൂഷക സംഗമം (ഫൊറോനാതലത്തിൽ)

**2024 സെപ്റ്റംബർ**

1 ഞായർ - മരിയൻ തീർത്ഥാടനം - ലോറേഞ്ച് മേഖല (കാഞ്ഞിരപ്പള്ളി പഴയപള്ളിയിലേയ്ക്ക്)

7 ശനി - മരിയൻ തീർത്ഥാടനം - ഹൈറേഞ്ച് മേഖല (ഉപ്പുതറ സെന്റ്മേരീസ് ഫൊറോനാപ്പ ള്ളിയിലേയ്ക്ക്)

**വിയാനി ഡേ - ഓഗസ്റ്റ് 3**

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളായ ഓഗസ്റ്റ് 4-നോടനുബന്ധിച്ച് ഇടവകയിലെ ബഹു. വൈദികരെ അനുമോദിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും മിഷൻലീഗ് അംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓരോ ഇടവ

കയ്ക്കും പ്രത്യേകം പ്രാർത്ഥിക്കാനായി നൽകിയിരിക്കുന്ന വൈദികരുടെ പേരുകൾ കുട്ടികളെ അറിയിക്കുമല്ലോ.

**കുഞ്ഞേട്ടന്റെ ചരമദിനം**

മിഷൻലീഗിന്റെ സ്ഥാപകനേതാവ് പി.സി. അബ്രഹാം പല്ലാട്ടുകുന്നേലിന്റെ (കുഞ്ഞേട്ടൻ) 15-ാം ചരമവാർഷികം ഓഗസ്റ്റ് 11 ന് ആചരിക്കുന്നു. ഇക്കാര്യം മുൻകൂട്ടി അറിയിച്ച് സമുചിതമായി ആചരിക്കുമല്ലോ.

**മദ്ബഹാ ശുശ്രൂഷകരുടെ സംഗമം - ഓഗസ്റ്റ് 17**

മദ്ബഹാശുശ്രൂഷികളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ജോൺ ബർക്ക്മാൻസിന്റെ തിരുനാളിനോടനുബന്ധിച്ചാണ് ഈ പ്രോഗ്രാം നടത്താൻ തീരുമാനിച്ചിരിക്കുന്നത്. വി. ജോൺ ബർക്ക്മാൻസിന്റെ തിരുനാൾ ഓഗസ്റ്റ് 13, നവംബർ 26 എന്നീ തീയതികളിൽ ആഘോഷിക്കുന്നു. മിഷൻലീഗ് ഫൊറോനാ ഡയറക്ടറച്ചൻ നൽകുന്ന നിർദ്ദേശങ്ങൾ സ്വീകരിച്ച് മദ്ബഹാ ശുശ്രൂഷകസംഗമത്തിലേയ്ക്ക് കുട്ടികളെ പറഞ്ഞയയ്ക്കാൻ ശ്രദ്ധിക്കുമല്ലോ.

**മരിയൻ തീർത്ഥാടനം**

ചെറുപുഷ്പ മിഷൻലീഗ് രൂപതാതലത്തിൽ മേഖല തിരിച്ചു സംഘടിപ്പിക്കുന്ന മരിയൻ തീർത്ഥാടനം സെപ്റ്റംബർ 1, 7 തീയതികളിൽ നടത്തപ്പെടുന്നു. 9-ാം ക്ലാസിൽ വിശ്വാസജീവിത പരിശീലനം നടത്തുന്ന കുഞ്ഞുമിഷനറിമാരും മിഷൻലീഗ് ഭാരവാഹികളും 1-ാം തീയതി കാഞ്ഞിരപ്പള്ളി പഴയപള്ളിയിലേക്കും 8-ാം തീയതി ഉപ്പുതറ ഫൊറോനാപള്ളിയിലേക്കും നോമ്പെടുത്തു പ്രാർത്ഥിച്ചൊരുങ്ങി തീർത്ഥാടനം നടത്തുന്നു. തീർത്ഥാടനവിവരം കുട്ടികളെ മുൻകൂട്ടി അറിയിച്ച് ഒരുക്കുമല്ലോ. തീർത്ഥാടനത്തിന്റെ വിശദവിവരങ്ങൾ അടങ്ങിയ നോട്ടീസും പോസ്റ്ററും പള്ളിയുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുമല്ലോ.

**ഫാ. ആന്റണി തുണ്ടത്തിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്.എം.വൈ.എം.)

**2024 ഓഗസ്റ്റ്**

| | |
|---|---|
| 3-4 | Teen Fest (കട്ടപ്പന, മുണ്ടിയെരുമ) |
| 4 | വൈദിക ദിനം |
| 10,11 | Teen Fest (പൊൻകുന്നം, കാഞ്ഞിരപ്പള്ളി) |
| 15 | Old is Gold |
| 19-20 | വേളാങ്കണ്ണി തീർത്ഥാടനം |
| 25 | Half Yearly Senate |
| 26, 28 | KHELOSTAV (രൂപത) |

**പദയാത്ര**

ഭാരതസഭയിൽ വിശ്വാസത്തിന്റെ വെളിച്ചം പകർന്ന മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1952-ാം വാർഷികത്തോടനുബന്ധിച്ച് കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ ജൂലൈ 3 ന് കണമല സെന്റ് തോമസ് ദൈവാലയത്തിൽ നിന്നും നിലയ്ക്കൽ എക്യുമെനിക്കൽ ദൈവാലയത്തിലേയ്ക്ക് പദയാത്ര നടത്തി. തൊട്ടറിഞ്ഞു വിശ്വസിച്ച പ്രേഷിതതാതന്റെ വിശ്വാസസാക്ഷ്യം ഉറക്കെ പ്രഘോഷിച്ചുകൊണ്ട് 210-ഓളം യുവജനങ്ങൾ പദയാത്രയിൽ പങ്കെടുത്തു. ജൂലൈ 3 ബുധനാഴ്ച രാവിലെ 9.30 ന് ജപമാല പ്രാർത്ഥനയോടെ ആരംഭിച്ച പദയാത്ര എരുമേലി ഫൊറോന വികാരി ബഹു. വർഗീസ് പുതുപ്പറമ്പിൽ രൂപത എസ്.എം.വൈ.എം. പ്രസിഡന്റ് അലൻ എസ്. വെള്ളൂരിന് പതാക നൽകി ഉദ്ഘാടനം ചെയ്തു. വിശ്വാസപ്രഘോഷണ റാലി 3.45 ന് നിലയ്ക്കൽ എത്തിച്ചേർന്നു. മുൻ എസ്.എം.വൈ.എം. ഡയറക്ടർ ബഹു. വർഗീസ് കൊച്ചുപുരയ്ക്കൽ കാർമ്മികത്വം വഹിച്ച വി. കുർബാനയോടെ പദയാത്ര സമാപിച്ചു.

**LEAD**

ലോറേഞ്ച് മേഖലയിലെ ഇടവകതല എക്സിക്യൂട്ടീവ് അംഗങ്ങൾക്കായുള്ള ഏകദിന നേതൃത്വ പരിശീലന പരിപാടി, ലീഡ് 2024 ജൂലൈ 6-ാം തീയതി പൊൻകുന്നം തിരുക്കുടുംബദൈവാലയത്തിലും 16-ാം തീയതി എരുമേലി അസംപ്ഷൻ ദൈവാലയത്തിലും വച്ച് നടത്തപ്പെട്ടു. രൂപത ഡയറക്ടർ ബഹു. ഫാ. തോമസ് നരിപ്പാറയിൽ ക്ലാസുകൾക്ക് നേതൃത്വം നൽകുകയും വി. കുർബാന അർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. രൂപതാ സമിതി ഭാരവാഹികളും ഇതിൽ പങ്കെടുത്തു.

**യുവജനദിനാഘോഷം**

കേരളസഭ 2024 യുവജനവർഷമായി ആചരിക്കുമ്പോൾ 'കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം' എന്ന ആപ്തവാക്യത്തെ അടിസ്ഥാനപ്പെടുത്തി ജൂലൈ 7-ാം തീയതി യുവജനദിനാഘോഷം നടത്തപ്പെട്ടു. രാജഗിരി ഇടവക യുവജനങ്ങൾക്കൊപ്പം രൂപത എസ്.എം.വൈ.എം. ഡയറക്ടർ ബഹു. തോമസ് നരിപ്പാറയിലച്ചനും രൂപത സമിതിയും പങ്കുചേർന്നു. വി. കുർബാന, സന്ദേശം, പതാക ഉയർത്തൽ, സമ്മേളനം എന്നിവയിലൂടെ യുവജനദിനാഘോഷം സമുചിതമായി നടത്തി. രാജഗിരി വികാരി ബഹു. ജോഷി വാണിയപ്പുരയ്ക്കലച്ചൻ സന്ദേശം നൽകുകയും ഇടവകയിലെ എസ്.എം.വൈ.എം. ഭാരവാഹികളെ അനുമോദിക്കുകയും ചെയ്തു.

**നൈറ്റ് വിജിൽ**

ജൂലൈ 6-ാം തീയതി ഉപ്പുതറ സെന്റ് മേരീസ് ദൈവാലയത്തിലും ജൂലൈ 15-ാം തീയതി കൊല്ലമുള സെന്റ് മരിയ ഗൊരേത്തി ദൈവാലയത്തിലും യുവജനങ്ങൾക്കായി നൈറ്റ് വിജിൽ നടത്തപ്പെട്ടു. ബഹു. ഫാ. തോമസ് നരിപ്പാറയിൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

**ടീൻ ഫെസ്റ്റ്**

കൗമാരക്കാരെ വിശ്വാസസബോധ്യങ്ങളിൽ ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെ ടീൻഫെസ്റ്റ് ദ്വിദിന ക്യാമ്പ് രൂപത എസ്.എം.വൈ.

എം. ന്റെ നേതൃത്വത്തിൽ എരുമേലി, റാന്നി, പത്തനംതിട്ട ഫൊറോനകളിലെ കുട്ടികൾക്കായി റാന്നി സിറ്റഡൽ സ്കൂളിൽ വച്ച് ജൂലൈ 13, 14 ദിനങ്ങളിൽ നടത്തപ്പെട്ടു. 130 ഓളം കുട്ടികൾ പങ്കെടുത്ത ഈ ക്യാമ്പിൽ മുൻ എസ്.എം.വൈ.എം. ഡയറക്ടർ ബഹു. ഫാ. വർഗ്ഗീസ് കൊച്ചുപുരയ്ക്കൽ, ബഹു. തോമസ് നരിപ്പാറയിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. വെച്ചൂച്ചിറ, ഇടമൺ, കണ്ണംപള്ളി ഇടവകകളിലെ 24 കൂട്ടായ്മകളിലായി ക്യാമ്പ് അംഗങ്ങൾ കൂട്ടായ്മ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. ആധുനിക യുവത്വം നേരിടുന്ന വെല്ലുവിളികളെ അടിസ്ഥാനമാക്കി ശ്രീ. ബിനോയി കാരയ്ക്കാട്ട് സാറിന്റെ പ്രഭാഷണവും ക്യാമ്പിനെ മനോഹരമാക്കി. ക്യാമ്പ് അംഗങ്ങൾ നടത്തിയ വിശ്വാസപ്രഘോഷണ റാലിക്കുശേഷം ബഹു. ജോസഫ് മരുതോലിൽ അച്ചന്റെ ദിവ്യകാരുണ്യ ആരാധനയോടെ ക്യാമ്പ് സമാപിച്ചു.

**രൂപത എക്സിക്യൂട്ടീവ് സമ്മേളനം**

ജൂൺ 20–ാം തീയതി ശനിയാഴ്ച വൈകിട്ട് 5 മണി മുതൽ 10 മണി വരെ രൂപതാ എസ്.എം.വൈ.എം. ഓഫീസിൽ രൂപത എക്സിക്യൂട്ടീവ്സിന്റെ സമ്മേളനം നടത്തപ്പെട്ടു. ഈ സമ്മേളനത്തിൽ സംഘടനയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങൾക്കായുള്ള പദ്ധതികൾ തയ്യാറാക്കുകയും ചെയ്തു.

**ഇടയകൂടാരം**

ജൂലൈ 25 ന് ഇടയകൂടാരത്തിൽ സംബന്ധിച്ച് എസ്.എം.വൈ. എം. ന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഡയറക്ടർ ഫാ. തോമസ് നരിപ്പാറയിൽ സംസാരിച്ചു.

**വി. അൽഫോൻസാമ്മയുടെ തിരുനാൾ**

ജൂലൈ 28 വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് കോരുത്തോട് ഇടവകയിൽ ഡയറക്ടറച്ചൻ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും യുവതി യുവാക്കളുമായി സംസാരിക്കുകയും ചെയ്തു.

**ഫാ. തോമസ് നരിപ്പാറയിൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

**വിവാഹ ഒരുക്ക ധ്യാനം**

ജൂലൈ 4,5,6 തീയതികളിൽ പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിലും (NRC), ജൂലൈ 18,19,20 തീയതികളിൽ അണക്കര പാസ്റ്ററൽ ആനിമേഷൻ സെന്ററിലും (PAC) വച്ച് വിവാഹഒരുക്ക ധ്യാനങ്ങൾ നടത്തപ്പെട്ടു. ധ്യാനസമയം ഒന്നാം ദിവസം രാവിലെ 8:30 മുതൽ മൂന്നാം ദിവസം വൈകിട്ട് 4 മണി വരെയാണ്.

**ഓഗസ്റ്റ് - സെപ്റ്റംബർ മാസങ്ങളിലെ ധ്യാന തീയതികൾ**

| | |
|---|---|
| ഓഗസ്റ്റ് 1,2,3 (വ്യാഴം - ശനി) | നിർമ്മല റിന്യൂവൽ സെന്റർ, (NRC) പൊടിമറ്റം. |
| ഓഗസ്റ്റ് 15,16,17 (വ്യാഴം - ശനി) | പാസ്റ്ററൽ ആനിമേഷൻ സെന്റർ, (PAC) അണക്കര. |
| സെപ്റ്റംബർ 5,6,7 (വ്യാഴം - ശനി) | നിർമ്മല റിന്യൂവൽ സെന്റർ, (NRC) പൊടിമറ്റം. |
| സെപ്റ്റംബർ 19,20,21 (വ്യാഴം - ശനി) | പാസ്റ്ററൽ ആനിമേഷൻ സെന്റർ, (PAC) അണക്കര. |

രജിസ്ട്രേഷൻ ഫീസ്: 1700 (ആയിരത്തി എഴുനൂറ് രൂപ). രജിസ്റ്റർ ചെയ്യുമ്പോൾ അഡ്വാൻസ് ആയി 700/-രൂപ അടയ്ക്കേണ്ടതാണ്. രജിസ്ട്രേഷനായി ബന്ധപ്പെടേണ്ട നമ്പർ 9497096431, 04828- 205628, 201100.

### ആവേ മരിയ സിംഗിൾസ് മീറ്റ്

ജൂലൈ 8-ാം തീയതി ഏകസ്ഥജീവിതം നയിക്കുന്നവരുടെ സംഗമം ഫാമിലി അപ്പോസ്റ്റലേറ്റ് ഓഫീസിൽ വച്ച് നടത്തപ്പെട്ടു. അവർക്കായി അനുരഞ്ജനകൂദാശയും വിശുദ്ധ കുർബാന അർപ്പണവും ഡയറക്ടറച്ചന്റെ കാർമ്മികത്വത്തിൽ പരികർമ്മം ചെയ്യപ്പെട്ടു. തുടർന്ന് എല്ലാവരും തങ്ങളുടെ വിശേഷങ്ങൾ പങ്കുവയ്ക്കുകയും ഫാമിലി അപ്പോസ്റ്റലേറ്റിന്റെ റീജന്റ് ബ്രദർ എബ്രാഹം ചക്കാലയ്ക്കൽ ക്ലാസ് നയിക്കുകയും ചെയ്തു. സ്നേഹവിരുന്നോടുകൂടി യോഗം സമാപിച്ചു.

### സന്ദർശനം

ജൂലൈ 22 ന് സി.എസ്.എൻ. പ്രൊവിൻഷ്യൽ ടീം ഫാമിലി അപ്പോസ്തലേറ്റ് ഡിപ്പാർട്ട്മെന്റ് സന്ദർശിക്കുകയും പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്തു.

### എബനേസർ സംഗമം

കാഞ്ഞിരപ്പള്ളി രൂപതയിൽ 2024 ജനുവരി മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ വിവാഹം കഴിഞ്ഞ ദമ്പതികളുടെ സംഗമം 2024 ഓഗസ്റ്റ് 4 ന് പൊടിമറ്റം നിർമ്മലാ റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

### ജീവസംരക്ഷണ സന്ദേശയാത്ര

കെ.സി.ബി.സി. പ്രൊലൈഫ് സംസ്ഥാനസമിതി നയിച്ച ജീവസംരക്ഷണ സന്ദേശയാത്രയ്ക്കു ജൂലൈ 12 ന് വെളിച്ചിയാനി സെന്റ് തോമസ് ഫൊറോന പള്ളിയിൽ സ്വീകരണം നൽകി. ജീവൻ ദൈവത്തിന്റെ ദാനമാണെന്നും അതു നശിപ്പിക്കാൻ ആർക്കും അവകാശമില്ലെന്നും ഓർമ്മിപ്പിച്ചുകൊണ്ട് രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഈ യാത്ര കടന്നു പോകേണ്ടതല്ല മറിച്ച് നമ്മുടെ ഓരോരുത്തരുടെയും ഹൃദയത്തിൽ ആഴ്ന്നിറങ്ങേണ്ട സന്ദേശയാത്രയാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. രൂപതാ ഫാമിലി

അപ്പസ്തോലേറ്റ് ഡയറക്ടർ റവ. ഫാ. മാത്യു ഓലിക്കൽ, കെ.സി. ബി.സി. പ്രോലൈഫ് ജനറൽ സെക്രട്ടറി ജെയിംസ് ആഴ്ചങ്ങാടൻ, വെളിച്ചിയാനി ഫൊറോന വികാരി വെരി റവ. ഫാ. എമ്മാനുവേൽ മടുക്കക്കുഴി, പ്രൊലൈഫ് പ്രസിഡന്റ് ജോസുകുട്ടി മേച്ചേരിത്തകിടിയേൽ, ജനറൽ കോ-ഓർഡിനേറ്റർ സാബു ജോസ്, സി.ബി.സി.ഐ. ലെയിറ്റി കൗൺസിൽ സെക്രട്ടറി വി.സി. സെബാസ്റ്റ്യൻ, രൂപതാ പിതൃവേദി പ്രസിഡന്റ് സാജു ജോസഫ് കൊച്ചുവീട്ടിൽ, മാതൃവേദി വെളിച്ചിയാനി ഫൊറോന പ്രസിഡന്റ് ജോളി പുതിയാപറമ്പിൽ എന്നിവർ പ്രസംഗിച്ചു. ജോയിസ് മുക്കുടം ജീവവിസ്മയ മാജിക് അവതരിപ്പിച്ചു. ഫാമിലി അപ്പസ്തോലേറ്റ് ആനിമേറ്റർ സി. ജ്യോതി മരിയ, മാതൃവേദി, പിതൃവേദി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

**എൽറോയി സംഗമം**

നമ്മുടെ രൂപതയിൽ 30 വയസും അതിനുമുകളിലുമുള്ള അവിവാഹിതരായ യുവതീയുവാക്കന്മാരുടെയും ജീവിതപങ്കാളി വേർപിരിഞ്ഞ് വിവാഹത്തിനായി ഒരുങ്ങുന്നവരുടെയും സംഗമം രൂപതാതലത്തിൽ നടത്തുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ ഇടവകയിൽ ഇത്തരത്തിലുള്ള ആളുകളുടെ ലിസ്റ്റ് എത്രയും വേഗം രൂപതാ ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ എത്തിക്കണേ.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# പിതൃവേദി

**ലീഡേഴ്സ് മീറ്റ് – മുണ്ടക്കയം ഫൊറോന**

മുണ്ടക്കയം ഫൊറോനയിലെ എല്ലാ ഇടവകയിൽ നിന്നുമുള്ള എക്സിക്യൂട്ടീവ് അംഗങ്ങൾ മുണ്ടക്കയം വ്യാകുലമാതാ ദൈവാലയത്തിൽ ഒത്തുചേരുകയും പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. താഴെ പറയുന്നവർ തെരഞ്ഞെടുക്കപ്പെട്ടു.

| | |
|---|---|
| പ്രസിഡന്റ് | : ജോമോൻ തോമസ് വാഴപ്പനാടി, പുഞ്ചവയൽ |
| വൈസ് പ്രസിഡന്റ് | : സുനിൽ, കൊല്ലക്കൊമ്പിൽ, പാലൂർക്കാവ് |
| സെക്രട്ടറി | : ഷാജി, മാന്തറ, തെക്കേമല |
| ജോയിന്റ് സെക്രട്ടറി | : ജോസഫ്, കൊല്ലക്കുന്നേൽ, നിർമലഗിരി |
| ട്രഷറർ | : പി.ജെ. വക്കച്ചൻ, പുല്ലുരുത്തിൽ, മുക്കുളം |

നമ്മുടെ രൂപതയുടെ സുവർണ്ണജൂബിലിക്ക് ഒരുക്കമായും, രൂപതയിൽ പിതൃവേദി സംഘടന സ്ഥാപിതമായതിന്റെ രജതജൂബിലിയോടും അനുബന്ധിച്ച് നടത്തുന്ന പിതൃസംഗമം 'പാത്രിസ് കോർദേ' കാഞ്ഞിരപ്പള്ളി, പൊൻകുന്നം ഫൊറോനകളിലെ പള്ളികളിൽ നടത്തി. ഈ സംഗമത്തിൽ താഴെപ്പറയുന്ന റിസോഴ്സ് ടീം അംഗങ്ങൾ ക്ലാസുകൾ നയിച്ചു.

**പൊൻകുന്നം ഫൊറോന**

പൊൻകുന്നം ഹോളി ഫാമിലി – ശ്രീ. ബിനീഷ് കളപ്പുര, എലിക്കുളം ഇൻഫന്റ് ജീസസ് – ശ്രീ. ജോബി പാലാ പുളിക്കൽ, പടനിലം സെന്റ് സെബാസ്റ്റ്യൻസ് – ശ്രീ. സോജൻ പാലക്കുടി, ഇളങ്ങുളം സെന്റ് മേരീസ് – ശ്രീ. മോൻസൻ വെട്ടിക്കാട്ട്, നെയ്യാട്ടുശ്ശേരി

സെന്റ് ജോർജ് - ശ്രീ. അരുൺ നെടുംതകിടിയേൽ, ഇളങ്ങോയി ഹോളി ക്രോസ് - ശ്രീ. സാജൻ പാപ്പച്ചൻ മാമ്മൂട്ടിൽ, ചാമംപതാൽ ഫാത്തിമാ മാതാ - ശ്രീ. ഷിബു കല്ലറക്കൽ, ചെന്നാക്കുന്ന് സെന്റ് ജോർജ് - ശ്രീ. തോമസ് മണിയങ്കേരിൽ, വഞ്ചിമല സെന്റ് ആന്റണീസ് - ശ്രീ. ഷിജോ തോണിയാങ്കൽ, ചെങ്കൽ സേക്രഡ് ഹാർട്ട് - ശ്രീ. ഷിബു കല്ലറക്കൽ, ആനിക്കാട് സെന്റ് മേരീസ് - ശ്രീ. സാജൻ പാപ്പച്ചൻ മാമ്മൂട്ടിൽ, തച്ചപ്പുഴ സെന്റ് മേരീസ് - ശ്രീ. ജോസഫ് മാത്യു ഓലിക്കൽ ഇളങ്ങുളം, പുല്ലാനിത്തകിടി സെന്റ് റീത്താസ് - ശ്രീ. സാജു ജോസഫ് കൊച്ചുവീട്ടിൽ, ചെങ്ങളം സെന്റ് ആന്റണീസ് - ശ്രീ. സാജൻ പാപ്പച്ചൻ മാമ്മൂട്ടിൽ.

**കാഞ്ഞിരപ്പള്ളി ഫൊറോന**

കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക് കത്തീഡ്രൽ - ശ്രീ. സെബാസ്റ്റ്യൻ താന്നിക്കൽ, കപ്പാട് ഹോളി ക്രോസ് - ശ്രീ. സാജൻ പാപ്പച്ചൻ, താമരക്കുന്ന് സെന്റ് എഫ്രേം - ശ്രീ. സോജൻ പാലക്കുടി, അഞ്ചലിപ്പ സെന്റ് പയസ് X - ശ്രീ. ജോബി പാലാപുളിക്കൽ, തരകനാട്ടുകുന്ന് സെന്റ് ആന്റണീസ് - ശ്രീ. അരുൺ നെടുംതകിടിയേൽ, പഴയിടം സെന്റ് മൈക്കിൾസ് - ശ്രീ. ജോസഫ് മാത്യു ഓലിക്കൽ, കറിക്കാട്ടൂർ, സെന്റ് ആന്റണീസ് - ശ്രീ. ഷിബു കല്ലറയ്ക്കൽ.

ഓരോ ഇടവകകളിലും പിതൃസംഗമങ്ങൾക്ക് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട വൈദികർക്കും പങ്കെടുത്ത എല്ലാവർക്കും നന്ദി.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മാതൃവേദി

**പ്രചോദിനി**

അമ്മമാരിൽ മറഞ്ഞിരിക്കുന്ന കഴിവുകളെ കണ്ടെത്തുന്നതിനും വളർത്തുന്നതിനുമായി ജൂലൈ 10 – ന് പൊടിമറ്റം നിർമ്മലാ റിന്യൂവൽ സെന്ററിൽ വച്ച് ലോറേഞ്ച് മേഖലയിലെ പ്രചോദിനിയും ജൂലൈ 30 ന് കട്ടപ്പന സെന്റ് ജോർജ് ഫൊറോന പാരീഷ് ഹാളിൽ വച്ച് ഹൈറേഞ്ച് മേഖലയിലെ പ്രചോദിനിയും നടത്തപ്പെട്ടു. ഫിനാൻസ്, ടൈം മാനേജ്മെന്റ് എന്നീ വിഷയങ്ങളെക്കുറിച്ചു ശ്രീമതി മേരി മെർലിൻ പയസ് ക്ലാസുകൾ നയിച്ചു.

**മെസഞ്ചർ 2K24**

ജൂലൈ 9 – 26 തീയതികളിൽ മാതൃവേദിയുടെ ഫൊറോനാ അസംബ്ലി മെസഞ്ചർ 2K24 എന്ന പേരിൽ കാഞ്ഞിരപ്പള്ളി രൂപതയിലെ ഓരോ ഫൊറോനയിലും നടത്തപ്പെട്ടു. ഫാമിലി അപ്പസ്തോലേറ്റ് ആനിമേറ്റർ സി. ജ്യോതി മരിയ CSN ക്ലാസുകൾ നയിച്ചു. ഓരോ ഫൊറോനയിലും മീറ്റിംഗ് ഉദ്ഘാടനം ചെയ്തവർ.

| | |
|---|---|
| കാഞ്ഞിരപ്പള്ളി | – റവ. ഫാ. റെജി മാത്യു വയലുങ്കൽ |
| പൊൻകുന്നം | – റവ. ഫാ. ജോസ് മംഗലത്തിൽ |
| വെളിച്ചിയാനി | – റവ. ഫാ. മാർട്ടിൻ പാലക്കുടി |
| എരുമേലി | – വെരി റവ. ഫാ. വർഗീസ് പുതുപ്പറമ്പിൽ |
| റാന്നി | – റവ. ഫാ. ജേക്കബ് കൈപ്പൻപ്ലാക്കൽ |
| പത്തനംതിട്ട | – വെരി റവ. ഫാ. ജേക്കബ് പുറ്റനാനിക്കൽ |
| മുണ്ടക്കയം | – വെരി റവ. ഫാ. ജെയിംസ് മുത്തനാട്ട് |
| പെരുവന്താനം | – വെരി റവ. ഫാ. സോബിൻ താഴത്തുവീട്ടിൽ |
| മുണ്ടിയെരുമ | – വെരി റവ. ഫാ. തോമസ് ഞള്ളിയിൽ |

| | |
|---|---|
| അണക്കര | - റവ. ഫാ. ജോസഫ് മണ്ണാംപറമ്പിൽ CMI |
| ഉപ്പുതറ | - വെരി റവ. ഫാ. ഡോമിനിക്ക് കാഞ്ഞിരത്തിനാൽ |
| കുമളി | - റവ. ഫാ. റോബിൻ പട്രകാലായിൽ |
| കട്ടപ്പന | - വെരി റവ. ഫാ. ജോസ് മാത്യു പറപ്പള്ളിൽ |

ഓരോ ഫൊറോനകളിലും ഫൊറോന അസംബ്ലി വളരെ ഭംഗിയായി ക്രമീകരിക്കുവാൻ നേതൃത്വം നല്കിയ ഫൊറോന വികാരിയച്ചന്മാർക്കും, ഡയറക്ടേഴ്സിനും, ആനിമേറ്റേഴ്സിനും, ഫൊറോന ഭാരവാഹികൾക്കും ആത്മാർത്ഥമായ നന്ദി.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ജൂലൈ 8-ാം തീയതി മാതൃവേദി രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടുകയും ഈ മാസം നടത്തപ്പെടേണ്ട കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**മാതൃവേദി വാർഷികം**

ജൂലൈ 16 ന് വെച്ചൂച്ചിറ സെന്റ് ജോസഫ്സ് പാരീഷ് ഹാളിൽ വച്ച് മാതൃവേദിയുടെ യൂണിറ്റ് വാർഷികം വിവിധ പരിപാടികളോടെ സമുചിതമായി ആഘോഷിച്ചു.

**ഗ്രാന്റ് പേരന്റ്സ് ഡേ**

ജൂലൈ 28 ന് ഗ്രാന്റ് പേരന്റ്സ് ഡേയിൽ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. മാത്യു ഓലിക്കൽ കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവകയിൽ വി. ബലിയർപ്പിക്കുകയും പ്രായമായവരെ ആദരിക്കുകയും ചെയ്തു.

**വൈദിക സംഗമം**

ജൂലൈ 11-ാം തീയതി നടന്ന കാഞ്ഞിരപ്പള്ളി രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന മിഷനറി വൈദികരുടെ സംഗമത്തിൽ ഫാമിലി അപ്പസ്തോലേറ്റിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

**യൂണിറ്റ് സന്ദർശനം**

ജൂലൈ 14-ാം തീയതി തുലാപ്പള്ളി സെന്റ് മേരീസ് ഇടവകയിലെ അമ്മമാരെ സന്ദർശിക്കുകയും മാതൃവേദിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ച് സംസാരിക്കുകയും ചെയ്തു.

ജൂലൈ 28 ന് മടുക്ക സെന്റ് മാത്യൂസ് പള്ളിയിൽ മാതൃവേദി യൂണിറ്റ് സന്ദർശനം നടത്തുകയും, പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**ഗ്ലോബൽ മാതൃവേദി മീറ്റിംഗ്**

ജൂലൈ 29 ന് കാക്കനാട് ഗ്ലോബൽ മാതൃവേദിയുടെ മീറ്റിംഗിൽ സംബന്ധിക്കുകയും അർദ്ധവാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

**പ്രചോദിനി ഈ മാസത്തെ തീയതികൾ**

ലോറേഞ്ച് മേഖലയിലെ പ്രചോദിനി ഓഗസ്റ്റ് 7 ബുധനാഴ്ച പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ വച്ചും ഹൈറേഞ്ച് മേഖലയിലെ പ്രചോദിനി ഓഗസ്റ്റ് 14 ബുധനാഴ്ച കട്ടപ്പന സെന്റ് ജോർജ് ഫൊറോന പാരീഷ് ഹാളിൽ വച്ചും നടത്തപ്പെടുന്നു.

**മാതൃവേദി ഇലക്ഷൻ**

ഓഗസ്റ്റ് 28 ന് മുൻപായി ഇടവകയിലെ ഇലക്ഷൻ നടത്തി ഭാരവാഹികളുടെ ലിസ്റ്റ് അതാത് ഫൊറോനാകളിലും രൂപതാ ഓഫീസിലും ഏൽപ്പിക്കുമല്ലോ.

**മാതൃവേദി കലോത്സവം**

ഓഗസ്റ്റ് മാസത്തിൽ ഇടവകയിലെ കലാമത്സരങ്ങൾ നടത്തി വിജയികളുടെ ലിസ്റ്റ് അതാത് ഫൊറോനാകളിൽ ഏൽപ്പിക്കുമല്ലോ.

**മരിയൻ തീർത്ഥാടനം**

സെപ്തംബർ 3-ാം തീയതി രാവിലെ 10.30 ന് കത്തീഡ്രൽ പള്ളിയിൽ നിന്ന് അക്കര പള്ളിയിലേയ്ക്ക് മരിയൻ തീർത്ഥാടനം നടത്തുന്നു. എല്ലാ മാതൃവേദി അംഗങ്ങളും മേരി നാമധാരികളും തീർത്ഥാടനത്തിൽ പങ്കെടുക്കുമല്ലോ.

**നന്ദി**

കഴിഞ്ഞ നാളുകളിൽ അണക്കര ഫൊറോന ആനിമേറ്ററായി 11 വർഷം സേവനം അനുഷ്ഠിച്ച സി. അൻസാ എഫ്.സി.സി.യ്ക്കും



# മാർത്തോമാശ്ലീഹാ ദയാറ നല്ലതണ്ണി

- രണ്ടാം ശനിയാഴ്ച അഭിവന്ദ്യ മുരിക്കൻ പിതാവിന്റെ നേതൃത്വത്തിൽ ഏകദിന ധ്യാനം നടത്തപ്പെട്ടു. അതിൽ 20 പേർ പങ്കെടുത്തു.
- നസ്രാണി സംഗമം - 20 പേർ പങ്കെടുത്തു.

**ഫാ. സേവ്യർ കൂടപ്പുഴ**
Ph : 04869-299207

---

## മാതൃവേദി

വെളിച്ചിയാനി ഫൊറോന ആനിമേറ്ററായി 2 വർഷം സേവനം അനുഷ്ഠിച്ച സി. വേറോനിക്കാ സി.എം.സി.യ്ക്കും പൊൻകുന്നം ഫൊറോന ആനിമേറ്ററായി ഒരു വർഷം സേവനം അനുഷ്ഠിച്ച സി. ആൻസ് ജോസ് എസ്.എച്ചിനും രൂപതാ ഫാമിലി അപ്പസ്തോലേറ്റിന്റെ നന്ദി.

**സ്വാഗതം**

അണക്കര ഫൊറോനയുടെ പുതിയ ആനിമേറ്ററായി നിയമിതയായിരിക്കുന്ന സി. ലിസറ്റ് എസ്.ഡി.യ്ക്കും വെളിച്ചിയാനി ഫൊറോനയുടെ പുതിയ ആനിമേറ്ററായി നിയമിതയായിരിക്കുന്ന സി. മരിയാടോം എഫ്.സി.സി.യ്ക്കും പൊൻകുന്നം ഫൊറോനയുടെ പുതിയ ആനിമേറ്ററായി നിയമിതയായിരിക്കുന്ന സി. മെർലിൻ എസ്.എ.ബി.എസ്. നും ഹൃദ്യമായ സ്വാഗതം.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മേരിമാതാ മൈനർ സെമിനാരി

**ജൂലൈ**

03 നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാളിനോടനുബന്ധിച്ച് ബഹു. സിൽവാനോസ് വടക്കേമംഗലത്തച്ചൻ റാസ കുർബാനയർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് മാർ തോമാശ്ലീഹാ സ്ഥാപിച്ച ഏഴരപള്ളികളെ അധികരിച്ച് വൈദിക വിദ്യാർത്ഥികൾ പേപ്പറുകൾ അവതരിപ്പിച്ചു. പേപ്പറുകൾ അധികരിച്ച് ക്വിസ് പ്രോഗ്രാമും നടത്തി.

11 സെമിനാരിയിലെ മുൻ ആദ്ധ്യാത്മിക പിതാവായിരുന്ന ബഹു. ജോൺ കുന്നപ്പള്ളിയച്ചന്റെ ചരമവാർഷികദിനത്തിൽ റെക്ടർ പെരിയ ബഹു. സെബാസ്റ്റ്യൻ കൊല്ലംകുന്നേലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ പരിശുദ്ധ കുർബാനയും ഒപ്പീസും അർപ്പിച്ചു.

14–18 വൈദികവിദ്യാർത്ഥികളുടെ വാർഷികധ്യാനം നടത്തി. ബഹു. കുര്യാക്കോസ് മൂഞ്ഞേലിയച്ചൻ (MCBS) ധ്യാനവും ആരാധനയും നയിച്ചു.

19 രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവ് സെമിനാരി സന്ദർശിച്ച് വൈദികവിദ്യാർത്ഥികളുമായി സംവദിക്കുകയും രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖകളെ അധികരിച്ച് ക്ലാസ് നയിക്കുകയും ചെയ്തു.

28 വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. വൈദികവിദ്യാർത്ഥികൾ ഭരണങ്ങാനത്ത് വിശുദ്ധയുടെ കബറിടം സന്ദർശിച്ച് പ്രത്യേക പ്രാർത്ഥന നടത്തി.

**ഫാ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റെക്ടർ**

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

**സോണൽ സേവനസമിതി**

2024 ജൂലൈ 7-ാം തീയതി ബഹുമാനപ്പെട്ട ഡയറക്ടറച്ചന്റെ സാന്നിദ്ധ്യത്തിൽ പഴയകൊരട്ടി ആവേ മരിയാ പ്രാർത്ഥനാലയത്തിൽ വച്ച് ഉച്ചകഴിഞ്ഞ് 1.30 മുതൽ സോണൽ സേവനസമിതി സമ്മേളിച്ചു. പ്രാർത്ഥനയ്ക്കുശേഷം റിപ്പോർട്ടും, കണക്കും അവതരിപ്പിച്ചു പാസ്സാക്കി. തുടർന്ന് ഓഗസ്റ്റ് ഒന്നിന് നടക്കുന്ന സോണൽ പുനസംഘടനയെക്കുറിച്ച് ചർച്ച നടത്തി. തദവസരത്തിൽ പ്രീച്ചേഴ്സ് മിനിസ്ട്രി സർട്ടിഫിക്കറ്റുകൾ ഡയറക്ടർ വിതരണം നടത്തി.

**ജൂബിലേവൂസ് 2026 – സഹസ്രദിന ചെയിൻപ്രാർത്ഥന**

ജൂലൈ 8-ാം തീയതി കണ്ണിമല സെന്റ് ജോസഫ്സ് പള്ളിയിൽ വച്ച് ഈ മാസത്തെ സഹസ്രദിന മദ്ധ്യസ്ഥപ്രാർത്ഥന രാവിലെ 9.30 മുതൽ 1.30 pm വരെ നടത്തപ്പെട്ടു. ഫാ. തോമസ് നല്ലൂർക്കാലായിപറമ്പിൽ ദിവ്യബലി അർപ്പിച്ചു. ശ്രീ. റ്റി.ജെ. ജോസഫ് തൂങ്കുഴി വചനസന്ദേശം നൽകി. ഫാ. കുര്യാക്കോസ് വടക്കേടത്ത് ആരാധനക്ക് നേതൃത്വം കൊടുത്തു. ശ്രീ. സണ്ണി എട്ടിയിൽ നന്ദി പ്രകാശിപ്പിച്ചു. ഇടവകയിൽ പ്രാർത്ഥനാഗ്രൂപ്പും ആരംഭിക്കാൻ കഴിഞ്ഞു. അടുത്ത ജൂബിലേവൂസ് പ്രാർത്ഥന 2024 ആഗസ്റ്റ് 8-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണി മുതൽ കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് കത്തീഡ്രൽ പള്ളിയിൽ വച്ച് നടത്തപ്പെടുന്നു.

**LSS ഓൺലൈൻ പരിശീലനം**

2024 ജൂലൈ 8, 22 തീയതികളിൽ ലൈഫ് ഇൻ ദി സ്പിരിറ്റ് സെമിനാർ ഓൺലൈൻ പ്രോഗ്രാമായി നടത്തി.

**തുവാനിസാ മിനിസ്ട്രി**

എല്ലാ ദിവസവും ബഹു. ഡയറക്ടറച്ചന്റെ വചനസന്ദേശം

പ്രഭാതത്തിൽ വാട്ട്സ് ആപ്പ് ഗ്രൂപ്പുവഴി നൽകുന്നു. ദിവസവും ഗ്രൂപ്പ് അംഗങ്ങൾ നിയോഗം വച്ച് ജപമാലചൊല്ലി ഗ്രൂപ്പിൽ ഷെയർ ചെയ്യുന്നു.

**ബൈബിൾ ദൈവശാസ്ത്ര ഡിപ്ലോമാ കോഴ്സ്**

2024 ജൂലൈ 20-ാം തീയതി കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ രൂപതാ തലത്തിൽ കരിസ്മാറ്റിക് നേതൃത്വം നൽകിവരുന്ന ബൈബിൾ ഡിപ്ലോമാ കോഴ്സ് ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ ഡോ. ആന്റണി ചെല്ലന്തറ ക്ലാസുകൾ നയിച്ചു. അടുത്ത ക്ലാസ് 2024 ആഗസ്റ്റ് 17-ാം തീയതി നടത്തപ്പെടുന്നതാണ്.

**ആവേ മരിയാ ശുശ്രൂഷ**

കാഞ്ഞിരപ്പള്ളി രൂപതയുടെ പഴയകൊരട്ടി ആവേ മരിയാ പ്രാർത്ഥനാലയത്തിൽ 05-07-2024 ആദ്യവെള്ളിയാഴ്ച ഏകദിനധ്യാനത്തിൽ ഫാ. കുര്യാക്കോസ് വടക്കേടത്ത് ദിവ്യബലി അർപ്പിച്ച് വചനസന്ദേശം നല്കി. 2024 ജൂലൈ മാസത്തെ ശുശ്രൂഷകൾക്ക് പൊൻകുന്നം സബ്സോൺ നേതൃത്വം കൊടുത്തു. ഫാ. മനോജ് വടക്കേടത്ത്, ശ്രീ. ബാബു കട്ടക്കയം, ശ്രീ. സാജു എബ്രാഹം ഇല്ലിക്കൽ എന്നിവർ മറ്റു വെള്ളിയാഴ്ചകളിൽ വചനസന്ദേശം നൽകി.

**മദ്ധ്യസ്ഥ പ്രാർത്ഥനാ മിനിസ്ട്രി**

മാസത്തിലെ എല്ലാ ചൊവ്വാഴ്ചകളിലും കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സെന്റ് ജോസഫ്സ് ദൈവാലയത്തിൽ രാവിലെ 10 മണി മുതൽ 1 മണി വരെ മദ്ധ്യസ്ഥപ്രാർത്ഥന നടത്തപ്പെടുന്നു. കൂടാതെ എല്ലാ ദിവസവും വാട്സ് ആപ്പ് ഗ്രൂപ്പുവഴി KCSC നൽകുന്ന പ്രത്യേക നിയോഗങ്ങൾ നൽകപ്പെടുന്നുണ്ട്. 21-07-2024 ൽ പ്രവാചക മദ്ധ്യസ്ഥ പ്രാർത്ഥന ദേശീയതല കൂട്ടായ്മയ്ക്ക് കാഞ്ഞിരപ്പള്ളി സോൺ നേതൃത്വം കൊടുത്തു. സ്തുതി, ആരാധന, ശ്രീമതി സിസിലി സേവ്യർ നടത്തി. ദൈവവചനസന്ദേശം ശ്രീ. റെജി ജോസഫ് പുതുപ്പറമ്പിൽകുന്നേൽ കൊടുത്തു.

**ഹൈറേഞ്ച് വാർത്തകൾ**

**കട്ടപ്പന സോണിന് പുതിയ നേതൃത്വം**

ജൂലൈ 16 ന് തുവരയാർ ഉണ്ണിമിശിഹാപ്പള്ളിയിൽ വച്ചു നടന്ന

സോൺ ഉപദേശക സമിതിയിൽ വച്ച് കട്ടപ്പന സോണിന്റെ പുതിയ സേവന സമിതിയെ തിരഞ്ഞെടുത്തു. ബഹു. ജോസഫ് താമരവെളിയച്ചന്റെ നേതൃത്വത്തിൽ കേരള സേവന സമിതി തിരഞ്ഞെടുപ്പു പ്രക്രിയകൾ നയിച്ചു.

1. സണ്ണി വരകുകാലായിൽ തങ്കമണി
2. സിബിച്ചൻ (സന്തോഷ്) പുത്തേട്ട് കൽത്തൊട്ടി
3. ജോജി ( ഉണ്ണി) ചോക്കാട്ട് വാഴവര
4. സിബിച്ചൻ പീടികപറമ്പിൽ വെള്ളാരംകുന്ന്
5. ബിനു കളത്തുക്കുന്നേൽ എഴുകുംവയൽ
6. ഷാജി കിഴക്കേനാത്ത് അണക്കര
7. ജാൻസി ജോസ് തഴവൻക്കോട്ടവിള ചീന്തലാർ
8. വൽസമ്മ തുരുത്തിയിൽ സ്വരാജ്
9. ഇറ്റാലിയ ഐസക്ക് വെള്ളക്കുന്നത്ത് കല്ലാർ

എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. YU4C സോൺ കോഡിനേറ്റർ ജസ്റ്റിൻ കരിമ്പനക്കൽ കാൽവരിമൗണ്ട് സേവന സമതിയിൽ യുവജന പ്രതിനിധിയാകും.

**യുത്ത് ആനിമേറ്റേഴ്സ് ടീം**

സോൺ യൂത്ത് ആനിമേറ്റർ സൽജു ജോസ് മുറിയാനിക്കൽ നേതൃത്വം കൊടുക്കുന്ന യൂത്ത് ആനിമേറ്റേഴ്സ് ടീമിൽ സോണിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായ് 12 ഓളം മുതിർന്നവർ സേവനം ചെയ്യും. ഇവർക്ക് സോൺ തലത്തിൽ പരിശീലനം നൽകും

**ജൂബിലേവൂസ് – 2026**

കരിസ്മാറ്റിക്ക് നവീകരണത്തിന്റെ ജൂബിലിയാഘോഷത്തിന്റെ സഹസ്രദിന പ്രാർത്ഥനാ ഒരുക്കം കട്ടപ്പന സോണിൽ എല്ലാ മാസവും 9–ാം തീയതി നടക്കും.

ജൂലൈ മാസത്തിലെ ശുശ്രൂഷ അണക്കര സബ്സോണിലെ ചക്കുപ്പള്ളം മേനോൻമേട് ജപമാലരാജ്ഞി ക്നാനായ കത്തോലിക്ക പ്പള്ളിയിൽ നടന്നു. സോണൽ സർവ്വീസ് ടീം നേതൃത്വം നൽകി.

**ശിഷ്യത്വ പരിശീലനം**

സോണൽ നേതൃത്വത്തിൽ ഉള്ളവർക്കായുള്ള ശിഷ്യത്വ പരിശീലനത്തിന്റെ പതിമൂന്നാമത്തെ ക്ലാസ് ജൂലൈ 26 വെള്ളിയാഴ്ച്ച വൈകിട്ട് 5:30 മുതൽ 9.00 വരെ കട്ടപ്പന സെന്റ് സ്റ്റീഫൻസ് പള്ളിയിൽ നടന്നു. ശ്രീ. വി.വി. അഗസ്റ്റിൻ ( ഇടുക്കി തങ്കച്ചായൻ ) ക്ലാസ് നയിച്ചു.

അണക്കര സബ് സോണിൽ എല്ലാ രണ്ടാം ബുധനാഴ്ചയും നടക്കുന്ന ശിഷ്യത്വ പരിശീലനത്തിൽ ശ്രീ ജോർജ് കുമ്പിളുമൂട്ടിൽ ക്ലാസെടുക്കും.

**സബ് സോൺ സെമിനാറുകൾ**

അണക്കര സബ് സോണിൽ എല്ലാ മൂന്നാം വെള്ളിയാഴ്ച്ചയും 10 മുതൽ ഒരു മണി വരെ പുറ്റടിപ്പള്ളിയിൽ നടന്നു വരുന്നു.

കുമളി സബ് സോണിൽ മൂന്നാം വെള്ളി വൈകിട്ട് 6 മുതൽ മുരിക്കടി ഏയ്ഞ്ചൽ വാലി ധ്യാനകേന്ദ്രത്തിൽ നടന്നു വരുന്നു.

കല്ലാർ സബ് സോണിൽ എല്ലാ രണ്ടാം വെള്ളിയാഴ്ചയിലും കല്ലാർ മേരിഗിരിപ്പള്ളിയിൽ വൈകിട്ട് 4 മണി മുതലും കട്ടപ്പന സബ്സോണിൽ എല്ലാ രണ്ടാം വ്യാഴാഴ്ച്ച രാവിലെ 10 മുതൽ ഇരുപതേക്കർ സെന്റ് ജോസഫ് പള്ളിയിലും ഇരട്ടയാർ സബ് സോൺ സെമിനാർ എല്ലാ രണ്ടാം ശനിയാഴ്ചയും രാവിലെ 10 മുതൽ 2 വരെ ഇരട്ടയാർ സെന്റ് തോമസ് പള്ളിയിലും നെടുങ്കണ്ടം സബ്സോൺ സെമിനാർ എല്ലാ മൂന്നാം ശനിയാഴ്ച്ചയും രാവിലെ 9:30 മുതൽ 2 വരെ കരുണാ ധ്യാനകേന്ദ്രത്തിലും നടക്കുന്നു.

**മദ്ധ്യസ്ഥ പ്രാർത്ഥന**

അണക്കര സബ് സോണിൽ ആദ്യ വെള്ളിയാഴ്ച്ച 4 മുതൽ 6:30 വരെ ആമയാർ OCD ആശ്രമത്തിലും ഉപ്പുതറ സബ് സോണിൽ എല്ലാ വ്യാഴാഴ്ചയും പരപ്പ് ധ്യാന കേന്ദ്രത്തിലും കല്ലാർ സബ് സോണിൽ ആദ്യ ചൊവ്വാഴ്ചയും കുമളി സബ് സോണിൽ മൂന്നാം ഞായറാഴ്ച്ചയും കട്ടപ്പന സബ് സോണിൽ എല്ലാ ഞായറാഴ്ചയും മദ്ധ്യസ്ഥ പ്രാർത്ഥന നടക്കുന്നു.

**ഫാ. കുര്യാക്കോസ് വടക്കേടത്ത്**
**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

**കൃപാഭിഷേകം ആദ്യശനി ബൈബിൾ കൺവെൻഷൻ**

ജൂലൈ മാസം 6-ാം തീയതി രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ ഡയറക്ടർ ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ ആദ്യശനി ബൈബിൾ കൺവെൻഷൻ നടത്തി. റവ. ഫാദർ റോബിൻസ് മറ്റത്തിൽ, റവ. ഫാദർ തോമസ് അറയ്ക്കൽ, റവ. ഫാദർ അനൂപ് പൊയ്യാനിയിൽ, റവ. ഫാദർ ചാക്കോച്ചൻ കളപ്പുരയിൽ, ബ്രദർ ജോസ്സി, ബ്രദർ വിൻവി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**ജൂലൈ 13 - പരി. റോസാമിസ്റ്റിക്കാ മാതാവിന്റെ തിരുനാൾ**

അണക്കര മരിയൻ ധ്യാനകേന്ദ്രത്തിന്റെ സ്വർഗ്ഗീയ മധ്യസ്ഥയായ പരിശുദ്ധ റോസാമിസ്റ്റിക്കാ മാതാവിന്റെ തിരുനാൾ ജൂലൈ 13 ന് ആഘോഷമായി നടത്തി. തിരുനാളിന് ഒരുക്കമായി ജൂലൈ 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 6 മണി മുതൽ 13-ാം തീയതി ശനിയാഴ്ച രാവിലെ 11 മണി വരെ 101 മണിക്കൂർ അഖണ്ഡ ജപമാലയും ഉണ്ടായിരുന്നു.

**കൃപാനുഭവ റെസിഡൻഷ്യൽ റിട്രീറ്റ്**

ജൂലൈ മാസം 13-ാം തീയതി ശനിയാഴ്ച മുതൽ 18-ാം തീയതി വ്യാഴാഴ്ച വരെ മരിയൻ ധ്യാനകേന്ദ്രത്തിൽ വച്ച് താമസിച്ചുള്ള ധ്യാനം നടത്തി.

**നാഷണൽ & ഇന്റർനാഷണൽ കൃപാഭിഷേകം കൺവെൻഷൻസ്**

ജൂലൈ 20-ാം തീയതി ശനിയാഴ്ച മുതൽ 31-ാം തീയതി

ബുധനാഴ്ച വരെ ഇന്റർനാഷണൽ കൃപാഭിഷേകം ധ്യാനങ്ങളും കൺവെൻഷനുകളും നടത്തി.

**കൃപാനുഭവ ഏകദിന ഉപവാസ കൺവെൻഷൻ**

ജൂലൈ മാസം 20, 27 തീയതികളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ ഏകദിന കൺവെൻഷൻ മരിയൻ ധ്യാന കേന്ദ്രത്തിൽ വച്ച് നടത്തി. റവ. ഫാ. റോബിൻസ് മറ്റത്തിൽ, റവ. ഫാ. അനൂപ് പൊയ്യാനിയിൽ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**മദ്ധ്യസ്ഥ പ്രാർത്ഥനാ സഹായം**

ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ മധ്യസ്ഥപ്രാർത്ഥനാ സഹായത്തിനായി ഫോണിലൂടെ സംസാരിക്കുന്നതിനു സൗകര്യം ക്രമീകരിച്ചിരിക്കുന്നു. വിളിക്കേണ്ട ഫോൺ നമ്പറുകൾ: 04868-253300, 9656141917

**Grace Anointing in Shalom World TV**

Shalom World International TV യുടെ ചാനലിലൂടെ ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചൻ GRACE ANOINTING എന്ന ഇംഗ്ലീഷ് ശുശ്രൂഷ എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചകഴിഞ്ഞ് 3.30 ന് (ET/AEDT/ GMT, ശനിയാഴ്ച രാവിലെ 2 am IST) നടത്തുന്നു.

**Resurrection**

Resurrection എന്ന ശുശ്രൂഷയിലൂടെ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചൻ, FrDominic Valanmanal എന്ന യൂട്യൂബ് ചാനലിലൂടെ ദൈവവചനം പങ്കുവെക്കുന്നു.

**കൃപാഭിഷേകം ടെലിവിഷൻ ശുശ്രൂഷകൾ**

എല്ലാ ആഴ്ചയിലും ശാലോം ടിവിയിൽ പറുദീസ എന്ന പേരിൽ ഞായർ ഉച്ചയ്ക്ക് 1:30നും, തിങ്കൾ വൈകിട്ട് 5 മണിക്കും, വ്യാഴം രാവിലെ 6:30 നും, കൂടാതെ ഗുഡ്നെസ് ടിവിയിൽ വെള്ളിയാഴ്ച രാവിലെ 6:30നും, ചൊവ്വാഴ്ച രാവിലെ 6:30നും ടെലിവിഷൻ ശുശ്രൂഷകൾ നടത്തുന്നു.

**അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ വരും മാസത്തിൽ നടക്കുന്ന ശുശ്രൂഷകൾ**

**കൃപാനുഭവ റെസിഡൻഷ്യൽ റിട്രീറ്റ്**

ഓഗസ്റ്റ് മാസം 4-ാം തീയതി ഞായറാഴ്ച മുതൽ 9-ാം തീയതി വെള്ളിയാഴ്ച വരെ. ( Booking Date: 16th July.)

ഓഗസ്റ്റ് മാസം 10-ാം തീയതി ശനിയാഴ്ച മുതൽ 15-ാം തീയതി വ്യാഴാഴ്ച വരെ. ( Booking Date: 22nd July.)


ധ്യാനത്തിന്റെ ബുക്കിങ്ങുകൾക്കു 04868-253300 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**നാഷണൽ ആൻഡ് ഇന്റർനാഷണൽ കൃപാഭിഷേകം കൺവെൻഷൻസ്**

ഓഗസ്റ്റ് 17-ാം തീയതി ശനിയാഴ്ച മുതൽ 26-ാം തീയതി തിങ്കളാഴ്ച വരെ ഇന്റർനാഷണൽ കൃപാഭിഷേക ധ്യാനങ്ങളും കൺവൻഷനുകളും നടത്തപ്പെടുന്നു.

ഓഗസ്റ്റ് 28-ാം തീയതി ബുധനാഴ്ച മുതൽ സെപ്റ്റംബർ 1-ാം തീയതി ഞായർ വരെ തീയതികളിൽ കുറവിലങ്ങാട് കൃപാഭിഷേകം ബൈബിൾ കൺവെൻഷൻ, തീർത്ഥാടനകേന്ദ്രമായ കുറവിലങ്ങാട് മർത്തമറിയം പള്ളിയിൽ വച്ച് നടത്തപ്പെടുന്നു.

| | |
|---|---|
| **ഫാ. ഡൊമിനിക് വാളന്മനാൽ** | **ഫാ. സ്കറിയ മറ്റത്തിൽ** |
| **(ഡയറക്ടർ)** | **(അസി. ഡയറക്ടർ)** |



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- പൊടിമറ്റം പ്രൊവിൻഷ്യൽ ഹൗസ് മഠാംഗമായ സി. ബ്ലാസിയൂസ് CMC ജൂലൈ 5–ാം തീയതി നിര്യാതയായി. മൃതസംസ്ക്കാരം 6–ാം തീയതി ഉച്ച കഴിഞ്ഞ് 3.30 പൊടിമറ്റം സെന്റ് മേരിസ് ഇടവകപ്പള്ളി സിമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടന്നു.
- 7–ാം തീയതി രാവിലെ കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് കർമലീത്താ മഠാംഗമായ സി. ആൻസിറ്റ CMC നിര്യാതയായി. 8–ാം തീയതി ഉച്ച കഴിഞ്ഞ് 3.30 ന് കത്തീഡ്രൽ പള്ളിയിൽ കാഞ്ഞിരപ്പള്ളി മുൻ രൂപതാദ്ധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ നടത്തപ്പെട്ടു.
- എട്ടാം തീയതി പാലമ്പ്ര സെന്റ് ജോസഫ് മഠാംഗമായ സിസ്റ്റർ എവുജിൻ CMC കോട്ടയ്ക്കപ്പുറം നിര്യാതയായി. മൃത സംസ്കാരം 3.30 ന് പൊടിമറ്റം സെന്റ് മേരീസ് ഇടവക ദൈവാല യത്തിൽ മാർ ജോസ് പുളിക്കൽ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ നടത്തപ്പെട്ടു.
- ജൂലൈ പന്ത്രണ്ടാം തീയതി പാലമ്പ്ര സെന്റ് ജോസഫ് മഠാംഗമായ സിസ്റ്റർ റൊമാന CMC നിര്യാതയായി. മൃത സംസ്കാരം 13–ാം തീയതി 3.30 PM ന്പാലമ്പ്ര ഗദസേമൻ ഇടവക ദൈവാലയത്തിൽ കാഞ്ഞിരപ്പള്ളി മുൻ രൂപതാധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടത്തപ്പെട്ടു.

- ജൂലൈ 16-ാം തീയതി പരിശുദ്ധ കർമ്മല മാതാവിന്റെ തിരുനാൾ ദിനത്തിൽ കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവ് പൊടിമറ്റം പ്രൊവിൻഷ്യൽ ഹൗസിൽ എത്തി വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.
- ജൂലൈ 20, 21 തീയതികളിൽ പൊടിമറ്റം സെന്റ് മേരിസ് ഇടവകയിൽ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ഇടയ സന്ദർശനം നടത്തി. സി.എം.സി സിസ്റ്റേഴ്സ് സജീവമായി പങ്കെടുത്തു
- ഹൈറേഞ്ച് മേഖലയിൽ  വേനലിന്റെ കാഠിന്യത്താൽ ഏലം കർഷകർക്ക് ഉണ്ടായ ബുദ്ധിമുട്ടുകളിൽ സി.എം.സി.യുടെ ഒരു കൈത്താങ്ങ് ഒരു കുടുംബത്തിന് 20000 രൂപാ വീതം 50 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകി.
- കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രഘോഷണഗ്രന്ഥം proof reading-നായി CMC അമലാ പ്രോവിൻസിൽ നിന്നും രണ്ടു സിസ്റ്റേഴ്സ് പങ്കെടുത്തു
- കാഞ്ഞിരപ്പള്ളി ഇൻഫന്റ് ജീസസ് സ്കൂളിൽ ഡിസ്ട്രിക്റ്റ് ലെവൽ ചെസ് മത്സരം നടത്തപ്പെട്ടു. ഫാദർ ജസ്റ്റിൻ മതിയത്ത് ഉദ്ഘാടനം നടത്തി.

## ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- പ്രൊവിൻസ് ഡേ സമുചിതമായി ആഘോഷിച്ചു.
- പൂമറ്റം സെന്റ് തോമസ് പള്ളിയിൽ വച്ച് നടന്ന ഇടവക ദിനാഘോഷങ്ങളിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- പുഞ്ചവയൽ നിർമ്മല ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളിലെ കുട്ടികളുടെ മാതാപിതാക്കൾക്ക് സി. റ്റെസി മരിയ ക്ലാസെടുത്തു.
- നാഷണൽ എൻ.ജി.ഓ കോൺഫെഡറേഷന്റെ ജൈവവള പദ്ധതിയുടെ ഭാഗമായി കർഷകർക്ക് 50% സബ്സിഡിയോടെ

അണക്കര, പൊടിമറ്റം, കൊല്ലമുള ഈ പ്രദേശങ്ങളിൽ വെച്ച് വളം വിതരണം ചെയ്തു.

- Higher Diploma in Catechesis ൽ സി. റിറ്റാ മരിയ ഒന്നാം റാങ്കും,സി. ആനി മരിയ രണ്ടാം റാങ്കും കരസ്ഥമാക്കി.
- സന്നദ്ധ സംഘടനകളെയും CSR സ്ഥാപനങ്ങളെയും സോഷ്യൽ സ്റ്റാർട്ടപ്പുകളെയും സംയോജിപ്പിച്ചു കൊണ്ട് എറണാകുളത്തു വച്ച് നാഷണൽ എൻ.ജി.ഓ കോൺഫെഡറേഷൻ സംഘടിപ്പിച്ച സോഷ്യൽ ഇന്നവേഷൻ സമ്മിറ്റ് 2024 ൽ സി. ഗ്രേയ്സ് വയലിൽ പുരയിടവും സി. ആനി മരിയായും സംബന്ധിച്ചു
- അൽഫോൻസാമ്മയുടെ തിരുനാൾ സമുചിതമായി ആഘോഷിച്ചു

## ആരാധനാ സന്യാസിനി സമൂഹം (SABS)

- അധ്യാപന രംഗത്ത് സേവനമനുഷ്ഠിക്കുന്ന സിസ്റ്റേഴ്സിനായി പ്രൊവിൻഷ്യൽ ഹൗസിൽ സംഘടിപ്പിക്കപ്പെട്ട ഏകദിന സെമിനാറിൽ അഡ്വ. ജിജിൽ ജോസഫ് ക്ലാസ് നയിച്ചു.
- എല്ലാ ഭവനസമൂഹങ്ങളിലെയും യൂക്കരിസ്റ്റിക് സെന്റർ ചാർജ് വഹിക്കുന്ന സിസ്റ്റേഴ്സിന്റെ മീറ്റിംഗ് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു.
- പൊടിമറ്റം നിർമ്മല തിയോളജി കോളേജിൽ ബാച്ച് അടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ട ഏകദിന സെമിനാറിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- ഇളങ്ങുളം ഇടവകയിൽ 'ദിവ്യകാരുണ്യ സായാഹ്നം' നടത്തി. സി. മെർലിൻ കാഞ്ഞിരത്തിങ്കൽ, സി. ആൻസ് മാത്യു എന്നിവർ നേതൃത്വം നല്കി.
- SABS Women's Welfare Association - ന്റെ വാർഷിക പൊതുയോഗം

ബഹു. പ്രൊവിൻഷ്യലമ്മയുടെ അധ്യക്ഷതയിൽ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു. ഓൾഡ് ഏജ് ഹോം, ബാലികാഭവൻ, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, നല്ലിടയൻ ആശ്രമം എന്നിവിടങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന സിസ്റ്റേഴ്സ് യോഗത്തിൽ പങ്കെടുത്തു.

- മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് കാരുണ്യദിനത്തിന്റെ ഭാഗമായി ആനിത്തോട്ടം നല്ലിടയൻ ആശ്രമത്തിൽ കോൺഗ്രസ് മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ അനുസ്മരണ പരിപാടികൾ സംഘടിപ്പിച്ചു.
- ഡോ. സി. തെരേസ് ആലഞ്ചേരിയുടെ പുതിയ പുസ്തകമായ 'വെയിലുറങ്ങാത്ത രാത്രി' (സെന്റ് ജോൺ ഓഫ് ദി ക്രോസിന്റെ ജീവിതം കവിതയായി വിരിയുന്ന നോവൽ) യുടെ പ്രകാശന കർമ്മം എറണാകുളം പി.ഓ.സി.യിൽ വച്ച് നടത്തപ്പെട്ടു.
- സ്ഥാപകപിതാവിന്റെ ചരമദശാബ്ദിയോടനുബന്ധിച്ച് രണ്ടു സാധുകുടുംബങ്ങൾക്ക് ഭവനങ്ങൾ നിർമ്മിച്ചു നല്കുകയും മറ്റൊരു കുടുംബത്തിന് ഭവനനിർമ്മാണസഹായം നല്കുകയും ചെയ്തു.
- പ്രൊവിൻസിന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യഭവനങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന care takers ന്റെ സമ്മേളനം ഓൾഡ് ഏജ് ഹോമിൽ ബഹു. പ്രൊവിൻഷ്യലമ്മയുടെ നേതൃത്വത്തിൽ കൂടുകയും അവർക്ക് സമ്മാനങ്ങൾ നല്കുകയും ചെയ്തു.
- കാഞ്ഞിരപ്പള്ളി രൂപത കോർപ്പറേറ്റ് സ്കൂളുകളിലെ ഡൈമണ്ട് സർക്കിൾ യു.പി. സെക്ഷനിലെ ബെസ്റ്റ് സ്കൂൾ അവാർഡ് കരസ്ഥമാക്കിയ കാഞ്ചിയാർ സെന്റ് മേരീസ് യു.പി. സ്കൂൾ ഹെഡ്മിസ്ട്രസ് സി. ബ്രിജിറ്റ് മൂവേലിക്ക് അഭിനന്ദനങ്ങൾ

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- സുപ്പീരിയർ ജനറൽ റവ. സി. നിർമ്മല കുര്യാക്കോസ് പൊടിമറ്റം, കൊരട്ടി, ആയാംകുടി, അടൂർ, എന്നീ ഭവനങ്ങളിൽ കാനോനിക സന്ദർശനം നടത്തി.
- ജൂലൈ 18 ന് അടൂർ ബ്രദർ ഫോർത്തുനാത്തൂസ് മെമ്മോറിയൽ ഓൾഡേജ് ഹോമിൽ വെച്ച് മുൻമുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടിയുടെ ഒന്നാം ചരമവാർഷിക അനുസ്മരണം കനിവ് ചാരിറ്റബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തി. ജനപ്രതിനിധികളും വൈദികരും സിസ്റ്റേഴ്സും ഇതിൽ പങ്കെടുത്തു. സുപ്പീരിയർ സി.വിമല ആശംസകൾ നേർന്ന യോഗത്തിൽ ഓൾഡേജ് ഹോമിലെ അമ്മമാരെ ആദരിക്കുകയും അവർക്ക് ഭക്ഷണം നൽകുകയും ചെയ്തു.
- 12/7/2024 ൽ ഛത്തീസ്ഗഡിലെ ജഗദൽപൂർ രൂപതയിൽ Tellimarenga എന്ന സ്ഥലത്ത് Sisters of Charity of St. John of God Mission ൽ ഉള്ള formation house ന്റെ തറക്കൽ ഇടിൽ ചടങ്ങ് അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ നിർവഹിച്ചു.
- ജൂലൈ 21 മുതൽ 27 വരെ കട്ടപ്പന ജനറലേറ്റ് ഭവനത്തിൽ വച്ച് 35 സിസ്റ്റേഴ്സ് അടങ്ങുന്ന ആദ്യ ബാച്ച് വാർഷിക ധ്യാനം ക്ലരിഷ്യൻ സമൂഹാംഗമായ ബഹുമാനപ്പെട്ട ഫാദർ ജോയി ചേരാടിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു.
- ജൂലൈ 27-ന് കാഞ്ഞിരപ്പള്ളി രൂപത സിഞ്ചെല്ലൂസ് റവ. ഫാ.കുര്യൻ താമരശ്ശേരിയും ഫാ. സ്റ്റാൻലി പുള്ളോലിക്കലും ക്രൈസ്തവവിശ്വാസം സമകാലികവെല്ലുവിളികളെ നേരിടുവാൻ ശക്തം എന്ന വിഷയത്തെക്കുറിച്ചു സിസ്റ്റേഴ്സിനു ക്ലാസ്സ് എടുത്തു.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- ദുക്റാന തിരുനാളിൽ ബ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ റാസ കുർബാന അർപ്പിച്ചു. ബ. ഫാ. ഫിലിപ്പ് വട്ടയത്തിൽ, ബ. ഫാ. കാർലോസ് കീരംഞ്ചിറ എന്നിവർ സഹകാർമ്മികർ ആയിരുന്നു.
- സി. മേരി ഫിലിപ്പ്, സി. ജൂലിയ എന്നിവർ എം.എം.റ്റി. ഹോസ്പിറ്റലിൽ സി. അന്നാ റോസിന്റെ Graduation Ceremoney ൽ പങ്കെടുത്തു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. മേരി ഫിലിപ്പ് ആശംസ അർപ്പിച്ചു.
- പ്രൊവിൻഷ്യൽ ഹൗസിൽ സുപ്പീരിയേഴ്സ് മീറ്റിംഗ് നടത്തി. ബ. ഫാ. ജോസ് പുഴക്കര OSB ക്ലാസെടുത്തു.
- സി. ആനി ജോൺ, സി. ജൂലിയ, സി. മേരിലിറ്റ്, സി. എലിസബത്ത്, സി. എൽസിൻ എന്നിവർ ജനറലേറ്റിൽ പ്ലാനിംഗ് മീറ്റിംഗിൽ പങ്കെടുത്തു.
- സി. അൻസ, സി. ലിസ്ബത്ത് Kalyan മിഷൻ സന്ദർശിച്ചു.
- സി. ആനി ജോൺ ഡൽഹി എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ Education കൗൺസിലേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു.
- റിന്യൂവൽ സെന്ററിൽ 1995 - 2000 ബാച്ചിലെ സിസ്റ്റേഴ്സിന്റെ മീറ്റിംഗിൽ സഹോദരിമാർ പങ്കെടുത്തു.
- സി. ജൂലിയ, സി. ആഗ്നൽ, സി. അഞ്ജു, സി. സേറ എന്നിവർ മുക്കൂട്ടുതറ വിമലാഭവനിലെ അന്തേവാസികൾക്കായി സെമിനാർ നടത്തി.
- കമ്പം മിഷനിൽ ബ്രദേഴ്സ് നടത്തിയ സർവ്വേയുടെ റിപ്പോർട്ട് അവതരണത്തിലും ചർച്ചയിലും, സ്വയം തൊഴിൽ പദ്ധതിയുടെ ഉദ്ഘാടനത്തിലും സി. മേഴ്സി ജോസ്, സി. റോസ് റ്റോം എന്നിവർ പങ്കെടുത്തു. ഉദ്ഘാടനകർമ്മം ബ. ഫാ. ജോസഫ് വെള്ളമറ്റം നിർവഹിച്ചു. സി. റോസ് റ്റോം ആശംസ അർപ്പിച്ചു.

- കണ്ണിമല ഇടവകയിലെ സൺഡേസ്കൂൾ കുട്ടികൾക്ക് സി. കൊച്ചുറാണി, സി. അലീന, സി. ആഗ്നൽ, സി. സേറ മരിയ എന്നിവർ രണ്ടു ദിവസത്തെ ധ്യാനം നടത്തി.
- സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബത്തിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.
- ദേശീയ ഡോക്ടേഴ്സ് ദിനത്തിൽ PHC ഹോസ്പിറ്റലുകളിൽ സേവനമനുഷ്ഠിച്ചിരുന്ന റിട്ടയർ ഡോക്ടർമാരെ ആദരിച്ചു
- വണ്ടൻപതാൽ, കൂവപ്പള്ളി എന്നിവിടങ്ങളിൽ ബറാക്കാ വരുമാനദായക പദ്ധതിയുടെ ഭാഗമായി സബ്സിഡി നിരക്കിൽ നാടൻ കോഴി കുഞ്ഞുങ്ങളെ വാങ്ങി നൽകി.
- നെടുംകുന്നം സെന്റ് തെരേസാസ് എൽ.പി. സ്കൂളിലെ കുട്ടികളുടെ രക്ഷകർത്താക്കൾക്കായി സ്മാർട്ട് പേരെന്റിംഗ് എന്ന വിഷയത്തിലും, കാഞ്ചിയാർ സെന്റ് മേരീസ് സ്കൂളിലെ കുട്ടികൾക്കായി ഊർജ്ജസംരക്ഷണത്തെക്കുറിച്ചു സോഷ്യൽ വർക്ക് പ്രോഗ്രാം മാനേജർ രഞ്ജിത് ക്ലാസ്സെടുത്തു.
- 45 പേർ അടങ്ങുന്ന മോചന കൂട്ടായ്മ പൊടിമറ്റത്തുവച്ച് എല്ലാ ഞായറാഴ്ചയും നടത്തുന്നു.
- ഉജ്ജയിൻ പ്രൊവിൻഷ്യൽ ഹൗസിൽ തിരുഹൃദയസന്യാസിനി സമൂഹത്തിന്റെ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളുടെ 25-ാമത് കോർ ഗ്രൂപ്പ് മീറ്റിംഗിൽ സി. ലിസ്ബത്ത്, രഞ്ജിത്ത് എന്നിവർ പങ്കെടുത്തു.
- അമൽജ്യോതി MCA department teachers ന് Transactional Analysis for Personal Growth നെ സംബന്ധിച്ചു House Keeping സ്റ്റാഫിന് സുജോക് തെറാപ്പിയെ സംബന്ധിച്ചു സി. ഡോ. എൽസിൻ ക്ലാസ്സെടുത്തു.
- Adimaly Vishwa Deepthi Public School - ലെ കുട്ടികൾക്കും പൊൻകുന്നം ഫൊറോനയിലെ സൺഡേസ്കൂൾ ടീച്ചേഴ്സിന് തച്ചപ്പുഴ ഇടവകയിലും ഏകദിനസെമിനാറും കുറമുള്ളൂര് ഫൊറോനയിലെ ബഹുമാനപ്പെട്ട അച്ചന്മാർക്കും സിസ്റ്റേഴ്സിനും കുമരകം സ്കൂളിലെ PTA അംഗങ്ങൾക്കും സി. ഡോ. അന്ന മരിയ ക്ലാസ്സെടുത്തു.

# സ്നേഹസ്മരണയ്ക്ക്



**സി. ബ്ലാസിയൂസ് CMC**
**കല്ലമ്പള്ളിൽ**

ജനനം : 22-04-1940
ആദ്യവ്രതം : 20-04-1961
നിത്യവ്രതം : 24-05-1965
മരണം : 05-07-2024



**സി. ആൻസിറ്റ CMC**
**പെരുമണ്ണിൽ**

ജനനം : 21-07-1945
ആദ്യവ്രതം : 22-04-1965
നിത്യവ്രതം : 31-05-1969
മരണം : 07-07-2024



**സി. എവുജിൻ CMC**
**കോട്ടയ്ക്കപ്പുറത്ത്**

ജനനം : 25-06-1939
ആദ്യവ്രതം : 22-04-1965
നിത്യവ്രതം : 31-05-1969
മരണം : 08-07-2024



**സി. റൊമാന CMC**
**കൊല്ലക്കൊമ്പിൽ**

ജനനം : 19-03-1934
ആദ്യവ്രതം : 26-04-1958
നിത്യവ്രതം : 26-04-1961
മരണം : 12-07-2024



**സി. ആൻ മരിയ SABS**
**കപ്പലുമാക്കൽ**

ജനനം : 08-12-1973
ആദ്യവ്രതം : 29-04-2000
നിത്യവ്രതം : 06-04-2005
മരണം : 20-07-2024

# കത്തോലിക്കാ കോൺഗ്രസ് (A.K.C.C.)

**ഫൊറോന ഭാരവാഹികളുടെ സത്യപ്രതിജ്ഞ**

കത്തോലിക്കാ കോൺഗ്രസ് പൊൻകുന്നം ഫൊറോന ഭാരവാഹികളുടെ സത്യപ്രതിജ്ഞ 22-06-2024 ശനിയാഴ്ച ചെങ്ങളം സെന്റ് ആന്റണീസ് പാരീഷ് ഹാളിൽ നടന്നു. വികാരി മോൺ. ജോർജ് ആലുങ്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. മാത്യു പാലക്കുടി സത്യപ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. ഫൊറോന പ്രസിഡന്റ് റെന്നി ചക്കാലയിലിന്റെ അദ്ധ്യക്ഷതയിൽ രൂപതാ പ്രസിഡന്റ് ബേബി കണ്ടത്തിൽ, ഗ്ലോബൽ വൈസ് പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, രൂപത ജനറൽ സെക്രട്ടറി ജോസഫ് പണ്ടാരക്കളം, ചെങ്ങളം യൂണിറ്റ് പ്രസിഡന്റ് ജോയ്സി ചെങ്ങളത്തുപറമ്പിൽ, രൂപത സെക്രട്ടറി ജോസ് കല്ലൂരാത്ത്, ടോമി കണ്ണിമാൻകുന്നേൽ എന്നിവർ പ്രസംഗിച്ചു.

കാഞ്ഞിരപ്പള്ളി ഫൊറോനയിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ സത്യപ്രതിജ്ഞ 07-07-2024 ഞായറാഴ്ച ചിറക്കടവ് സെന്റ് ഇഫ്രേംസ് പാരീഷ് ഹാളിൽ നടന്നു. ഫൊറോന പ്രസിഡന്റ് ടോമിച്ചൻ പാലമുറിയുടെ അദ്ധ്യക്ഷതയിൽ അസി. വികാരി ഫാ. സിജോ നടയ്ക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. മാത്യു പാലക്കുടി പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. ഗ്ലോബൽ സമിതിയംഗം ടെസി ബിജു പാഴിയാങ്കൽ സ്വാഗതം ആശംസിച്ചു. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ജോമി കൊച്ചുപറമ്പിലിനെ യോഗത്തിൽ ആദരിച്ചു. രൂപത പ്രസിഡന്റ് ബേബി കണ്ടത്തിൽ, ജനറൽ

സെക്രട്ടറി ജോസഫ് പണ്ടാരക്കളം, സഹ. വികാരി ഫാ. തോമസ് കാരുവള്ളിൽ, ഫൊറോന സെക്രട്ടറി ബിജു ശൗര്യാംകുഴി, ചിറക്കടവ് യൂണിറ്റ് പ്രസിഡന്റ് എബ്രഹാം വർഗീസ് കൊന്നയ്ക്കൽ എന്നിവർ പ്രസംഗിച്ചു.

എരുമേലി ഫൊറോന ഭാരവാഹികളുടെ സത്യപ്രതിജ്ഞ 14-07-2024 ൽ കണമല സെന്റ് തോമസ് പാരീഷ് ഹാളിൽ നടന്നു. ഫൊറോന പ്രസിഡന്റ് ബിജു തേനംമാക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം കണമല സെന്റ് തോമസ് ഇടവക വികാരി ഫാ. മാത്യു നിരപ്പേൽ ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. മാത്യു പാലക്കുടി സത്യവാചകം ചൊല്ലിക്കൊടുത്തു. രൂപത പ്രസിഡന്റ് ബേബി കണ്ടത്തിൽ, ഗ്ലോബൽ വൈസ് പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ഗ്ലോബൽ സമിതിയംഗം ടെസി ബിജു പാഴിയാങ്കൽ, രൂപത ജനറൽ സെക്രട്ടറി ജോസഫ് പണ്ടാരക്കളം എന്നിവർ പ്രസംഗിച്ചു. കണമല യൂണിറ്റ് പ്രസിഡന്റ് ജോസുകുട്ടി കല്ലൂക്കുളങ്ങര സ്വാഗതവും ഫൊറോന ജനറൽ സെക്രട്ടറി ഷെബിൻ പൂവത്തുങ്കൽ കൃതജ്ഞതയും രേഖപ്പെടുത്തി.

**നേതൃസംഗമം**

2024-27 പ്രവർത്തനവർഷത്തിൽ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റ്, ഫൊറോന, രൂപത ഭാരവാഹികളെയും യൂണിറ്റുകളിലെ അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള വിപുലമായ നേതൃപരിശീലന പരിപാടി 2024 ആഗസ്റ്റ് 18 ഞായറാഴ്ച കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ നടത്തുന്നതിന് തീരുമാനിച്ചു. അഭിവന്ദ്യ ബിഷപ്പ് മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്യുന്ന ക്യാമ്പിൽ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ എന്നിവർ ക്ലാസുകൾ നയിക്കും.

## തിരഞ്ഞെടുത്തു

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് കാഞ്ഞിരപ്പള്ളി രൂപതയിൽ നിന്നുള്ള പ്രതിനിധിയായി ജോമി ഡോമിനിക് കൊച്ചുപറമ്പിൽ (കപ്പാട്), ഗ്ലോബൽ സമിതിയംഗമായി ടെസി ബിജു പാഴിയാങ്കൽ (ചിറക്കടവ്) എന്നിവരെ തിരഞ്ഞെടുത്തു. ഗ്ലോബൽ സമിതി പ്രസിഡന്റായി രാജീവ് കൊച്ചുപറമ്പിൽ (പാലാ), ജനറൽ സെക്രട്ടറിയായി ഡോ. ജോസുകുട്ടി ജെ. ഒഴുകയിൽ (കോതമംഗലം), ട്രഷററായി അഡ്വ. ടോണി പുഞ്ചക്കുന്നേൽ (തലശ്ശേരി) എന്നിവർ ഉൾപ്പെടുന്ന 51 അംഗ ഭരണസമിതിയെ തിരഞ്ഞെടുത്തു.

## സത്യപ്രതിജ്ഞയും നേതൃസംഗമവും

കത്തോലിക്ക കോൺഗ്രസ് 2024-27 പ്രവർത്തന വർഷത്തെ പുതിയ ഭാരവാഹികളുടെയും രൂപതകളിൽ നിന്നുള്ള കേന്ദ്രപ്രതിനിധി സഭാംഗങ്ങളുടെയും സത്യപ്രതിജ്ഞയും നേതൃസംഗമവും ജൂലൈ 3 ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. കാഞ്ഞിരപ്പള്ളി രൂപതയിൽ നിന്നുള്ള കേന്ദ്ര പ്രതിനിധി സഭാംഗങ്ങൾ ചടങ്ങിൽ പങ്കെടുത്തു.

## 'ഡോക്ടേഴ്സ് ഡേ' ആചരിച്ചു

കത്തോലിക്ക കോൺഗ്രസ് കപ്പാട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഡോക്ടേഴ്സ് ദിനമായ ജൂലൈ 1 ന് കാളകെട്ടി അസ്സീസി ആശുപത്രിയിലെ ഡോ. സി. ജരാർഡ് ഫ്രാൻസിസിനെ ആശംസകൾ നേർന്ന് ആദരിച്ചു. ആശുപത്രി സ്റ്റാഫിനും രോഗികൾക്കും മധുരം വിതരണം ചെയ്തു. ഗ്ലോബൽ വൈസ് പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, രൂപതാ ട്രഷറർ ജോജോ തെക്കുംചേരിക്കുന്നേൽ, യൂണിറ്റ് ഭാരവാഹികളായ സാബു മുടപ്പാലയിൽ, ജോബി തെക്കുംചേരിക്കുന്നേൽ, സജി പി. ഡൊമിനിക്, സിബി വെങ്ങാലൂർ, സ്വപ്നിൽ കല്ലൂക്കുളങ്ങര, ജോയി പാലക്കുടി തുടങ്ങിയവർ നേതൃത്വം നൽകി.

**അനുമോദനയോഗം**

കത്തോലിക്ക കോൺഗ്രസ് ആനക്കല്ല് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇക്കഴിഞ്ഞ പത്താംക്ലാസ്, പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയ കുട്ടികളെ അനുമോദിച്ചു. ആനക്കല്ല് പാരീഷ് ഹാളിൽ 23-06-2024 ൽ ചേർന്ന യോഗത്തിൽ യൂണിറ്റ് പ്രസിഡന്റ് ബിജു ശൗര്യാംകുഴി അദ്ധ്യക്ഷ വഹിച്ചു. വികാരി ഫാ. ജോൺ പനച്ചിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റും കാഷ് അവാർഡും വിതരണം ചെയ്തു. രൂപത പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ബേബി കണ്ടത്തിലിന് യോഗത്തിൽ സ്വീകരണം നൽകി. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ വൈസ് പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ജോസ് മടുക്കക്കുഴി, ടോമിച്ചൻ പാലമുറി എന്നിവർ പ്രസംഗിച്ചു.

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട കപ്പാട് ഇടവകാംഗമായ ജോമി കൊച്ചുപറമ്പിലിനെ 13-07-2024 ൽ ചേർന്ന കപ്പാട് യൂണിറ്റ് യോഗത്തിൽ ആദരിച്ചു. പ്രസിഡന്റ് ജോൺസൺ പന്തപ്ലാക്കലിന്റെ അദ്ധ്യക്ഷതയിൽ വികാരി ഫാ. ആന്റണി മണിയങ്ങാട്ട് മുഖ്യപ്രഭാഷണം നടത്തി. സാബു മാത്യു മുടപ്പാലയിൽ, ജോജോ തെക്കുംചേരിക്കുന്നേൽ, സ്വപ്നിൽ കല്ലൂക്കുളങ്ങര എന്നിവർ ആശംസകളർപ്പിച്ചു.

**രൂപത സമിതിയോഗം**

കത്തോലിക്ക കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപത സമിതി യോഗം 13-07-2024 ൽ പ്രസിഡന്റ് ബേബി കണ്ടത്തിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന് സംഘടനയുടെ വരുംകാല പ്രവർത്തനങ്ങൾക്ക് രൂപം നൽകി.

**ഫാ. മാത്യു പാലക്കുടി**
**ഡയറക്ടർ**

# തേനി മിഷൻ വാർത്തകൾ

**കമ്പം മിഷൻ**

- ജൂലൈ 1 മുതൽ 6 വരെ Clean Cumbum Project എന്ന പേരിൽ ഒരു സർവ്വേ നടത്തി. മാനസിക രോഗികൾ, സംരക്ഷിക്കാൻ ആരും ഇല്ലാതെ ഭവനങ്ങളിൽ ഒറ്റപ്പെട്ടു കഴിയുന്നവർ തുടങ്ങിയവരെ കണ്ടെത്തുക ആയിരുന്നു ലക്ഷ്യം.

- ജൂലൈ 13-ന് Clean Cumbum Project അനുസരിച്ചുള്ള റിപ്പോർട്ട് കമ്പം SH മിഷൻ സെന്ററിൽ ബഹു. Dn. Amanto അവതരിപ്പിച്ചു. പ്രസ്തുത മീറ്റിംഗിൽ കാഞ്ഞിരപ്പള്ളി രൂപത വികാരി ജനറൽ പെരിയ ബഹു. ജോസഫ് വെള്ളമറ്റം അച്ചൻ, തക്കല രൂപത ചാൻസലർ പെരിയ ബഹു. ജോഷി കുളത്തുങ്കൽ അച്ചൻ, കുമളി ഫൊറോന വികാരി പെരിയ ബഹു. തോമസ് പൂവത്താനിക്കുന്നേൽ അച്ചൻ, SH വിമല പ്രൊവിൻസിൽ നിന്നുള്ള പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. ഈ മീറ്റിംഗിൽ Cumbum മിഷനിൽ ഉൾപ്പെടുന്ന ഗ്രാമങ്ങളിലെ സ്ത്രീകൾക്കായി ഒരു സ്വയം തൊഴിൽ പദ്ധതി എന്ന നിലയിൽ Hairband Project ഉദ്ഘാടനം ചെയ്തു.

- മുതിർന്നവർക്കും കുട്ടികൾക്കും ബന്ധപ്പെട്ടവർ ആവശ്യപ്പെടുന്നതനുസരിച്ച് sisters counselling നൽകി വരുന്നു.

**തേനി മിഷൻ**

- അഴകാപുരി, ജംഗാൽപട്ടി എന്നീ ഊരുകളിൽ വൈകുന്നേരങ്ങളിൽ ഭവനസന്ദർശനം നടത്തി. ഈ സ്ഥലങ്ങളിൽ കുട്ടികൾക്കായി നടത്തുന്ന tuition ശരിയായ വിധത്തിൽ നടക്കുന്നു എന്നു ഉറപ്പു വരുത്തുകയും പുതിയ black board -ന് വേണ്ട സാമ്പത്തിക സഹായം നല്കുകയും ചെയ്തു.
- രോഗബാധിതരായി കിടക്കുന്നവരെ പ്രത്യേകം സന്ദർശിച്ച് അവർക്കു വേണ്ടി പ്രാർത്ഥിച്ചു. ഈ സന്ദർശനങ്ങൾ വഴി ഞായറാഴ്ച ദിവസങ്ങളിൽ വിശുദ്ധ കുർബാനയിൽ പങ്കെടുക്കാൻ ഏതാനും ആളുകൾ വരുന്നുണ്ട്.

**ഫാ. തോമസ് കാഞ്ഞിരക്കാട്ട്** — **(ഡയറക്ടർ)**

**ഫാ. ഷാൻ ആയല്ലൂർ** — **(അസി. ഡയറക്ടർ)**

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**MMT ഹോസ്പിറ്റൽ പുതിയ അത്യാഹിത വിഭാഗം പ്രവർത്തനമാരംഭിച്ചു.**

ജൂലൈ എട്ടാം തീയതി തിങ്കളാഴ്ച മുതൽ എം.എം.ടി ഹോസ്പിറ്റൽ പുതിയ ബിൽഡിങ്ങിൽ അത്യാഹിത വിഭാഗം പ്രവർത്തനമാരംഭിച്ചു. കുമളി സെന്റ് തോമസ് ഫൊറോനാ വികാരി ഫാദർ തോമസ് പൂവത്താനിക്കുന്നേൽ, ഹോസ്പിറ്റലിലെ വൈദികർ, ഡോക്ടേഴ്സ്, മറ്റു സ്റ്റാഫുകൾ എന്നിവർ സന്നിഹിതരായിരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ചികിത്സാ സംവിധാനങ്ങൾ ഒരുക്കിയിരിക്കുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന C.T, എക്സ് റേ, ഫാർമസി, ലബോറട്ടറി, ആംബുലൻസ് സർവീസുകളും അനുബന്ധ സൗകര്യങ്ങളും ഇതോടൊപ്പം ഒരുക്കിയിരിക്കുന്നു.

**MMT ഹോസ്പിറ്റലിൽ പുതുതായി നിർമിച്ച മദർ & ചൈൽഡ് കെയർ സെന്റർ പ്രവർത്തനം ആരംഭിച്ചു.**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെ നവീകരിച്ച അത്യാധുനിക സംവിധാനങ്ങളോടുകൂടിയ മദർ & ചൈൽഡ് കെയർ വിഭാഗം 22-07-24 തിങ്കളാഴ്ച പ്രവർത്തനമാരംഭിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കും ഏറ്റവും മികച്ച ചികിത്സ ലഭ്യമാക്കുന്നതിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ ഗൈനക്കോളജി വിഭാഗവും, നവജാതശിശുക്കളുടെയും കുട്ടികളുടെയും പരിപാലനത്തിനായി തീവ്ര പരിചരണ വിഭാഗവും, ലേബർ റൂം, ലേബർ ഓപ്പറേഷൻ തിയേറ്റർ, പോസ്റ്റ് ഓപ്പറേറ്റീവ് കെയർ എന്നിവ അടങ്ങിയ ഗൈനക്കോളജി വിഭാഗം ആണ് പ്രവർത്തനം ആരംഭിച്ചത്.

മലയോര മേഖലയിലെ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് MMT ഹോസ്പിറ്റൽ ലക്ഷ്യം വയ്ക്കുന്നത്. മരിയൻ കോളേജ് അഡ്മിനിസ്ട്രേറ്റർ ഫാദർ ജോസഫ് പൊങ്ങന്താനം, വി കെയർ ഡയറക്ടർ ഫാദർ റോയ് വടക്കേൽ, ഹോസ്പിറ്റലിലെ വൈദികർ, മെഡിക്കൽ സൂപ്രണ്ടൻഡന്റ് ഡോ. കെ.എം. മാത്യു, മറ്റു ഡോക്ടേഴ്സ്, ഹോസ്പിറ്റലിലെ മറ്റു ജീവനക്കാർ എന്നിവർ സന്നിഹിതരായിരുന്നു.

**MMT ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ സെമിനാർ**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെയും പുളിയന്മല ക്രൈസ്റ്റ് കോളേജിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ കോളേജ് കുട്ടികൾക്ക് വൃക്ക രോഗങ്ങളെപറ്റിയും, ചികിത്സയെ പറ്റിയും 18-07-24 വ്യാഴാഴ്ച കോളേജ് ഓഡിറ്റോറിയത്തിൽ ബോധവൽകരണ ക്ലാസ്സ് നടത്തി. കാർമൽ കോളേജ് പ്രിൻസിപ്പൽ ഡോ. എം. വി ജോർജ്കുട്ടി ഉൽഘാടനം നിർവഹിച്ചു.

വൃക്കസംബദ്ധമായ രോഗങ്ങളും അതുമൂലം ഉണ്ടാകുന്ന മാനസിക, ശാരീരിക, സാമ്പത്തിക ബുദ്ധിമുട്ടുകളെ പറ്റിയും MMT ഹോസ്പിറ്റലിലെ ഡയാലിസിസ് സ്റ്റാഫ് നേഴ്സ് സോജൻ മാത്യു ക്ലാസ് നയിച്ചു. കോളേജ് ഡയറക്ടർ ഫാ.അനൂപ് കുര്യൻ തുരുത്തിമറ്റം, കോളേജ് പ്രിൻസിപ്പൽ ഡോ. എം. വി ജോർജ്കുട്ടി, MMT ഹോസ്പിറ്റൽ സോഷ്യൽ വർക്കർ ഡോണി റോസ് ജോർജ് എന്നിവർ പങ്കെടുത്തു.

**ഗ്രാജുവേഷൻ ഡേ**

എം.എം.ടി ഹോസ്പിറ്റൽ സ്കൂൾ ഓഫ് നേഴ്സിംഗ് 2020 -2023 ബാച്ചിന്റെ ഗ്രാജുവേഷൻ ഡേ ജൂലൈ പതിനാലാം തീയതി നടത്തപ്പെട്ടു. സ്കൂൾ ഓഫ് നേഴ്സിംഗ് ഇരുപത്തിയൊന്നാമത് GNM ബാച്ചിന്റെ ഗ്രാജുവേഷൻ ഡേ സെന്റ് ആന്റണീസ് സ്കൂൾ

പ്രിൻസിപ്പൽ റവ. ഫാദർ ആന്റണി തോക്കാനാട്ട് ഉദ്ഘാടനം ചെയ്തു. ഈ കാലഘട്ടത്തിൽ നേഴ്സുമാർ നൽകുന്ന വിലമതിക്കാനാകാത്ത സേവനം ആരോഗ്യമേഖലയ്ക്ക് നൽകുന്ന ആത്മവിശ്വാസത്തെ കുറിച്ചും, രോഗികൾക്ക് മാനസികവും ശാരീരികവുമായ ഉണർവ് നൽകുവാൻ നേഴ്സുമാർ ചെയ്യുന്ന കഠിനാധ്വാനത്തെ കുറിച്ചും അച്ചൻ സംസാരിച്ചു. ഹോസ്പിറ്റൽ ഡയറക്ടർ ഫാ. സോജി കന്നാലിൽ, അഡ്മിനിസ്ട്രേറ്റർ ഫാ. ദീപു പുത്തൻപുരയ്ക്കൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. സിജു ഞള്ളിമാക്കൽ, സ്കൂൾ ഓഫ് നേഴ്സിങ് പ്രിൻസിപ്പൽ സിസ്റ്റർ ആനി തോമസ് എഫ്.സി.സി., ഹോസ്പിറ്റൽ നേഴ്സിംഗ് സൂപ്രണ്ടന്റ് സി. ആശാ മാത്യു, കാഞ്ഞിരപ്പള്ളി എസ്.എച്ച്. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. മേരി ഫിലിപ്പ് എന്നിവർ സന്നിഹിതരായിരുന്നു.

**മെഡിക്കൽ ക്യാമ്പ് - കുമളി**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെയും, കുമളി സെന്റ് തോമസ് ഫൊറോന ഇടവക - വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെയും നേതൃത്വത്തിൽ 2024 ജൂലൈ 14 ഞായറാഴ്ച രാവിലെ 9:30 മുതൽ 12:30 വരെ സെന്റ് തോമസ് പാരിഷ് ഹാളിൽ വച്ച് അസ്ഥിരോഗവിഭാഗ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു. ക്യാമ്പ് സെന്റ് തോമസ് ഫൊറോന വികാരി ബഹുമാനപ്പെട്ട തോമസ് പൂവത്താനിക്കുന്നേൽ അച്ചൻ ഉദ്ഘാടനം ചെയ്തു. എം.എം.ടി ഹോസ്പിറ്റൽ ഓർത്തോ സർജൻ ഡോ. അഡോൾഡ് ജോർജ് MBBS,MS, ഹോസ്പിറ്റൽ പി.ആർ.ഒ അരുൺ എബ്രഹാം എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പിൽ കൺസൾട്ടേഷനും, ഫിസിയോതെറാപ്പിയും, മരുന്നുകളും സൗജന്യമായി നൽകി.

**മെഡിക്കൽ ക്യാമ്പ് - എയ്ഞ്ചൽ വാലി**

എം.എം.ടി ഹോസ്പിറ്റലിന്റെയും, എയ്ഞ്ചൽവാലി സെന്റ് മേരീസ് ഇടവക SMYM യൂണിറ്റിന്റെയും നേതൃത്വത്തിൽ ENT ജനറൽ സർജറി മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു. ഇടവക വികാരി

ബഹുമാനപ്പെട്ട തോമസ് തെക്കേമുറി അച്ചൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. എം എം ടി ഹോസ്പിറ്റൽ ജനറൽ സർജൻ ഡോ. നന്ദകുമാർ എസ്, ENT സർജൻ ഡോ. ഗീതി, ടോബിൻ തോമസ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പിൽ കൺസൾട്ടേഷനും, മരുന്നുകളും സൗജന്യമായി നൽകി.

**മെഡിക്കൽ ക്യാമ്പ് - കണ്ണിമല**

എം.എം.ടി ഹോസ്പിറ്റലിന്റെയും, കണ്ണിമല സെന്റ് ജോസഫ് ഇടവക എസ്.എം. വൈ.എം, മാതൃവേദി സംഘടനകളുടെയും സംയുക്ത ആഭിമുഖ്യത്തിൽ ഗൈനക്കോളജി മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു. മെഡിക്കൽ ക്യാമ്പ് ഇടവക വികാരി ബഹുമാനപ്പെട്ട തോമസ് നെല്ലൂർ കാലായിപ്പറമ്പിൽ അച്ചൻ ഉദ്ഘാടനം ചെയ്തു. ക്യാമ്പിന് ഡോ. ദിവ്യ ബി MBBS, MS, DNB, സ്റ്റെഫി ബയർ എന്നിവർ നേതൃത്വം നൽകി. ക്യാമ്പിൽ കൺസൾട്ടേഷനും, മരുന്നുകളും സൗജന്യമായി നൽകി.

**പീഡിയാട്രിക് ഈവനിംഗ് ക്ലിനിക്**

കുട്ടികളുടെ ആരോഗ്യത്തിന് മുൻഗണന നൽകിക്കൊണ്ട് എം.എം.ടി ഹോസ്പിറ്റൽ ഓഗസ്റ്റ് 1 മുതൽ ഈവനിംഗ് പീഡിയാട്രിക് ക്ലിനിക് ആരംഭിക്കുന്നു. 2024, ഓഗസ്റ്റ് 1 മുതൽ എല്ലാ തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ വൈകുന്നേരം 7:00 മുതൽ 9:30 വരെ ഹോസ്പിറ്റലിൽ പീഡിയാട്രി ക്ലിനിക് പ്രവർത്തിക്കുന്നതായിരിക്കും. ഡോക്ടർ നെൽസൺ (MBBS, DCH, M.Phil) ന്റെ സേവനം പീഡിയാട്രിക് ഈവനിംഗ് ക്ലിനിക്കിൽ ലഭ്യമായിരിക്കും.

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**

# ഡി.സി.എം.എസ്.

- ജൂലൈ 11 ന് തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റ് മുൻപിൽ ധർണ്ണയും എം.എൽ.എ. ക്വാർട്ടേഴ്സിന്റെ മുൻപിൽ നിന്നും റാലിയും സംസ്ഥാനതലത്തിൽ ഡി.സി.എം.എസ്. നടത്തി. അതിൽ കാഞ്ഞിരപ്പള്ളി രൂപതയിൽ നിന്നും ഡയറക്ടർ, പ്രസിഡന്റ്, ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. ജാതി സെൻസസ് നടത്തുക, ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടു നടപ്പാക്കുക, കുട്ടികൾക്ക് വിദ്യാഭ്യാസ സഹായവും ലംപ്സന്റ് ഗ്രാന്റും നൽകുക. തുല്യനീതി നടപ്പിലാക്കുക, ദളിത് ക്രൈസ്തവർക്ക് സംവരണം നൽകുക എന്ന അവകാശങ്ങൾക്കുവേണ്ടിയാണ് സമരം നടത്തിയത്. C.D.C., K.C.C സംഘടനകളും പങ്കെടുത്തു. പ്രതിപക്ഷനേതാവ്, വി.ഡി. സതിശൻ ധർണ്ണ ഉദ്ഘാടനം ചെയ്തു. KCBC, SC/ST/BC കമ്മീഷൻ ചെയർമാനും മറ്റു സംഘടനാ ഭാരവാഹികളും പങ്കെടുത്തു.
- കോട്ടയത്തു വച്ച് നടത്തിയ എക്സിക്യൂട്ടീവ് യോഗത്തിൽ രൂപതയിൽ നിന്നും ഭാരവാഹികൾ പങ്കെടുത്തു.
- 2024 - 2025 ലേക്കുള്ള KCBC, SC/ST/BC കമ്മീഷൻ വിദ്യാർത്ഥികൾക്കു നൽകുന്ന സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിച്ചു തുടങ്ങി.
- ആഗസ്റ്റ് 10 ന് നടക്കുന്ന Black day (കരിദിനം)യ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചു.

**ഫാ. ജോസുകുട്ടി ഇടത്തിനകം**
**ഡയറക്ടർ**

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി കാഞ്ഞിരപ്പള്ളി കമ്മീസിയത്തിന്റെ 462-ാമതും കൂരിയായുടെ 919-ാമതും സമ്മേളനം 2024 ജൂലൈ 13-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതാ പാസ്റ്ററൽ സെന്റർ അനക്സിൽ വച്ച് പ്രസിഡന്റ് സി. ലൂസി ജോസഫ് തെക്കേവയലിന്റെ അദ്ധ്യക്ഷതയിൽ കൂടി.

പ്രാരംഭപ്രാർത്ഥനയും ജപമാലയും കഴിഞ്ഞ് ലീജിയൻ നിയമഗ്രന്ഥത്തിൽ നിന്നും അദ്ധ്യക്ഷ ജ്ഞാനവായന നടത്തി. മുൻസമ്മേളനത്തിന്റെ മിനിറ്റ്സ് സെക്രട്ടറി ബ്ര. ജേക്കബ് തോമസ് ചെറിയമുക്കട വായിച്ചു. സമ്മേളനത്തിൽ ഹാജരായ കമ്മീസിയം ഭാരവാഹികൾക്കും കൂരിയ, പ്രസീദിയം ഭാരവാഹികൾക്കും മറ്റ് സൈനികർക്കും അദ്ധ്യക്ഷ പരിശുദ്ധ അമ്മയുടെ നാമത്തിൽ സ്വാഗതം ആശംസിച്ചു.

ലീജിയൻ നിയമഗ്രന്ഥം അധ്യായം 39 പേജ് 428 "കൂട്ടിചേർക്കുകയാണുദ്ദേശ്യം. ആപത്തുകളെ എങ്ങനെ വീക്ഷിക്കണം" എന്ന ഭാഗം കമ്മീസിയം വൈസ് പ്രസി. സി. മേഴ്സി ജോസഫ് കൂടംപറമ്പിൽ നയിച്ച ചർച്ചയിൽ മറ്റ് അംഗങ്ങളും പങ്കുചേർന്ന് സംസാരിച്ചു.

കമ്മീസിയത്തിന്റെ അടുത്ത സമ്മേളനം 2024 ഓഗസ്റ്റ് 10-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതാ പാസ്റ്ററൽ സെന്റർ അനക്സിൽ വച്ച് കൂടുന്നതാണ്. സമാപനപ്രാർത്ഥനകൾ, ദൈവദാസൻ ഫ്രാങ്ക് ഡഫിനെ വിശുദ്ധനെന്ന് നാമകരണം ചെയ്യുന്നതിനു വേണ്ടിയുള്ള പ്രാർത്ഥന എന്നിവയോടെ സമ്മേളനം സമാപിച്ചു.

**സെക്രട്ടറി**



# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അൽമായ സഭ കാഞ്ഞിരപ്പള്ളി രൂപതാ പ്രതിമാസയോഗം 14-07-2024 രണ്ടാം ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് പാസ്റ്ററൽ സെന്ററിലുള്ള രൂപതാ ഓഫീസിൽ കൂടി. രൂപതാ പ്രസിഡന്റ് ബ്രദർ ജോസ് തോമസ് വെട്ടത്ത് അദ്ധ്യക്ഷനായിരുന്നു. രൂപതാ ഡയറക്ടർ റവ. ഫാ. റോജോ പുരയിടത്തിൽ OFM (Conv.) സന്നിഹിതനായിരുന്നു.

പ്രാരംഭപ്രാർത്ഥനയ്ക്ക് ഫോർമേറ്റർ ബ്രദർ ജോസ് കിഴക്കേത്തലയ്ക്കൽ നേതൃത്വം നൽകി. വിശുദ്ധ ഫ്രാൻസിസ് അസ്സിസ്സിയുടെ ജീവിതമാതൃക ഉൾക്കൊണ്ടുകൊണ്ടായിരിക്കണം ഫ്രാൻസിസ്കൻ അൽമായ സഭ അംഗങ്ങൾ പ്രവർത്തിക്കുവാൻ എന്ന് സൂചിപ്പിച്ചുകൊണ്ടായിരുന്നു രൂപതാ പ്രസിഡന്റിന്റെ അദ്ധ്യക്ഷപ്രസംഗം.

രൂപതാ വൈസ് പ്രസിഡന്റ് സിസ്റ്റർ മോളി ജോസ് വാഴപ്പനാടി മുൻമാസ റിപ്പോർട്ട് അവതരിപ്പിച്ചു. ഓരോ ഭാതൃത്വങ്ങളുടേയും കഴിഞ്ഞ മാസത്തെ പ്രവർത്തന റിപ്പോർട്ടുകൾ ഭാതൃത്വ പ്രതിനിധികൾ അവതരിപ്പിച്ചു.

ഫ്രാൻസിസ്കൻ അൽമായ സഭയുടെ പ്രവർത്തനങ്ങൾ രൂപതയിലെ എല്ലാ ഇടവകകളിലും എത്തിക്കുവാൻ എല്ലാവരുടെയും കൂട്ടായ പ്രവർത്തനങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും 22-06-2024 ൽ നടന്ന രൂപതാതല സെമിനാറിൽ പങ്കെടുക്കുകയും പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ചെയ്ത എല്ലാവരെയും അഭിനന്ദിച്ചുകൊണ്ടും രൂപതാ ഡയറക്ടർ അനുഗ്രഹപ്രഭാഷണം നടത്തി.

→



# വിൻസെൻഷ്യൻ വേദി

**സെൻട്രൽ കൗൺസിൽ വാർഷികം 2023–2024**

പ്രിയ വിൻസെൻഷ്യൻ സഹോദരരേ, നമ്മുടെ സെൻട്രൽ കൗൺസിലിന്റെ വാർഷിക സമ്മേളനം (47–ാമത് 2023–2024) 04–08–2024 ഞായറാഴ്ച 10.30 am ന് കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നതാണ്. 9.30 am ന് രജിസ്ട്രേഷൻ, 10.30 am ന് പ്രാരംഭപ്രാർത്ഥന, ജ്ഞാനവായന തുടർന്ന് സി. സി. വൈസ് പ്രസിഡന്റ് ബ്ര. മാത്യു സഖറിയാസ് തൂങ്കുഴി സ്വാഗതം ആശംസിക്കുന്നതും സി.സി. സെക്രട്ടറി ബ്ര. എം.ജെ. ജോസഫ് 2023–2024 വർഷത്തെ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുന്നതുമാണ്. സി.സി. പ്രസിഡന്റ് ബ്ര. ജോൺ മാത്യു തൊമ്മിത്താഴെ അദ്ധ്യക്ഷപ്രസംഗം നടത്തുന്നതും അഭിവന്ദ്യ മാർ ജോസ് പുളിക്കൽ

---

## ഫ്രാൻസിസ്കൻ അല്മായസഭ

തുടർന്നു നടന്ന ചർച്ചയിൽ ഫ്രാൻസിസ്കൻ അൽമായ സഭയുടെ നിയമാവലി എല്ലാ അംഗങ്ങളിലും എത്തിക്കുവാൻ തീരുമാനിച്ചു. ഭാതൃത്വ സന്ദർശനങ്ങളുടെ ഭാഗമായി 27–07–2024 ൽ ആനക്കല്ല് ഭാതൃത്വവും ആഗസ്റ്റ് മാസം ആദ്യ ആഴ്ചയിൽ ആനിക്കാട് ഭാതൃത്വവും രൂപതാഭാരവാഹികൾ സന്ദർശിക്കുവാൻ തീരുമാനിച്ചു.

രൂപതാ ഡയറക്ടറുടെ സമാപനാശീർവാദത്തോടുകൂടി യോഗം 4.30 ന് സമാപിച്ചു.

**സെക്രട്ടറി**

പിതാവ് സമ്മേളനം ഉദ്ഘാടനം നിർവ്വഹിക്കുന്നതും അനുഗ്രഹപ്രഭാഷണം നടത്തുന്നതുമാണ്. സെൻട്രൽ കൗൺസിൽ ആത്മീയ ഉപദേഷ്ടാവും കത്തീഡ്രൽ ആർച്ച് പ്രീസ്റ്റുമായ വെരി റവ. ഫാ. വർഗീസ് പരിന്തിരിക്കൽ ആശംസാ പ്രസംഗം നടത്തുന്നതാണ്. ഓസ്സാനം ബുള്ളറ്റിൽ ചീഫ് എഡിറ്ററും പത്തനംതിട്ട മലങ്കര സെൻട്രൽ കൗൺസിൽ അംഗവുമായ ബ്രദർ വർഗീസ് തോമസ് (വി.റ്റി. കുരീപ്പുഴ) മുഖ്യപ്രഭാഷണം നടത്തുന്നതാണ്. പ്രസ്തുത സമ്മേളനത്തിൽ നമ്മുടെ സി.സി.യുടെ സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഔദ്യോഗികപ്രഖ്യാപനം അഭിവന്ദ്യ പിതാവ് നടത്തുന്നതാണ്. എല്ലാ വിൻസെൻഷ്യൻ സഹോദരരും അന്നേദിവസം മറ്റു പരിപാടികളെല്ലാം മാറ്റിവച്ച് നമ്മുടെ വാർഷികസമ്മേളനത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എ.സി. പ്രസിഡന്റുമാർ എല്ലാ കോൺഫ്രൻസ് പ്രസിഡന്റുമാരേയും അറിയിച്ച് മുഴുവൻ അംഗങ്ങളുടേയും പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

### സംയുക്ത സമ്മേളനം

എരുമേലി ഏരിയാ കൗൺസിലിന്റെ ഒരു സംയുക്തസമ്മേളനം കണമല സെന്റ് തോമസ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ 14-07-2024 ഞായറാഴ്ച രാവിലെ 11 മണിക്ക് കണമല പള്ളിയിൽ വച്ച് കൂടുകയുണ്ടായി. ബ്ര. അപ്പച്ചൻ വള്ളിയാംതടം പ്രാരംഭപ്രാർത്ഥനയും ബ്ര. ഔസേപ്പച്ചൻ ആലുങ്കൽ ജ്ഞാനവായനയും നടത്തി. കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. ജോസ് താഴത്തുപീടിക സ്വാഗതം ആശംസിച്ചു. ബഹു. വികാരി റവ. ഫാ. മാത്യു നിരപ്പേൽ അനുഗ്രഹ പ്രഭാഷണം നടത്തി. ഉമിക്കുപ്പ ലൂർദ് മാതാ കോൺഫ്രൻസ് പ്രസിഡന്റ് ബ്രദർ ജോയി എബ്രാഹം വികാരിയച്ചന് നന്ദി പറയുകയുണ്ടായി. തുടർന്ന് കഴിഞ്ഞ സംയുക്തയോഗമീറ്റിംഗ് റിപ്പോർട്ട് എ.സി. പ്രസിഡന്റ് ബ്ര. പോൾ കെ.കെ. അവതരിപ്പിച്ചു. കണക്കവതരണവും നടത്തി. തുടർന്ന് ഹാജർ രേഖപ്പെടുത്തി.

ഒരു കോൺഫ്രൻസ് ഒഴികെ എല്ലാ കോൺഫ്രൻസുകളും ത്രൈമാസ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. സി.സി. സെക്രട്ടറി ബ്ര. സിബി മാത്യു കളപ്പുരയ്ക്കൽ യോഗത്തിന് ആശംസയർപ്പിച്ചു.

സി.സി. പ്രസിഡന്റ് ജോൺ മാത്യു തൊമ്മിത്താഴെ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞ നടത്തി. തുടർന്ന് അറിയിപ്പുകളും ചർച്ചയും നടത്തി. കുറുമ്പൻമൂഴി കോൺഫ്രൻസ് അംഗം ബ്ര. ജോജി ജോസഫ് യോഗത്തിന് നന്ദി രേഖപ്പെടുത്തി. സമാപനപ്രാർത്ഥനക്കുശേഷം കണമല കോൺഫ്രൻസ് പ്രസിഡന്റിന്റെ മാതാവ് പരേതയായ പെണ്ണമ്മ ചാക്കോ താഴത്തുപീടികയെ അനുസ്മരിച്ച് പ്രാർത്ഥിച്ചു. 76 പേർ പങ്കെടുത്ത യോഗം 1.45 പി.എം. ന് സ്നേഹവിരുന്നോടെ സമംഗളം പര്യവസാനിച്ചു.

ഇളങ്ങുളം ഏരിയാ കൗൺസിലിന്റെ ഒരു സംയുക്തസമ്മേളനം 14-07-2024 ഞായറാഴ്ച 2.00 പി.എം. ന് വഞ്ചിമല പള്ളിയിൽ ജപമാലയോടെ ആരംഭിച്ചു. തുടർന്ന് പാരീഷ് ഹാളിൽ കോൺഫ്രൻസ് ട്രഷറർ ബ്ര. പി.ജെ. തോമസ് പ്രാരംഭപ്രാർത്ഥനയും കോൺഫ്രൻസ് വൈസ് പ്രസിഡന്റ് ബ്ര. വി.റ്റി. തോമസ് ജ്ഞാനവായനയും നടത്തി. വഞ്ചിമല കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. സിബി തോമസ് സ്വാഗതം ആശംസിച്ചു. ബഹു. വികാരി റവ. ഫാ. ആന്റണി ചെന്നക്കാട്ടുകുന്നേൽ അനുഗ്രഹപ്രഭാഷണം നടത്തി. എ.സി. പ്രസിഡന്റ് ജോർജ് വി. എബ്രാഹം അദ്ധ്യക്ഷത വഹിച്ചു. എ.സി.യിൽ ഏറ്റവും കൂടുതൽ രഹസ്യപിരിവ് കളക്ഷൻ നടത്തിയ ചെന്നാക്കുന്ന് സെന്റ് ജോർജ് കോൺഫ്രൻസിന് എ.സി. ഏർപ്പെടുത്തിയ ക്യാഷ് അവാർഡ് ബഹു. വികാരിയച്ചൻ നൽകി ആദരിച്ചു. എല്ലാ കോൺഫ്രൻസുകളും റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ഏയ്ഞ്ചൽ കുമ്പുകാട്ട് ഗാനാലാപനം നടത്തി. സി.സി. പ്രസിഡന്റ് ബ്ര. ജോൺ മാത്യു തൊമ്മിത്താഴെ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് പുതിയ അംഗങ്ങളെ പരിചയപ്പെടുത്തുകയും പൊതു ചർച്ച നടത്തുകയും ചെയ്തു. എ.സി. വൈസ് പ്രസിഡന്റ് ബ്ര. ജോസ് മാനുവൽ വട്ടയ്ക്കാട്ട് യോഗ പരിപാടികൾക്ക് നേതൃത്വം നൽകി. ബ്രദർ സെജു ചെറുപറമ്പിൽ കൃതജ്ഞത പറഞ്ഞു. 92 അംഗങ്ങൾ പങ്കെടുത്ത യോഗം സമാപന പ്രാർത്ഥനയ്ക്കു ശേഷം സ്നേഹവിരുന്നോടെ സമാപിച്ചു.

**സെക്രട്ടറി**

# ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി

**ലഹരിവിമോചന ധ്യാനം**

ജൂലൈ 10 മുതൽ 17 വരെ തീയതികളിൽ തമ്പലക്കാട് പെനുവേൽ ധ്യാനകേന്ദ്രത്തിൽ വച്ചു നടത്തിയ ലഹരിവിമോചന ധ്യാനത്തിൽ 59 പേർ പങ്കെടുത്തു. ഫാ. സെബാസ്റ്റ്യൻ പെരുനിലം, ഫാ. ടോമി കൊല്ലംപറമ്പിൽ എന്നിവരുടെ പരിപൂർണ്ണ ഉത്തരവാദിത്വത്തിലാണ് ധ്യാനപരിപാടികൾ നടത്തിയത്. ഫാ. അലക്സാണ്ടർ കുരീക്കാട്ടിൽ, ഫാ. വിൻസെന്റ് ചിറ്റിലപ്പള്ളി, ഫാ. ജോസുകുട്ടി ഇടത്തിനകം, ഫാ. സെബാസ്റ്റ്യൻ വെച്ചൂക്കരോട്ട് എന്നിവർ ക്ലാസ്, ധ്യാനം, ആരാധന, ചർച്ച, കൗൺസിലിംഗ് എന്നിവ വളരെ വിജയപ്രദമായി, ഹൃദയസ്പർശിയായി നടത്തി. കൂടാതെ സി. ടെസി മരിയ എഫ്.സി.സി., ശ്രീ. ജോർജുകുട്ടി ആഗസ്തി എന്നിവരോടൊപ്പം എല്ലാ മാസവും ധ്യാനനടത്തിപ്പിന് സഹകരിച്ചുകൊണ്ടിരുന്ന എല്ലാവരും എത്തുകയും ഏഴുദിവസം ഏറെ ഫലപ്രദമാക്കുകയും ചെയ്തു. 17-ാം തീയതി രാവിലെ ദിവ്യബലിയോടെ സമാപിച്ചു.

ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക് :

ഓരോ ഇടവകയിൽനിന്നും മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരെ ധ്യാനത്തിൽ പങ്കെടുപ്പിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. സെബാസ്റ്റ്യൻ പെരുനിലം**
**ഡയറക്ടർ**

# വിമല പബ്ലിക്കേഷൻസ്

## പുത്തൻപുസ്തകങ്ങൾ

**1. ഈ രാവ് തീരും മുമ്പ്: ഫാ. ഡാനിയേൽ പൂവണ്ണത്തിൽ**

പേജ് :172/ വില: 200/ എഡിഷൻ:1

ഈ കുറിപ്പുകളെ കൃതി എന്നതിനേക്കാൾ അപൂർവ്വമായ ഒരനുഭവം എന്നു വിശേഷിപ്പിക്കയാവും ഏറ്റവും ഉചിതം. ദീർഘകാലത്തെ ധ്യാനത്തിലൂടെയും മനനത്തിലൂടെയും സ്വായത്തമാക്കിയ ഉൾക്കാഴ്ചകൾ, തികഞ്ഞ സാരള്യത്തോടെ ഇതിൽ അവതരിപ്പിച്ചിരിക്കുന്നു. സ്വന്തം കൈത്തലംപോലെ നമുക്കു സുപരിചിതമായ സുവിശേഷത്താളുകൾ... പക്ഷേ, അലസവായനയ്ക്കിടയ്ക്ക് നമ്മൾ കാണാതെപോയ ഉണ്മകളെ കാട്ടിത്തരികയാണ് ഈ പ്രിയമിത്രം.

## പുത്തൻ പതിപ്പുകൾ

1. Left toTell (ലെഫ് റ്റു റ്റെൽ): ഇമാക്കുലീ ഇലിബഗീസ (മലയാള പരിഭാഷ)
2. ബൈബിൾ കഥകൾ : പീറ്റർ കുരിശിങ്കൽ
3. ബൈബിൾ കഥകൾ (കളറിംഗ്): ലൂസി സ്കറിയ
4. സൺഡേസ്കൂൾ പ്രസംഗങ്ങൾ (vol.1):സി.ഫിലോസിറ്റCMC
5. സൺഡേസ്കൂൾ പ്രസംഗങ്ങൾ (vol.2):ആൻസമ്മ ജോസഫ്
6. സൺഡേസ്കൂൾ പ്രസംഗങ്ങൾ (vol.3):ആൻസമ്മ ജോസഫ്
7. സൺഡേസ്കൂൾ പ്രസംഗങ്ങൾ (vol.4):സി.ഫിലമിൻ CMC
8. സൺഡേസ്കൂൾ പ്രസംഗങ്ങൾ (vol.5):സി.ഫിലമിൻ CMC

**പണിപ്പുരയിൽ**

1. സൗഖ്യാരാധന : ഫാ. നിബി കണ്ണായി
2. പടിയറ ഫലിതങ്ങൾ: ബോബൻ തെക്കേൽ
3. Easter Stories (ഇംഗ്ലീഷ് വിവർത്തനം) : മഞ്ജുഷ കുന്നത്ത്

**ഫാ. ജസ്റ്റിൻ മതിയത്ത്**
**ഡയറക്ടർ**

## പുസ്തകോത്സവം

വായനാവാരത്തോടനുബന്ധിച്ച് വിമലബുക്സ് എ.കെ.ജെ.എം ഹയർസെക്കണ്ടറി സ്കൂൾ കാഞ്ഞിരപ്പള്ളി (ജൂലൈ 9), സിറ്റാഡൽ റസിഡൻഷ്യൽ സ്കൂൾ റാന്നി (ജൂലൈ 11,12), സെന്റ് ആന്റണീസ് പബ്ലിക് സ്കൂൾ ആനക്കല്ല് (ജൂലൈ 18,19,20) തുടങ്ങിയ വിദ്യാലയങ്ങളിൽ പുസ്തകോത്സവം നടത്തുകയുണ്ടായി. വായിച്ചുവളരാനും പ്രബുദ്ധരാകാനും കുട്ടികൾ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തി.

# Special Care Homes & Charitable Institutions (SEARCH)

**എയ്ഞ്ചൽസ് വില്ലേജ്**

ജൂലൈ 3 സെന്റ് തോമസ് ഡേ എയ്ഞ്ചൽസ് വില്ലേജിലും ആഘോഷമാക്കി. ജീവിതയാത്രയിൽ വിശുദ്ധ തോമാശ്ലീഹായുടെ 'എന്റെ കർത്താവേ എന്റെ ദൈവമേ' എന്ന വാക്കുകൾ ഉരുവിട്ടുകൊണ്ട് ഇന്നത്തെ ലോകത്ത് ജീവിതത്തെ സധൈര്യം വിശ്വാസത്തോടെ സ്നേഹത്തോടെ നേരിടുവാൻ ഓരോരുത്തർക്കും സാധിക്കട്ടെ എന്ന് എയ്ഞ്ചൽസ് വില്ലേജ് ഡയറക്ടർ ഫാ. റോയി മാത്യു വടക്കേൽ ആശംസിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികളോടൊപ്പം തോമസ് നാമധാരികളെ ആദരിക്കുകയും ചെയ്തു.

സാമൂഹിക നീതി വകുപ്പിൽ സീനിയർ സൂപ്രണ്ട് ആയ ശ്രീ. എൻ.പി. പ്രമോദ് കുമാർ നിര്യാതനായി. ആശാനിലയം സ്പെഷ്യൽ സ്കൂളിന്റെ എല്ലാവർഷത്തെയും ഇൻസ്പെക്ഷൻ നടത്തുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്ത സാറിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും കോട്ടയം ജില്ലയിലെ എല്ലാ സ്പെഷ്യൽ സ്കൂളുകളുടെയും പേരിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

**മോട്ടിവേഷൻ ക്ലാസ്**

എയ്ഞ്ചൽസ് ഫാമിലി മീറ്റ് –നോട് അനുബന്ധിച്ച് മാസത്തിലെ രണ്ടാം ശനിയാഴ്ച പ്രാർത്ഥനാദിനം ആയി ആചരിച്ചു. രാവിലെ വിശുദ്ധ കുർബാനയോടുകൂടി തുടങ്ങി കുമ്പസാരം, ജപമാല, ഗാനശുശ്രൂഷ എന്നിവയ്ക്ക് ഒപ്പം എയ്ഞ്ചൽസ് വില്ലേജിലെ അധ്യാപക

– അനധ്യാപകർ ചേർന്ന് ഒരുക്കിയ മോട്ടിവേഷൻ ക്ലാസ് മാതാപി താക്കള പങ്കെടുപ്പിച്ചുകൊണ്ട് നടത്തി.

**കാവൽ പ്ലസ്**

കാവൽ പ്ലസ് പദ്ധതിയുടെ ഗുണഭോക്താക്കളായിട്ട് ഇപ്പോൾ 27 പെൺകുട്ടികളും അവരുടെ കുടുംബാംഗങ്ങളും ആണ് ഉള്ളത്. ഇവരിൽ ഈ വർഷം പ്ലസ് ടുവിന് ഉന്നത വിജയം കരസ്ഥമാക്കിയ രണ്ടുപേരെ BSc നഴ്സിംഗ് പഠനത്തിനും ഒരാളെ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ പഠിക്കുന്നതിനുമായി ചേർത്തു. പഠനം പാതി വഴിയിൽ ഉപേക്ഷിച്ച രണ്ടുപേരെ മൾട്ടി പർപ്പസ് ഹെൽത്ത് വർകേഴ്സ് ട്രെയിനിംഗിന്റെ രണ്ടു വർഷത്തെ കോഴ്സിന് അയച്ചു. നിർധനരായ 14 കുട്ടികൾക്ക് പുസ്തകം, കുട, സ്കൂൾ ബാഗ് തുട ങ്ങിയവ വികെയർ സെന്ററിൽ നിന്നും നൽകിയതിനാൽ സ്കൂൾ തുറ ക്കുമ്പോൾ അനുഭവപ്പെടുന്ന സാമ്പത്തിക പ്രതിസന്ധി ഒരു പരിധി വരെ തരണം ചെയ്യുവാൻ മാതാപിതാക്കൾക്ക് സഹായകമായി.

സാമ്പത്തിക മേഖലയിൽ പിന്നോക്കം നിൽക്കുന്ന കുടുംബ ങ്ങളിലെ കുട്ടികൾക്കായി കേരള സർക്കാർ നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയിൽ ചേർത്തിരിക്കുന്ന കുട്ടികളിൽ അഞ്ച് പേർക്ക് പതിനാ റായിരം രൂപ വീതം സ്കോളർഷിപ്പ് ലഭ്യമാക്കുവാനും കാവൽപ്ലസ് പദ്ധതിയിലൂടെ സാധിച്ചു.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

# മലനാട് ഡവലപ്മെന്റ് സൊസൈറ്റി

**ഭവനനിർമ്മാണ സഹായം**

നിർദ്ധനരായ ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാൻ 4,00,000/- രൂപ ധനസഹായമായി നൽകി.

**മറ്റ് സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസസഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 2,94,227/- രൂപ ചിലവഴിച്ചു.

**മലനാട് ജീവകാരുണ്യ പദ്ധതി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി ഇടവകകൾ തോറും നടപ്പിലാക്കുന്ന കരുതൽ, സാന്ത്വനം പദ്ധതികൾക്കായും ചികിത്സാസഹായമായും 4,14,500/- രൂപ ചിലവഴിച്ചു.

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉത്പാദിപ്പിക്കുന്ന പോഷക സമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സീഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷകരുടെ വരുമാന വർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 2,87,770/- രൂപ ചിലവഴിച്ചു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**

**സെക്രട്ടറി**

# ഇൻഫാം

- ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ലാ പ്രസിഡണ്ട് അഡ്വക്കേറ്റ് അബ്രഹാം മാത്യുവിന്റെ ഭാര്യ ശ്രീമതി വത്സമ്മ അബ്രഹാം പന്തിരുവേലിന്റെ നിര്യാണത്തിൽ ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ല എക്സിക്യൂട്ടീവ് അംഗങ്ങൾ ഭവനം സന്ദർശിച്ച് അനുശോചനം അറിയിച്ചു പ്രാർത്ഥിച്ചു
- ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ല എക്സിക്യൂട്ടീവ് അംഗം ശ്രീ. കുരുവിള ചാക്കോ താഴത്തുപീടികയുടെ മാതാവ് ഏലിയാമ്മ ചാക്കോ താഴത്തുപീടികയുടെ നിര്യാണത്തിൽ ജൂലൈ 3 നു ഭവനം സന്ദർശിച്ച് അനുശോചനം അറിയിച്ചു പ്രാർത്ഥിക്കുകയും മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു.
- ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ല എക്സിക്യൂട്ടീവ് യോഗവും താലൂക്ക് ഡയറക്ടർമാരുടെ സമ്മേളനവും സംയുക്തമായി ജൂലൈ മാസം പതിനൊന്നാം തീയതി ഉച്ചകഴിഞ്ഞ് 02:30 pm നു പാറത്തോട് ഇൻഫാം കേന്ദ്ര ഓഫീസിൽ വച്ച് നടന്നു.
- മണ്ണിൽ പൊന്നുവിളയിച്ച, കൃഷിക്കുവേണ്ടി ജീവിതം സമർപ്പിച്ച, 80 വയസു പിന്നിട്ട 188 കർഷകരെ, വീർ കിസാൻ ഭൂമിപുത്ര അവാർഡുകൾ നൽകി ഇൻഫാം ആദരിച്ചു. സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ, ഇൻഫാം ദേശീയ രക്ഷാധികാരിയും താമരശേരി

രൂപതാധ്യക്ഷനുമായ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, കാഞ്ഞിരപ്പള്ളി രൂപതാ അധ്യക്ഷൻ മാർ ജോസ് പുളിക്കൽ എന്നിവർ ചേർന്നാണ് ജൂലൈ മാസം പതിനാറാം തീയതി 02.15 pm നു പൊടിമറ്റം സെന്റ് മേരിസ് പാരീഷ് ഹാളിൽ നടന്ന സമ്മേളനത്തിൽ വച്ചാണ് കർഷകർക്ക് ആദരവ് നൽകിയത്. വിവിധ കാർഷിക ജില്ലകളിൽ നിന്നായി 1500 ഇൻഫാം കർഷകർ സമ്മേളനത്തിൽ പങ്കെടുത്തു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**
**ഡയറക്ടർ**

# പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റി

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ജൂൺ, ജൂലൈ മാസങ്ങളിലായി ഗ്രാമതലങ്ങളിൽ നടത്തിയ വിവിധ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ.

**പി.ഡി.എസ് ഓർഗാനിക് സ്പൈസസ്**

ഫെയർ ട്രേഡ് സ്റ്റാൻഡേർഡുകളെ കുറിച്ചുള്ള ഒരു ട്രെയിനിങ് 2024 ജൂലൈ 11 ന് പി.ഡി.എസ് ഓർഗാനിക് സ്പൈസസിൽ വച്ച് നടത്തപ്പെട്ടു.

ഫെയർ ട്രേഡ് എൻ.എ.പി.പി കൺസൾട്ടന്റ് ശ്രീ: അഖിൽ നസീം ക്ലാസ് നയിച്ചു. എസ്.ഒ.എസ്.എഫ്.സി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും, പി.ഡി.എസ് ഓർഗാനിക് സ്പൈസസ് സ്റ്റാഫ് അംഗങ്ങളും ക്ലാസിൽ പങ്കെടുത്തു.

ഫെയർ ട്രേഡ് കോഫി സ്റ്റാൻഡേർഡുകളെ കുറിച്ചും, ഫെയർ ട്രേഡ് എസ്.പി.ഓ നിയമാവലികളിലെ പുതിയ അപ്ഡേഷനും ക്ലാസിൽ വിശദീകരിച്ചു.

**ഫെസ്റ്റിവലിൽ പങ്കെടുത്തു**

ഡോ. തോമസ് ജേക്കബ് ജൂൺ അവസാന വാരം കെ.ആർ.ഇ.എക്സ് ഫ്രാൻസ് സംഘടിപ്പിച്ച പെപ്പ ഫെസ്റ്റിവലിൽ പങ്കെടുത്തു.

**കയറ്റുമതി**

പി.ഡി.എസ് ഓർഗാനിക് സ്പൈസസിൽ നിന്നും കഴിഞ്ഞമാസം നടന്ന കയറ്റുമതികൾ: യു.എസ്.എ : 1, കൊറിയ : 1, ജർമ്മനി : 2

**പി.ഡി.എസ് സഹ്യാദ്രി ആയുർവേദ ഡിവിഷൻ**

സഹ്യാദ്രിയുടെ അടുത്ത മാസത്തേക്കുള്ള ബുക്കിംഗ് രജിസ്റ്റർ ചെയ്തു. ഓ.പി കൺസൾട്ടേഷൻ നടത്തുകയും ചെയ്തു.

സഹ്യാദ്രി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ ഓഗസ്റ്റ് ആദ്യവാരം പ്രവർത്തനം ആരംഭിക്കുവാൻ തീരുമാനിച്ചു.

കർക്കിടക ചികിത്സയൊടനുബന്ധിച്ചുള്ള പാക്കേജുകൾ തയ്യാറാക്കുകയും ഡിജിറ്റൽ മാർക്കറ്റിംഗ് പ്രമോഷൻ നടത്തുകയും ചെയ്തു. കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ആയുർവേദ മരുന്നുകൾ വിതരണം ചെയ്തു വരുന്നു.

**സഹ്യാദ്രി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**

**വാട്ടർ & സോയിൽ ടെസ്റ്റിംഗ് ലാബ്**

സാമ്പിളുകൾ പരിശോധിച്ചത് വാട്ടർ: 29

**മൈക്രോബയോളജി ലാബ്**

ട്രൈക്കോഡർമ : 32 L വിൽപ്പന നടത്തി

സ്യൂഡോമോണസ് : 2 L വിൽപ്പന നടത്തി.

**ഇക്കോ ഫാം**

5500 കുരുമുളക് തൈകൾ ഉത്പാദിപ്പിച്ചു. 4143 കുരുമുളക് തൈകൾ വിൽപ്പന നടത്തി.

**ഗാർഡൻ**

പുതുതായി 600 തൈകൾ ഉത്പാദിപ്പിച്ചു. 686 തൈകൾ വിൽപ്പന നടത്തി.

**കമ്പോസ്റ്റ്**

300 കിലോഗ്രാം പുതിയതായി ഉത്പാദിപ്പിച്ചു. 15 കിലോഗ്രാം വിൽപ്പന നടത്തി. 500 kg നിലവിൽ സ്റ്റോക്ക് ഉണ്ട്.

**ബയോഒറിജിൻ തട്ടാത്തിക്കാനം**

വിവിധ ഇനം ഉൽപ്പന്നങ്ങളിലായി 673 പാക്കറ്റുകൾ വില്പന നടത്തി.

**കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്**

**പരിശീലനം നൽകി**

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഗ്രാമതല പ്രവർത്തനങ്ങളെ കൂടുതൽ മികവുറ്റതാക്കുവാൻ യൂണിറ്റ് തലത്തിൽ അടുത്ത ഒരു വർഷക്കാലം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ കുറിച്ച് ആലോചിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ആനിമേറ്റേഴ്സിനായി ജൂൺ 26, 27 തീയതികളിൽ തട്ടാത്തിക്കാനം, കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിൽ വച്ച് ഏകദിന പരിശീലന പരിപാടി നടത്തപ്പെട്ടു.

പരിശീലന പരിപാടിക്ക് ഡോ. സിബി ജോസഫ്, ശ്രീ: അഭിലാഷ് എന്നിവർ നേതൃത്വം നൽകി.

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം, ജോയിന്റ് ഡയറക്ടർ ഫാ. ബ്രിജേഷ് പുറ്റുമണ്ണിൽ കോ-ഓർഡിനേറ്റേഴ്സ് എന്നിവർ പരിശീലന പരിപാടിയിൽ സന്നിഹിതരായിരുന്നു.

**നാഷണൽ ഇന്നോവേഷൻ ഫൗണ്ടേഷൻ - ഇന്ത്യ**

**വേറിട്ട പാരമ്പര്യ അറിവുകൾക്കുള്ള പതിനാലാം ദേശീയ മത്സരം**

ഇന്ത്യ ഗവൺമെന്റിന്റെ ശാസ്ത്രസാങ്കേതിക വകുപ്പിന്റെ കീഴിൽ സ്ഥാപിതമായിരിക്കുന്ന സ്വയംഭരണ സ്ഥാപനമായ നാഷണൽ ഇന്നോവേഷൻ ഫൗണ്ടേഷൻ ഹണീബി നെറ്റ്‌വർക്ക് സഹകരണത്തോടെ നടത്തുന്ന സാധാരണക്കാരുടെ കണ്ടുപിടിത്ത ങ്ങൾക്കും വേറിട്ട പാരമ്പര്യ അറിവുകൾക്കുമായി പതിനൊന്നാമത് ദേശീയ മത്സരത്തിന് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

ഗ്രാമീണ നഗരമേഖലകളിലെ വ്യക്തികൾ, കർഷകർ, കൈത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, വർക്ക് ഷോപ്പ് മെക്കാനിക്കുകൾ, സ്ത്രീകൾ, എന്നിവർക്ക് അപേക്ഷിക്കാം. കാർഷിക കാർഷികേതര പ്രവർത്തനങ്ങൾക്ക് ഉപയുക്തമാകുന്ന യന്ത്രങ്ങൾ, ഉൽപ്പന്നങ്ങളുടെ നിർമ്മാണ രീതികൾ, ഊർജ്ജ സംരക്ഷണം, മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനുള്ള യന്ത്രങ്ങൾ, സസ്യ ഇതര സസ്യങ്ങളുടെ വിവിധ ഉപയോഗം, മൃഗപരിപാലനം, പുതിയ രുചിക്കൂട്ടുകൾ, പലഹാരങ്ങൾ, കറിക്കൂട്ടുകൾ, പാനീയങ്ങൾ etc. നാടൻ ചികിത്സാരീതികൾ, മരുന്നുകൾ, എന്നിവയിൽ ഏതുമാകാം. കണ്ടുപിടിത്തങ്ങൾ പുറത്തുനിന്നും സാമ്പത്തിക സാങ്കേതിക സഹായം കൂടാതെ സ്വന്തമായി വികസിപ്പിച്ചവ ആകണം. സ്ത്രീകളുടെ കണ്ടുപിടുത്തങ്ങൾക്കും വികലാംഗരുടെ കണ്ടുപിടിത്തങ്ങൾക്കും പ്രത്യേക അവാർഡ് നൽകുന്നതായിരിക്കും. സാങ്കേതിക വികസനത്തിന് ഉതകുന്ന മികച്ച ആശയങ്ങൾ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഇടയ്ക്ക് വച്ച് പഠനം നിർത്തിയവർക്കും അവരുടെ സ്വന്തം ആശയങ്ങളും അയക്കാം.

അപേക്ഷകൾ അയക്കേണ്ട വിലാസം:

എൻ.ഐ.എഫ് കോഡിനേറ്റർ<br>
കേരള<br>
പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി<br>
പീരുമേട്, പി ബി നമ്പർ: 11<br>
ഫോൺ: 04869232197, 9497682177

**കർഷക ഉത്പാദക കമ്പനി**

നബാർഡ്, എൻ.സി.ഡീ.സി എന്നീ ഏജൻസികളുമായി സഹകരിച്ച് പി.ഡി.എസ് നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന കർഷക കമ്പനികളുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ടു പോകുന്നു.

കേരളത്തിലെ വിവിധ ജില്ലകളികളിലായി രൂപീകരിച്ച 32 കർഷക കമ്പനികളിൽ 28 കർഷക കമ്പനികളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി ബിസിനസ് സംരംഭങ്ങളിലേക്ക് കടന്നു.

**വനജ്യോതിസ്**

**പദ്ധതി വിലയിരുത്തൽ നടത്തി**

വനജ്യോതിസ് പദ്ധതി 2024 ജൂൺ 30 ന് അവസാനിക്കുന്നതിന്റെ ഭാഗമായി പി.ഡി.എസ് ഹെഡ് ഓഫീസിൽ വച്ച് പി.ഡി.എസ് ജോയിന്റ് ഡയറക്ടർ ഫാ. ബ്രിജേഷ് പുറ്റുമണ്ണിൽ, പ്രോഗ്രാം ഡയറക്ടർ ഡോ. സിബി ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ പദ്ധതി വിലയിരുത്തൽ മീറ്റിംഗ് സംഘടിപ്പിച്ചു.

പ്രോജക്ട് ഏരിയയിൽ നിന്നുള്ള ആനിമേറ്റേഴ്സ്, പ്രോജക്ട് സ്റ്റാഫ് അംഗങ്ങൾ, പി.ഡി.എസ് സ്റ്റാഫ് അംഗങ്ങൾ എന്നിവർ മീറ്റിങ്ങിൽ പങ്കെടുത്തു.

ആദിവാസി കുടുംബങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കി കൊണ്ട് നടപ്പിലാക്കിവരുന്ന വനജ്യോതിസ് പദ്ധതിയിലുൾപ്പെടുത്തി ഈ മാസം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ.

വനവിഭവ ശേഖരണ കിറ്റ്: 21

**ഇന്റേൺഷിപ്പ് പ്രോഗ്രാം**

സാമൂഹിക പ്രവർത്തകർക്കു വേണ്ടിയുള്ള പരിശീലനത്തിന്റെ ഭാഗമായി ഡി പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ നിന്നുള്ള 3 വിദ്യാർത്ഥികൾ പി.ഡി.എസിൽ ഇന്റേൺഷിപ്പ് പൂർത്തിയാക്കി വരുന്നു.

**സാമ്പത്തിക സഹായങ്ങൾ**

കുടുംബ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി വഴിയായും പി.ഡി.എസ് ഫാമിലി സ്പോൺസർഷിപ്പ് പ്രോഗ്രാം വഴിയായും ഈമാസം നൽകിയ സാമ്പത്തിക സഹായങ്ങൾ.

വിദ്യാഭ്യാസ സഹായം: 537597/-, ഭവന നിർമ്മാണം: 423638/-, വരുമാനദായക പ്രവർത്തനങ്ങൾ: 45000/-, ചികിത്സാ സഹായം: 100000/-

**കൗൺസിലിംഗ് സേവനം**


പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെന്ററിൽ ജൂൺ, ജൂലൈ മാസങ്ങളിലായി 26 കേസുകൾ രജിസ്റ്റർ ചെയ്തു. ഇവർക്ക് ആവശ്യമായ കൗൺസിലിംഗ് സേവനവും ഇതര സഹായങ്ങളും ഈ സെന്ററിൽ നിന്നും നൽകി വരുന്നു.

**ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ സഹായത്തോടെ പി.ഡി. എസ് നടത്തുന്ന യൂണിവേഴ്സൽ ഹെൽത്ത് ഇൻഷുറൻസ് പദ്ധതിയിൽ 123 കുടുംബങ്ങൾ അംഗത്വമെടുത്തു. ആശുപത്രിയിൽ കിടന്നുള്ള ചികിത്സാ സഹായമായി 2 യൂണിറ്റിൽ 2 പേർക്ക് 17750/- രൂപ വിതരണം ചെയ്തു.

വെള്ളിലാംകണ്ടം : 10600/-, നരിയമ്പാറ: 7150/-

**ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം**
**ഡയറക്ടർ**



# രൂപതാവാർത്തകൾ

**മാർ ജോസ് പുളിക്കൽ**
**ജൂലൈ 2024**

01 കോട്ടയം ലൂർദ് ഫൊറോനപള്ളിയിൽ മാർതോമൻ പൈതൃകസഭകളുടെ സമ്മേളനത്തിൽ പങ്കെടുത്തു.

– കൂരോപ്പടയിൽ പരേതനായ പുത്തൻപുര വർഗീസ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

02 അക്കരപ്പള്ളിയിൽ ദുക്റാന തിരുനാളിനോടനുബന്ധിച്ച് ആഘോഷമായ റംശാ നമസ്കാരത്തിൽ കാർമ്മികത്വം വഹിച്ചു.

– ഇഞ്ചിയാനി ഇടവകയിൽ പരേതനായ ആലുമൂട്ടിൽ ജോജോയുടെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

03 ദുക്റാന തിരുനാളിനോടനുബന്ധിച്ച് അഞ്ചിലിപ്പ ഇടവകയിൽ വി. കുർബാന അർപ്പിച്ചു.

– കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സഭാദിനാചരണ ചടങ്ങിൽ സംബന്ധിച്ചു. 'അപ്പസ്തോലേറ്റ് ഓഫ് സെന്റ് തോമസ് ഇൻ ഇന്ത്യ' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനകർമ്മത്തിൽ പങ്കുചേർന്നു.

06 ഇഞ്ചിയാനി സ്നേഹദീപത്തിൽ വി. കുർബാന അർപ്പിക്കുകയും ഇടവക സിമിത്തേരിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

– ഇഞ്ചിയാനിയിൽ റെയിൻബോ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചുനൽകിയ രണ്ടു ഭവനങ്ങൾ ആശീർവദിച്ചു.

– പാസ്റ്ററൽ സെന്ററിൽ കെ.സി.എസ്.എൽ. ആനിമേറ്റേഴ്സിന്റെ സമ്മേളനത്തിൽ പങ്കെടുത്തു.

– താമരക്കുന്ന് ഇടവകയിൽ പരേതനായ ചെറുതാനിക്കൽ അഗസ്റ്റിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

– പൊടിമറ്റം ഇടവകയിൽ പരേതയായ സി. ബ്ലാസിയൂസ് സി.എം.സി.യുടെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

07 താമരക്കുന്ന് ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

– കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് കോൺവെന്റിൽ പരേതയായ സി. ആൻസിറ്റ സി.എം.സി. ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

08 കുമളി സെന്റ് മൈക്കിൾസ് ബനഡിക്ടൈൻ കൺവെൻചൽ പ്രയറിയിൽ വി. കുർബാന അർപ്പിച്ചു.

– പാസ്റ്ററൽ സെന്ററിൽ ഇൻമേറ്റ്സ് ഗ്യാതറിംഗിൽ സംബന്ധിച്ചു.

10 കാക്കനാട് സഭാകാര്യാലയത്തിൽ ഡോക്ട്രിനൽ ഫോറത്തിന്റെ സമ്മേളനത്തിൽ പങ്കെടുത്തു.

– പൊടിമറ്റം ഇടവകയിൽ പരേതയായ സി. എവുജിൻ സി.എം.സി.യുടെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

11 കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവകയിൽ പരേതനായ കരിപ്പാപ്പറമ്പിൽ മൈക്കിൾ പൗലോസിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

– പാസ്റ്ററൽ സെന്ററിൽ കാഞ്ഞിരപ്പള്ളി രൂപതയിലെ ഇടവകകളിൽ സേവനമനുഷ്ഠിക്കുന്ന സമർപ്പിത വൈദികരുടെ സംഗമത്തിൽ സംബന്ധിച്ചു.

– കപ്പാട് ബെനഡിക്റ്റൈൻ ആശ്രമത്തിൽ വി. ബനഡിക്റ്റിന്റെ തിരുനാളാഘോഷത്തിൽ സംബന്ധിച്ചു.

- ആനക്കല്ല് ഇടവകയിൽ പുനരുദ്ധരിച്ച ദൈവാലയം പുനർകൂദാശ ചെയ്തു.
- പൊടിമറ്റം ഇടവകയിൽ പരേതനായ പാറടിയിൽ പി. എം. ജോണിയുടെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

12 വെളിച്ചിയാനി ഇടവകയിൽ കെ.സി.ബി.സി. ജീവസംരക്ഷണ സന്ദേശയാത്രക്കു നൽകിയ സ്വീകരണ സമ്മേളനത്തിൽ പങ്കെടുത്തു.

- പാസ്റ്ററൽ സെന്ററിൽ 'ജീവൻ 2024' കമ്മറ്റിയിൽ പങ്കെടുത്തു.

13 പാസ്റ്ററൽ സെന്ററിൽ സി.റ്റി.സി.യുടെ പുതിയ അദ്ധ്യയന വർഷം ഉദ്ഘാടനം ചെയ്തു.

- പാലമ്പ്ര സെന്റ് ജോസഫ് കോൺവെന്റിൽ പരേതയായ സി. റോമാന സി.എം.സി. ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.
- പാസ്റ്ററൽ സെന്ററിൽ സഹ്യാദ്രി ക്രെഡിറ്റ് സൊസൈറ്റിയുടെ വാർഷിക യോഗത്തിൽ സംബന്ധിച്ചു.
- കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് എച്ച്.എസ്. – ൽ കോർപ്പറേറ്റ് മെരിറ്റ് ഡേയിൽ പങ്കെടുത്തു.
- എസ്.എം.സി.സി.യുടെ ഓൺലൈൻ സമ്മേളനത്തിൽ പങ്കെടുത്തു.

14 ഇഞ്ചിയാനി സ്നേഹദീപത്തിൽ ഉമ്മൻചാണ്ടി അനുസ്മരണ സമ്മേളനത്തിൽ സംബന്ധിച്ചു.

- കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ ഒരു വിവാഹം ആശീർവദിച്ചു.
- കൂരോപ്പടയിൽ ചങ്ങനാശ്ശേരി അതിരൂപതാ എസ്.എം.വൈ.എം. സംഘടിപ്പിച്ച 'എൽപീദാ 2K24' യുവജനദിന സമ്മേളനത്തിൽ പങ്കെടുത്തു.
- ഏറ്റുമാനൂർ എസ്.എഫ്.എസ്. സെമിനാരിയിൽ പരേതനായ കല്ലാച്ചേരിൽ ജോസഫ് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

15 കാക്കനാട് സീറോ മലബാർ സഭാ കാര്യാലയത്തിൽ സീറോ മലബാർ ക്യാറ്റക്കെറ്റിക്കൽ കമ്മീഷന്റെ സമ്മേളനത്തിൽ പങ്കെടുത്തു.

16 പൊടിമറ്റം സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ പരി. കർമ്മല മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

– കാഞ്ഞിരപ്പള്ളി ഇൻഫന്റ് ജീസസ് സ്കൂളിൽ എച്ച്.ഡി.സി. യുടെ പുതിയ അദ്ധ്യയനവർഷം ഉദ്ഘാടനം ചെയ്തു.

– പാസ്റ്ററൽ സെന്ററിൽ വൈദികസമ്മേളനത്തിൽ സംബന്ധിച്ചു.

– പൊടിമറ്റത്ത് ഇൻഫാമിന്റെ കർഷകദിന ചടങ്ങിൽ പങ്കെടുത്തു.

– സീറോ മലബാർ ക്യാറ്റക്കെറ്റിക്കൽ കമ്മീഷന്റെ ഓൺലൈൻ സമ്മേളനത്തിൽ പങ്കെടുത്തു.

17 എഴുകുംവയൽ ഇടവകയിൽ പരേതനായ മണിമലക്കുന്നേൽ എം.പി. ജോസഫിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

– വള്ളക്കടവ് ഇടവകയിൽ പരേതനായ താന്നിക്കൽ ഔസേപ്പച്ചന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

– കോരുത്തോട് ഇടവകയിൽ പരേതയായ അറക്കപ്പറമ്പിൽ ലൂസി സെബാസ്റ്റ്യന്റെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

– പ്രവിത്താനത്ത് ദൈവദാസൻ മാർ മാത്യു കാവുകാട്ടിന്റെ ജന്മഗൃഹത്തിൽ വി. കുർബാനയർപ്പിച്ചു.

18 സഹ്യാദ്രി ക്രെഡിറ്റ് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് ബോർഡ് മീറ്റിംഗുകളിൽ സംബന്ധിച്ചു.

– സീറോ മലബാർ ക്യാറ്റക്കെറ്റിക്കൽ കമ്മീഷന്റെ പഠനപരമ്പരയിൽ പ്രഭാഷണം നടത്തി.

19 കോതമംഗലം രൂപതാ കുളപ്പുറം ഇടവകയിൽ പരേതയായ ഏനാനിക്കൽ റോസമ്മയുടെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

– മൈനർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികളുമായി സംവദിച്ചു.

20 പൊൻകുന്നം ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

– കാഞ്ഞിരപ്പള്ളി കത്തീദ്രലിൽ മനസമ്മതത്തിന് കാർമ്മികത്വം വഹിച്ചു.

20-21 പൊടിമറ്റം ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

21 പൊൻകുന്നം ആരാധനാമഠത്തിൽ പരേതയായ സി. ആൻ മരിയ എസ്.എ.ബി.എസ്. നുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

22 പാസ്റ്ററൽ സെന്ററിൽ ബ്രദർ പെരുനിലം മാത്യുവിന്റെ കാറോയൂസാ സ്വീകരണത്തിൽ കാർമ്മികത്വം വഹിച്ചു

– പുത്തൻകൊരട്ടി ഇടവകയിൽ പരേതനായ നെടുംതകിടി ബഹു. ജോസഫച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

– മുണ്ടക്കയം ഇടവകയിൽ പരേതനായ കൂട്ടിയാനിക്കൽ കുരുവിള കെ. തോമസിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

22-24 വാഴൂരിൽ 'ഇടയകൂടാര'ത്തിൽ സംബന്ധിച്ചു.

25 ഭരണങ്ങാനം വി. അൽഫോൻസാ തീർത്ഥാടന കേന്ദ്രത്തിൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

– കുന്നുംഭാഗം ഇടവകയിൽ പരേതനായ കരിപ്പാപറമ്പിൽ കെ.ടി. തോമസിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

– സീറോ മലബാർ ക്യാറ്റകെറ്റിക്കൽ കമ്മീഷന്റെ ഓൺലൈൻ പഠനപരമ്പരയുടെ സമാപന സമ്മേളനത്തിൽ സംബന്ധിച്ചു.

26 പാലമ്പ്ര സി.എം.സി. കോൺവെന്റിൽ വി. കുർബാന അർപ്പിച്ചു.

– പാലമ്പ്ര ഇടവകയിൽ സി.എം.ഐ. സന്യാസസമൂഹാംഗമായ പരേതനായ മഞ്ഞനാനിക്കൽ ജോസഫച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

27 ചിന്നാർ ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

– പാലമ്പ്ര ഇടവകയിൽ പരേതയായ ചോളിയിൽ ബഹു. സി. മരിറ്റ മാണി എസ്.സി.എസ്.സി. യുടെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

28 ഉളുപ്പൂണി ഇടവകയിൽ വി. കുർബാനയർപ്പിച്ച് പുതുതായി ക്രമീകരിച്ച മതബോധനകേന്ദ്രം വെഞ്ചരിച്ചു.

– ചേർപ്പുങ്കൽ ഇടവകയിൽ ഒരു ഭവനം വെഞ്ചരിച്ചു.

– സീറോ മലബാർ ക്യാറ്റക്കെറ്റിക്കൽ കമ്മീഷന്റെ പ്രഥമാധ്യാപകരുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

– ചെങ്ങളം ഇടവകയിൽ പരേതയായ താന്നിയ്ക്കൽ ത്രേസ്യാമ്മയുടെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

29 കാഞ്ഞിരപ്പള്ളി സെന്റ് മർത്താസ് കോൺവെന്റിൽ വി. കുർബാനയർപ്പിച്ചു.

– ഇടക്കുന്നം ഇടവകയിൽ പരേതനായ കൊച്ചുവയലിൽ കെ.കെ. തോമസിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

– കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ മാതൃവേദിയുടെ ജനറൽ ബോഡി സമ്മേളനത്തിൽ സംബന്ധിച്ചു.

– സീറോ മലബാർ ക്യാറ്റക്കെറ്റിക്കൽ കമ്മീഷന്റെ ഓൺലൈൻ സമ്മേളനത്തിൽ പങ്കെടുത്തു.

30 പാസ്റ്ററൽ സെന്ററിൽ നിലയ്ക്കൽ കമ്മിറ്റി സമ്മേളനത്തിൽ പങ്കെടുത്തു.

– വടവാതൂർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികളെ സന്ദർശിച്ചു.

31 വടവാതൂർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു.

**മാർ മാത്യു അറയ്ക്കൽ**
**ജൂലൈ 2024**

03 അന്യാർതൊളു സെന്റ് തോമസ് ദൈവാലയത്തിൽ വി. ബലിയർപ്പിച്ച് സന്ദേശമേകുകയും പുതുതായി നിർമ്മാണമാരംഭിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നടത്തുകയും ചെയ്തു.

– കുമളി ഇടവകയിൽ ദുക്റാനത്തിരുനാൾ ദിനത്തിൽ റാസ കുർബാന മദ്ധ്യേ വചനസന്ദേശം നല്കി, കുമളി ഇടവക യാഥാർഥ്യമാക്കുന്ന "സ്നേഹഭവന"ങ്ങളുടെ ആദ്യഘട്ടം (4 വീടുകൾ) ആശീർവദിച്ചു.

06 പൊടിമറ്റം സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ പരേതയായ ബഹു. സി. ബ്ലാസിയൂസ് സി.എം.സി. ക്കായി ഒപ്പീസ് പ്രാർത്ഥന നടത്തി.

– താമരക്കുന്ന് ഇടവകയിൽ പരേതനായ ചെറുതാനിക്കൽ അഗസ്റ്റിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

08 കത്തീഡ്രൽ ദൈവാലയത്തിൽ പരേതയായ ബഹു. സി. ആൻസിറ്റ സി.എം.സി.യുടെ മൃതസംസ്ക്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

10 പാലമ്പ്ര സി.എം.സി. കോൺവെന്റ് ചാപ്പലിൽ പരേതയായ ബഹു. എവുജിൻ സി.എം.സി. ക്കായി ഒപ്പീസ് പ്രാർത്ഥന നടത്തി.

– ഇളങ്ങുളം ദൈവാലയത്തിൽ ബഹു. ആന്റണി കൊച്ചാങ്കലച്ചന്റെ പരേതയായ സഹോദരിയുടെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് കാർമ്മികത്വമേകി.

13 പാലമ്പ്ര ദൈവാലയത്തിൽ പരേതയായ ബഹു. റൊമാനാ സി.എം.സിയുടെ മൃതസംസ്ക്കാരശുശ്രൂഷ പരികർമ്മം ചെയ്തു.

17 ബഹു. ജിൻസ് അറയ്ക്കപ്പറമ്പിൽ അച്ചന്റെ കോരുത്തോട്ടിലുള്ള ഭവനത്തിൽ പരേതയായ അമ്മയ്ക്കായി ഒപ്പീസ് പ്രാർത്ഥന നടത്തി.

– എഴുകുംവയൽ ദൈവാലയത്തിൽ ബഹു. മണിമലക്കുന്നേൽ ഫിലിപ്പ് അച്ചന്റെ പരേതനായ പിതാവിന്റെ മൃതസംസ്ക്കാര കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

21 പൊൻകുന്നം ആരാധനമഠത്തിൽ പരേതയായ ബഹു. സി. ആൻ മരിയ എസ്.എ.ബി.എസ്. നായി ഒപ്പീസ് പ്രാർത്ഥന നടത്തി.

22 മുണ്ടക്കയം ഇടവകയിൽ പരേതനായ കുറ്റിയാനിക്കൽ കുറുവച്ചന്റെ ഭവനത്തിലെത്തി ഒപ്പീസ് പ്രാർത്ഥന നടത്തി.

– പുത്തൻകൊരട്ടി ഇടവകദൈവാലയത്തിലെത്തി പരേതനായ ബഹു. ജോസഫ് നെടുംതകിടിയിൽ അച്ചന്റെ മൃതസംസ്ക്കാരകർമ്മത്തിൽ അഭിവന്ദ്യ പുളിക്കൽപിതാവിനൊപ്പം കാർമ്മികത്വം വഹിച്ചു.

26 പാലമ്പ്ര പള്ളിയിൽ പരേതനായ ബഹു. മഞ്ഞനാനിക്കലച്ചനുവേണ്ടി ഒപ്പീസ് പ്രാർത്ഥന നടത്തി.

– ഭരണങ്ങാനം തീർത്ഥാടനകേന്ദ്രത്തിൽ വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

# BISHOP'S ENGAGEMENTS
## MAR JOSE PULICKAL
## AUGUST - 2024

| Date | Programme | Place | Time |
|---|---|---|---|
| 1 | Students' formation programme | Kanjirapally | 10.00 am |
| 2 | Wings | Changanacherry | 9.00 am |
| 3 | Benefactors' Meet | Minor Seminary | 11.00 am |
| 4 | Holy Qurbana | Cathedral | 7.00 am |
| - | Family Gathering | Podimattom | 10.00 am |
| - | Anniversary, Vincent De Paul | Pastoral Centre | 12.00 pm |
| - | Wings | Changanacherry | 2.00 pm |
| - | Online Meeting, Catechetical Commission | | 8.30 pm |
| 5-9 | KCBC | | |
| 10 | Ordination | Karunapuram | 9.30 am |
| - | Holy Qurbana and Chapel Blessing | Nariampara | 4.00 pm |
| 11 | Meeting, Infarm | Kattappana | 2.30 pm |
| 12 | Inter Eparchial Meeting | Changanacherry | 10.00 am |
| 13 | Priests' Conference | | |
| 14 | Baptism | Kaliyar | 11.30 am |
| 15 | Baptism | Elamgulam | 4.00 pm |
| 17 | Holy Qurbana | Cheenikuzhy | 10.00 am |
| 17-18 | Pastoral Visit | Kappadu | |
| 19-31 | Syro Malabar Synod | Kakkanad | |
| - | Major Archiepiscopal Assembly | Pala | |



കാഞ്ഞിരപ്പള്ളി
അമല
കമ്യൂണിക്കേഷൻസ്
36-ാ മത് നാടകം
ON STAGES FROM 2024
AUG 15
THE PROTECTOR
THE STORY OF ST. JOSEPH
WRITTEN BY
HEMANTHKUMAR
PRODUCED BY
FR. JOSEPH KOCHUVEETTIL
DIRECTED BY
RAJESH IRULAM
FOR MORE DETAILS,
9447564084

# 2024 ആഗസ്റ്റ്
## കൈത്ത, ഏലിയാ – സ്ലീവ – മൂശെ കാലങ്ങൾ

| | | |
|---|---|---|
| 1 | വ്യാഴം | (പതിനഞ്ചുനോമ്പാരംഭം)<br>ഹെബ്രാ 12:18–29; ലൂക്കാ 17:20–33. |
| 2 | വെള്ളി | റോമാ 14:13–23; മർക്കോ 9:42–50. |
| 3 | ശനി | 2 കോറി 1:3–7; മത്താ 9:35–10:1. |
| 4 | ഞായർ | ✠ കൈത്താ അഞ്ചാം ഞായർ<br>ലേവ്യ 16:20–28; ഏശ 14:1–15;<br>യൂദാ 1:8–13; ലൂക്കാ 11:14–26. |
| 5 | തിങ്കൾ | വെളി 12:7–12; ലൂക്കാ 8:26–39. |
| 6 | ചൊവ്വ | നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം<br>പുറ 19:1–8+20:18–21; ശ്ലീഹ 1:15–26;<br>ഹെബ്രാ 12:18–29; മത്താ 17:1–9. |
| 7 | ബുധൻ | 1 തെസ 4:1–8; മത്താ 21:12–17. |
| 8 | വ്യാഴം | 1 കോറി 2:1–10; ലൂക്കാ 9:57–62. |
| 9 | വെള്ളി | 2 കോറി 6:1–10; യോഹ 16:25–33. |
| 10 | ശനി | ഫിലി 3:8–14; മത്താ 19:27–29. |
| 11 | ഞായർ | ✠ കൈത്താ ആറാം ഞായർ<br>ഉത്പ 8:1–11; ഉത്തമ 6:1–4;<br>വെളി 21:9–14; യോഹ 6:16–24. |
| 12 | തിങ്കൾ | എഫേ 5:22–33; മത്താ 16:13–20. |
| 13 | ചൊവ്വ | ശ്ലീഹ 4:32–37; ലൂക്കാ 12:22–34. |
| 14 | ബുധൻ | എഫേ 4:1–6; യോഹ 21:1–12. |
| 15 | വ്യാഴം | പ. ക. മറിയത്തിന്റെ സ്വർഗാരോപണം<br>ഇന്ത്യൻ സ്വാതന്ത്ര്യദിനം<br>പുറ 15:11–18; ശ്ലീഹ 1:6–14;<br>റോമാ 16:17–27 (16:1–27); യോഹ 2:1–12<br>(യോഹ 2:1– 12 + മത്താ 12:46–50+13:53–57<br>+ലൂക്കാ 11:27–28). |
| 16 | വെള്ളി | 2 കോറി 6:1–10; യോഹ 15:18–21, 16:1–4. |
| 17 | ശനി | 1 കോറി 12:12–27; മത്താ 18:15–20. |
| 18 | ഞായർ | ✠ കൈത്താ ഏഴാം ഞായർ<br>ഉത്പ 6:13–22; ജറെ 32:36–41;<br>യാക്കോ 4:1–10; മത്താ 6:19–24. |
| 19 | തിങ്കൾ | 1 കോറി 9:24–27; മർക്കോ 12:28–34. |
| 20 | ചൊവ്വ | 2 പത്രോ 1:1–11; ലൂക്കാ 12:13–21. |
| 21 | ബുധൻ | 1 തെസ 2:2–4; യോഹ 21:15–19. |
| 22 | വ്യാഴം | 1 കോറി 6:1–11; ലൂക്കാ 6:27–36. |
| 23 | വെള്ളി | 2 കോറി 9:6–15; മത്താ 19:13–24. |
| 24 | ശനി | 1 കോറി 12:27–31; ലൂക്കാ 6:12–19. |
| 25 | ഞായർ | ✠ ഏലിയാ സ്ലീവ മൂശെ ഒന്നാം ഞായർ<br>പുറ 34:28–35; 2 ദിന 5:11–14;<br>1 കോറി 15:35–50; മർക്കോ 9:2–13. |
| 26 | തിങ്കൾ | 1 കോറി 2:9–15; ലൂക്കാ 23:33–43. |
| 27 | ചൊവ്വ | 1 യോഹ 1:1–7; യോഹ 8:12–20. |
| 28 | ബുധൻ | 2 കോറി 5:14–21; മത്താ 5:13–19. |
| 29 | വ്യാഴം | ഫിലി 3:17–21; മത്താ 18:1–5. |
| 30 | വെള്ളി | 1 കോറി 15:12–22; യോഹ 11:17–27. |
| 31 | ശനി | 1 കോറി 15:50–58; മത്താ 22:23–33. |



Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654